കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാലാ മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി17/ 180/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/03/2025
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പാലാ മുനിസിപ്പാലിറ്റി

സർ,

വിഷയം : പാലാ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലാ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് കോട്ടയം
3.കാര്യാലയപ്രതി

നമ്പർ: കെഎസ്എകെടിഎം പി17/ 180/2025 തീയ്യതി: 27/03/2025

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 31-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 66 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 32 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സാബു സി ജോർജ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	13-01-2025	24-01-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-01-2025	24-01-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സുലത ഡി , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സജി പി ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സാറമ്മ ജോൺ ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജയശ്രീ പി ജി ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ആൽബിൻ സിറിയക് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.കൃഷ്ണപ്രിയ എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.നിധിൻ കുമാർ പി.വി,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ജോസിൻ ബിനോ	ചെയർപേഴ്സൺ	01-04-2023	19-01-2024
ശ്രീ.ഷാജു. വി തുരുത്തൻ	ചെയർമാൻ	20-01-2024	31-03-2024
ശ്രീ.ജൂഹി മരിയ ടോം	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ.സതീഷ്കുമാർ ജി	ഹെൽത്ത് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ.സിയാദ് എ	അസി. എക്സിക്യൂട്ടീവ് എൻജിനീയർ	01-04-2023	31-03-2024
ശ്രീ,സാം മാത്യു സാബു	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2023	31-03-2024
ശ്രീമതി.ജ്യോതി എസ് കുമാർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. സാജൻ ചെറിയാൻ	ചീഫ് മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2023	31-03-2024
ശ്രി.ശ്രീകണ്ഠൻ എസ്.എസ്	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ	01-06-2023	31-03-2024
ശ്രീ.ചന്ദ്രൻ പി	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	28-02-2024
ഡോ. ഷമ്മി രാജൻ	സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ	01-04-2023	25-10-2023
ഡോ.അഭിലാഷ് റ്റി.പി	സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ	02-03-2024	31-03-2024
ശ്രീ,കമറുദ്ദീൻ എൻ ഐ	അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ	01-04-2023	31-05-2023
ശ്രീ സാജൻമോൻ കെ ആന്റണി	സീനിയർ വെറ്ററിനറി സർജൻ	01-04-2023	31-03-2024
ശ്രീമതി.നിഷമോൾ എ.വി	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	01-03-2024	31-03-2024
ഡോ.പ്രശാന്ത് എൽ ആർ	സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ	26-10-2023	01-03-2024
ഡോ.അമ്പിളി കുമാരി റ്റി	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	01-04-2023	26-06-2023
ഡോ.ബിനോജ് കെ ജോസഫ്	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	27-06-2023	20-08-2023
ഡോ.ബിന്ദു എം	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	21-08-2023	01-01-2024
ഡോ.അനിത വർഗ്ഗീസ്	ചീഫ് മെഡിക്കൽ ഓഫീസർ,ആയുർവേദം	02-01-2024	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്യുമ്പോൾ വ്യത്യാസം കാണുന്നു	1-1-1
3	കെ- സ്മാർട്ടിൽ നിലവിൽ റിക്കൺസിലിയേഷൻ ടൂൾ ഇല്ല.	1-1-2
4	ബാലൻസ് ഷീറ്റിൽ എല്ലാ ഷെഡ്യൂളുകളും പ്രതിഫലിക്കുന്നില്ല	1-1-3
5	കെ സ്മാർട്ട് ആപ്ലിക്കേഷനിലൂടെ ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ പൂർണ്ണമായ പ്രാപ്യത (Independent And Complete Access)നിലവിൽ ഓഡിറ്റർമാർക്ക് ലഭ്യമാകുന്നില്ല.	1-1-4
6	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല	1-1-5
7	മൂലധനനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല	1-1-6
8	ഹെൽത്ത് ഗ്രാന്റ് - തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു	1-1-7
9	പ്രത്യക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല	1-1-8
10	വായ്പാ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-9
11	നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-10
12	വായ്പാ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-11
13	ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല	1-1-12
14	വിവിധ വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-13
15	ബി-15 ഷെഡ്യൂളിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല	1-1-14
16	മുൻകാലത്തേയ്ക്കുള്ള അക്കൗണ്ടിങ്ങ് ക്രമീകരണം- കൃത്യത വ്യക്തമല്ല.	1-1-15
17	മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല	1-1-16
18	സിവിൽ വർക്കിനുള്ള ഡെപ്പോസിറ്റ്-ബി-8 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.	1-1-17
19	ഓഡിറ്റ് റിക്കവറി തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.	1-1-18
20	സ്ഥിര നിക്ഷേപം - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല - നീക്കിയിരിപ്പ് തുകയിലെ അപാകത	1-1-19
21	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.	1-1-20
22	ലൈബ്രറി സെസ്സ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല	1-1-21
23	വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്.	1-1-22
24	ലൈസൻസ് - 2024-25 വർഷത്തേയ്ക്കുള്ള മുൻകൂർ തുക B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല	1-1-23
25	ആസ്തികളുടെ മൂല്യശോഷണം - വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല	1-1-24
26	ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) നീക്കിയിരിപ്പ് കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല	1-1-25
27	ബജറ്റ്	1-2
28	സാമ്പത്തിക വിശകലനം	1-3
29	ഫണ്ട് വിനിയോഗം	1-4
30	വാർഷികപദ്ധതി	1-5
31	ആഭ്യന്തര നിയന്ത്രണം	1-6
32	ക്ഷേമപദ്ധതികൾ	1-7
33	ക്യാഷ് ബാലൻസ് പരിശോധന	1-8
34	അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി	1-9
35	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
36	ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല.	1-11
37	ശബരിമല സ്പെഷ്യൽ ഗ്രാന്റ്- വിനിമയ രീതിയിൽ അപാകം	1-12-1
38	വിനിമയമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും തുക ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.	1-12

39	എസ് സി പി ഫണ്ട്- വിനിയോഗലക്ഷ്യം കൈവരിച്ചില്ല - പരിഹാര വകയിരുത്തലിന്റെ ഭാഗമായി 2024-25 വർഷം പൊതുവിഭാഗം ഫണ്ട് നഷ്ടം	1-13-1
40	അംഗീകാരം കിട്ടിയ 96 റോഡ്പ്രവൃത്തികൾ നടപ്പായില്ല- മെയിന്റനൻസ് ഫണ്ട് വിഹിതം 1.36കോടിയിലധികം രൂപ നഷ്ടമായി	1-13-2
41	പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-13
42	നഗരസഭയുടെ സാമ്പത്തികസ്ഥിതിയുടെ വിശകലനം-ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി വെളിപ്പെടുത്തുന്നു.	1-14
43	സേവനവിരാമ ആനുകൂല്യങ്ങളുടെ വിതരണത്തിലും പ്രതിമാസ പെൻഷൻ വിതരണത്തിലും നേരിടുന്ന വെല്ലുവിളികൾ .	1-15
44	വസ്തു നികുതിയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു	1-16
45	പുതിയ നികുതിനിരക്കുകൾ വിജ്ഞാപനം ചെയ്തതിനുശേഷവും ആയത് പ്രാബല്യത്തിലാക്കുന്നതിൽ വീഴ്ച	1-17
46	വസ്തുനികുതി നിർണ്ണയം - തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് പരിഗണിക്കാത്തതുമൂലം നികുതിനഷ്ടം	1-18
47	ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം	1-19
48	ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു	1-20
49	മൊബൈൽ ടവറുകളുടെ വസ്തു നികുതി -ഭീമമായ കുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ ഭരണതലനടപടികൾ സ്വീകരിച്ചിട്ടില്ല	1-21
50	കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച	1-22
51	സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല-സമഗ്രമായ ഡാറ്റബേസ് സൂക്ഷിച്ചിട്ടില്ല	1-23
52	ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായി ഈടാക്കുന്നതിൽ വീഴ്ച	1-24
53	മുറികൾ വാടകയ്ക്ക് നൽകൽ-ചട്ടങ്ങൾ പാലിക്കുന്നതിലും രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്നതിലും വീഴ്ച	1-25
54	വാടക വർദ്ധനവ് വരുത്തിയില്ല	1-26
55	വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സിലെ മുറികൾ എന്നിവ വാടകക്ക് നൽകിയിട്ടില്ല.	1-27
56	വാടക കുടിശ്ശിക ഇനത്തിൽ 30 ലക്ഷത്തിലേറെ രൂപ ഈടാക്കാനവശേഷിക്കുന്നു.	1-28
57	ലേലം - രേഖകൾ ലഭ്യമാക്കിയിട്ടില്ല	1-29
58	വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- റഗുലേറ്ററി ചട്ടങ്ങൾപാലിക്കുന്നതിൽ വീഴ്ച	1-30
59	ലൈബ്രറി സെസ് ഇനത്തിലുള്ള വരവ് നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കുന്നില്ല	1-31
60	മഴക്കാലപൂർവ്വ ശുചീകരണം - അനുവദിക്കപ്പെട്ട തുക വിനിയോഗിക്കുന്നതിൽ വീഴ്ച്ച-അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു	1-32
61	സ്വയം തൊഴിലിനായി സബ്സിഡി നൽകിയ തുക തിരിച്ചടച്ചത് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.	1-33
62	മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിടനിർമ്മാണം- നഗരസഭയ്ക്ക് വൻ ബാദ്ധ്യത	1-34
63	തെരുവ് വിളക്കുകൾക്ക് എ എം സി - പ്രോജക്ട് നിർവ്വഹണത്തിലും തുക ചെലവഴിക്കുന്നതിലും സുതാര്യതയില്ല.	1-35
64	വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മെയിന്റനൻസ്- ഷീറ്റ് റൂഫിംഗ് പൊളിഞ്ഞ നിലയിൽ	1-36
65	വാർഡ് 14 ജയാ റോഡ് സംരക്ഷണഭിത്തി നിർമ്മാണം- പൊളിച്ചുമാറ്റിയ കല്ലിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല.	1-37
66	നഗരസഭയുടെ വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ- അപാകതകൾ	1-38
67	ജി- ബിൻ വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയോ കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല	1-39
68	ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകിയ അക്കൌണ്ട് നമ്പർ അപേക്ഷയിലെ അക്കൌണ്ട് നമ്പറുമായി പൊരുത്തപ്പെടുന്നില്ല	1-40
69	കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകകളുടെ പ്രവർത്തി പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-41

70	നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യുരേഖകൾ പ്രകാരം പോക്കുവരവ് ചെയ്ത് നഗരസഭയുടേതാക്കി മാറ്റിയില്ല.	1-42
71	ദേശീയ ചേരി നിർമ്മാർജ്ജനം - വായ്പാ തിരിച്ചടവ് - തുടർ നടപടി സ്വീകരിക്കാത്തത് മൂലം അനിശ്ചിതാവസ്ഥ	1-43
72	ഭവന പുനരുദ്ധാരണം- പൂർത്തിയാക്കിയിട്ടില്ല	1-44
73	മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ - തുക പൂർണ്ണമായി ചെലവഴിക്കാതെ സുലേഖയിൽ ചെലവായി കണക്കാക്കിയിരിക്കുന്നു	1-45-1
74	ഹെൽത്ത് ഗ്രാന്റ് വകയിരുത്തി സെക്രട്ടറിക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.	1- 45-2
75	പോളി ഡെന്റൽ ക്ലനിക് ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കൽ- പ്രവൃത്തി ആരംഭിച്ചിട്ടില്ല.	1-45-3
76	360''എൻസിഡി കെയർസെന്റർ അടിസ്ഥാനസൗകര്യമൊരുക്കൽ- കാര്യക്ഷമമല്ലാത്ത പ്രോജക്ട് നിർവ്വഹണം	1-45-4
77	ഹെൽത്ത് ഗ്രാന്റ്- 1.38 കോടിയിലധികം രൂപയുടെ പ്രോജക്ട് ചെലവ് അക്കൗണ്ട് ട്രാൻസ്ഫറിൽ പരിമിതപ്പെട്ടു	1-45
78	മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു	1-46
79	കെ-സ്മാർട്ട് സമഗ്ര ഇ- ഗവേണൻസ് സംവിധാനം ഏർപ്പെടുത്തൽ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഫയൽ സൂക്ഷിപ്പ് , സ്റ്റോക്ക് എൻട്രിയിലെ അപാകതകൾ	1-47
80	മുനിസിപ്പൽ ഓഫീസ് നവീകരണം വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കൽ- പൂർത്തീകരിച്ചിട്ടില്ല	1-48
81	അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല -തുകകളുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല	1-49
82	വെൽനസ് സെന്റർ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധം പ്രവർത്തനമാരംഭിച്ചിട്ടില്ല.	1-50
83	ഡെപ്പോസിറ്റ് റീഫണ്ട് - തുടർനടപടികളുടെ വിവരങ്ങളില്ല.	1-51
84	ബാരൽ വിലയും ജി.എസ്.ടിയും തനത്ഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- അതത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.	1-52
85	അമൃത് പദ്ധതി - അവലോകനം	1-53
86	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ	1-54
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പാലാ നഗരസഭയുടെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.07.2024 തീയതിയിലെ 21-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 25.09.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാലാ നഗരസഭയുടെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്യുമ്പോൾ വ്യത്യാസം കാണുന്നു

നഗരസഭകളിൽ ഓൺലൈൻ പ്രവർത്തനസംവിധാനമായ കെ - സ്മാർട്ട് വിന്യസിച്ചത് 01/01/2024 ൽ ആയതിനാൽ 2023-24 ലെ വാർഷികകണക്ക് 31/12/2023 വരെ ലോക്കൽ സാംഖ്യയിലും തുടർന്ന് 01/01/2024 മുതൽ 31/03/2024 വരെ കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തും ആണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ വിവിധ വരവിനങ്ങളുടെ ലോക്കൽസാംഖ്യപ്രകാരമുള്ള തുകയുടേയും കെ-സ്മാർട്ട് ഡേറ്റ പ്രകാരമുള്ള തുകയുടേയും ആകെത്തുകയല്ല വാർഷികധനകാര്യപത്രികയിൽ പ്രതിഫലിച്ചുകാണുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	വാർഷികകണക്കുകൾ പ്രകാരം 31/03/24 ലെ തുക	31/12/23 വരെ ലോക്കൽ സാംഖ്യ മുഖേനയുള്ള തുക	01/01/2024 മുതൽ 31/03/24 വരെ കെ - സ്മാർട്ട് പ്രകാരമുള്ള തുക	ആകെ

	(1)	(2)	(3)	(2) + (3)
Professional Tax - Employees	11137700	4524462	5613368	10137830
Entertainment Tax	4546970	3341403	812302	4153705
Property Tax (Current)	21221522	11302636	8583773	19886409
Licence Fees (Curernt)	945605	6500	26500	33000
Rent From Buildings (Current)	12048651	8038452	3351519	11389971

ഏതാനും വരവിനങ്ങൾ മാത്രം പരിശോധിച്ചപ്പോൾ ആണ് ഇത്തരം വ്യത്യാസങ്ങൾ ശ്രദ്ധയിൽപെട്ടത്. ചെലവിനങ്ങളിലും വരവിനങ്ങളുടെ ഡിമാൻഡിലും ഇപ്രകാരം വ്യത്യാസം സംഭവിച്ചിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

1-1-2 കെ- സ്മാർട്ടിൽ നിലവിൽ റിക്കൺസിലിയേഷൻ ടൂൾ ഇല്ല.

01/04/2024 മുതൽ ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ മാനുവലായി തയ്യാറാക്കിയിട്ടില്ല. കെ-സ്മാർട്ടിൽ ഓട്ടോ റിക്കൺസിലിയേഷൻ നിലവിൽ വന്നതിനു ശേഷം റിക്കൺസിലിയേഷൻ നടത്തും എന്നാണ് അക്കൗണ്ടിംഗ് വിഭാഗം അറിയിച്ചത്. റിക്കൺസിലിയേഷൻ ടൂൾ സജ്ജമാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ മാനുവൽ റിക്കൺസിലിയേഷൻ നടത്തേണ്ടത് അനിവാര്യമാണ്.

1-1-3 ബാലൻസ് ഷീറ്റിൽ എല്ലാ ഷെഡ്യൂളുകളും പ്രതിഫലിക്കുന്നില്ല

കെ സ്മാർട്ടിൽ നിലവിൽ ലഭ്യമായ ബാലൻസ് ഷീറ്റിൽ B1 (മുനിസിപ്പൽ ജനറൽ ഫണ്ട്), B2 (ഇയർമാർക്ക്ഡ് ഫണ്ട്), B3 (റിസർവ്) ഷെഡ്യൂളുകൾ പ്രതിഫലിക്കുന്നില്ല.

1-1-4 കെ സ്മാർട്ട് ആപ്ലിക്കേഷനിലൂടെ ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ പൂർണ്ണമായ പ്രാപ്യത (Independent And Complete Access)നിലവിൽ ഓഡിറ്റർമാർക്ക് ലഭ്യമാകുന്നില്ല.

പരിമിതമായ പരിശോധനയ്ക്കാവശ്യമായ ലോഗിൻ പ്രിവിലേജ് മാത്രമാണ് നിലവിൽ ഓഡിറ്റർമാർക്ക് ലഭ്യമായിട്ടുള്ളത്. ഓഡിറ്റർ ലോഗിനിലൂടെ ഫയൽ സേർച്ച് ഓപ്ഷനും ,വിവിധ ഫോറങ്ങൾ പരിശോധിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമില്ല. ഓഡിറ്റ് പരിശോധനയേയും ഉറപ്പാക്കലിനേയും പ്രസ്തുത സാഹചര്യം പരിമിതപ്പെടുത്തിയിട്ടുണ്ട്.
ഉദാ: വസ്തു നികുതി പരിശോധിക്കുമ്പോൾ പ്രസ്തുത സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ചതിൽ ഓരോ കെട്ടിടത്തിന്റെ ഫയലുകളും പ്രത്യേകം ഓപ്പൺ ചെയ്താൽ മാത്രമേ നിലവിൽ പരിശോധന സാധ്യമാകുന്നുള്ളൂ. കെട്ടിടത്തിന്റെ തരം, ഉപയോഗക്രമം തുടങ്ങിയ പരിശോധനാ രീതികൾക്കനുസരിച്ച് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളെ തരം തിരിക്കുന്നതിനോ പരിശോധിക്കുന്നതിനോ ഉള്ള സൗകര്യം നിലവിലില്ല.

1-1-5 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമായിട്ടില്ല

സാംഖ്യ-കെസ്മാർട്ട് ഇന്റഗ്രേഷൻ-ഡാറ്റ പോർട്ടിങ്ങിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം 31-03-24 പ്രകാരമുള്ള ആസ്തി ബാധ്യതാ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല. 01-01-2024 പ്രാബല്യത്തിൽ കെ സ്മാർട്ട് മൊഡ്യൂളുകൾ വിന്ന്യസിച്ചപ്പോൾ ആസ്തി ബാധ്യതാ ശീർഷകങ്ങളിൽ താൽക്കാലികമായി മുന്നിരിപ്പ് മൂല്യം പൂജ്യം എന്ന് കണക്കാക്കി തുടർന്ന് 01-04-23 മുതൽ 31-12-2023 വരെ നിലനിന്നിരുന്ന സാംഖ്യയുമായി പോർട്ട് ചെയ്തപ്പോൾ പല ശീർഷകങ്ങളും അക്കൗണ്ട് കോഡുകളും പൊരുത്തപ്പെടാത്തതിനാലും പോർട്ട് ചെയ്ത ഡാറ്റ ശരിയായി യോജിക്കപ്പെടാത്തത് മൂലവും ഇരട്ടിപ്പും ഡാറ്റ നഷ്ടവും കൃത്യമായ റെക്കൺസിലിയേഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്.പ്രയോഗതലത്തിലെ പ്രസ്തുത അപാകതയ്ക്ക് പുറമെ സ.ഉ.(എം.എസ്) 152/2011/തസ്വഭവ/26.07.2011 ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടുമില്ല. നഗരസഭ കാലാകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ 31-03-2024 ലെ ആസ്തി ബാധ്യതാ മൂല്യനിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല.
കൂടാതെ വിവിധങ്ങളായ ആസ്തികളുടെ മൂല്യത്തിലുണ്ടാകുന്ന വർദ്ധനവും മൂല്യശോഷണവും കണക്കിലെടുത്തതിന് ശേഷമുള്ള വർഷാവസാനത്തെ ആസ്തി മൂല്യം (31-03-24 പ്രകാരമുള്ളത്) കൃത്യമായി തിട്ടപ്പെടുത്തിയിട്ടുമില്ല. സുസ്ഥിര ആസ്തികളിന്മേലുള്ള തേയ്മാന ചെലവുകൾ (Depreciation) അതത് ആസ്തികളുടെ വർഷാവസാന മൂല്യത്തിൽ ക്രമീകരിച്ച് കാണിക്കാതെ പ്രത്യേക ഇനമായി ഉൾപ്പെടുത്തിവരുന്നതിനാൽ നാളിതുവരെയുള്ള സഞ്ചിത തേയ്മാനച്ചെലവ് (Accumulated Depreciation) ആസ്തി

മൂല്യത്തിൽ അധികമായാൽപ്പോലും ശ്രദ്ധിക്കപ്പെടാതെ പോകാനുള്ള സാധ്യത നിലനിൽക്കുന്നു.

1-1-6 മൂലധനനിക്ഷേപങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട മൂലധനനിക്ഷേപങ്ങൾ(ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ) പ്രസ്തുത ഫണ്ടുകളിൽ നിന്ന് പുതിയതായി ആസ്തികൾ ആർജ്ജിക്കുന്നതിന് വേണ്ടിയോ നിലവിലുള്ള ആസ്തി മൂല്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയോ ചെലവഴിച്ചതിന് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളിൽ നിന്നുള്ള റവന്യൂ മൂലധനച്ചെലവുകൾ വേർതിരിച്ച് രേഖപ്പെടുത്തി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ചെലവ് ആയി കാണിച്ചിട്ടുള്ള തുകയെ സാധൂകരിക്കുന്ന രജിസ്റ്ററും വിശദാംശങ്ങളും നഗരസഭയിൽ ലഭ്യമല്ല.

1-1-7 ഹെൽത്ത് ഗ്രാന്റ് - തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു

ഹെൽത്ത് ഗ്രാന്റുകളുടെ വിനിമയത്തിനായി കാനറാ ബാങ്കിൽ 2 അക്കൗണ്ടുകൾ നിലവിലുണ്ട്. (അക്കൗണ്ട് നം.110048958180, 110048960090 എന്നിവ) ഇതിൽ 110048958180 നമ്പർ അക്കൗണ്ടിൽ 31.03.24 ൽ 5619169 രൂപയും 110048960090 അക്കൗണ്ടിൽ 31.03.24 ൽ 2383173 രൂപയും നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് B4 ഷെഡ്യൂളിൽ ആയവ യഥാക്രമം Fund For Transferred Institution – Health (Capital) , Fund For Transferred Institution – Ayurveda (Capital) എന്നീ ശീർഷകങ്ങളിൽ ചേർത്ത് തെറ്റായ ബാധ്യതാ കണക്കിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-8 പ്രത്യക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-4 ഷെഡ്യൂളിലെ 31-03-2024 ലെ നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. (ടി ഇനത്തിൽ 31-3-24 ലെ ബാധ്യത തുക 4.4 കോടി രൂപയാണ്)

1-1-9 വായ്പാ രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

കെ യു ആർ ഡി എഫ് സി വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അടവാക്കിയ തുകയുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നത്. ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള മുന്നിരിപ്പ്തുകയും , വാർഷികകണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. മുന്നിരിപ്പ് , വരവ് , നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ കൂടി ചേർത്ത് ലോൺ രജിസ്റ്റർ പൂർണ്ണമാക്കി സൂക്ഷിക്കേണ്ടതാണ്. ലൈഫ് – പി എം എ വൈ വായ്പ , അൺസെക്കേർഡ് ലോൺ വിശദാംശങ്ങൾ മുതലായവ രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

1-1-10 നിക്ഷേപ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നഗരസഭ ഫണ്ടിൽ നിലനിൽക്കുന്ന വിവിധ നിക്ഷേപ തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെല്ലാം പ്രസ്തുത അപാകത പരാമർശിച്ചിരുന്നുവെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിക്കാൻ അക്കൗണ്ടിംഗ് വിഭാഗം തയ്യാറായിട്ടില്ല. കൃത്യമായ മുന്നിരിപ്പ്, തൻവർഷ വിശദാംശങ്ങൾ എന്നിവയുടെ അഭാവത്തിൽ കാലഹരണപ്പെട്ട നിക്ഷേപങ്ങൾ നഗരസഭ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനോ തിരികെ നൽകുന്ന നിക്ഷേപത്തുകകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനോ സാധിക്കില്ല.

1-1-11 വായ്പാ നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

B-5 ഷെഡ്യൂൾ Secured Loans നീക്കിയിരിപ്പ് 70381584 രൂപയാണ്. എന്നാൽ B-16 Prepaid Expense ആയി ചേർത്തിരിക്കുന്നത് 9773332 രൂപയാണ് . ഷെഡ്യൂളുകൾ തമ്മിലുള്ള വ്യത്യാസം വിശദീകരിച്ചിട്ടില്ല . ലോൺ ഇനത്തിലെ വർഷാവസാനബാധ്യതയുടെ കൃത്യമായ വിവരം നിർണ്ണയിച്ച് രജിസ്റ്റർ ആധികാരികമാക്കിയിട്ടില്ല (ഖണ്ഡിക 4-5കൂടി കാണുക).

1-1-12 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

തൻവർഷം പാർട്ട് ബിൽ നൽകിയതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസായി ബി-11 ഷെഡ്യൂളിൽ നിലനിൽക്കുന്ന നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

1-1-13 വിവിധ വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

വിവിധ വരവിനങ്ങളുടെ ഡി.സി.ബി. തയ്യാറാക്കി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ബി-15 ഷെഡ്യൂളിലെ ലഭിക്കാനുള്ള വരവുകളുടെയും വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാൻഡ് , വരവ് തുകകളുടെയും കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-14 ബി-15 ഷെഡ്യൂളിൽ കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത

നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല

B15 ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന കുടിശ്ശിക തുകകൾ ഏത് വരവിനങ്ങളുടെയാണെന്നും ഏതു വർഷം മുതൽ കുടിശ്ശികയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

ഇനം	തുക (രൂപ)
431300299 , Receivables For Other Fees (Arrears)	2228961
431409901 , Other Receivable (Current)	12089539
431409902 , Other Receivable(arrears)	75720065

1-1-15 മുൻകാലത്തേയ്ക്കുള്ള അക്കൗണ്ടിങ്ങ് ക്രമീകരണം- കൃത്യത വ്യക്തമല്ല.

അടിസ്ഥാന രേഖകളുടെ അഭാവത്തിൽ I-18 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന മുൻകാലത്തേയ്ക്കുള്ള അക്കൗണ്ടിങ്ങ് ക്രമീകരണങ്ങളുടെ (Prior Period Accounting) കൃത്യത ഉറപ്പാക്കാനാകുന്നില്ല.

1-1-16 മുൻകൂർ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

മുൻകൂർ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ബി-18 ഷെഡ്യൂളിൽ 31-3-24 പ്രകാരം അവശേഷിക്കുന്ന മുൻകൂറുകളുടെ (71.90 ലക്ഷം രൂപ) കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

1-1-17 സിവിൽ വർക്കിനുള്ള ഡെപ്പോസിറ്റ്-ബി-8 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ സിവിൽ വർക്കുകൾക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വർഷാവസാനം ക്രമീകരിക്കാനുള്ള തുക എന്ന നിലയിൽ ബി-8 ഷെഡ്യൂളിൽ Deposit Works-Civil Works എന്ന ഹെഡ്ഡിൽ 31-03-2024 ൽ നിലനിൽക്കുന്ന നീക്കിയിരിപ്പ് തുകയുടെ(343037/-രൂപ) കൃത്യത ലഭ്യമല്ല. പ്രസ്തുത തുക ഏത് വർഷം ഡെപ്പോസിറ്റ് ചെയ്തതാണെന്നും ഏത് പ്രവൃത്തിക്ക് വേണ്ടിയാണെന്നും നിർണ്ണയിച്ച് ഓരോ വർഷത്തേയും വിനിയോഗ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ കൃത്യതയോടു കൂടി രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-1-18 ഓഡിറ്റ് റിക്കവറി തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.

ഓഡിറ്റ് റിക്കവറി ഇനത്തിൽ B-9 ഷെഡ്യൂളിൽ 350200125 ശീർഷകത്തിൽ ബാധ്യതയായി ചേർത്തിരിക്കുന്ന 6000 രൂപ 2016-17 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടേണ്ടതാണ്.

1-1-19 സ്ഥിര നിക്ഷേപം - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല - നീക്കിയിരിപ്പ് തുകയിലെ അപാകത

15/06/22 മുതൽ 15/06/24 വരെയുള്ള കാലയളവിലെ നീക്കിയിരിപ്പാണ് (രണ്ട് വർഷങ്ങളിലെ പലിശയായ 12046 രൂപ ഉൾപ്പെടുത്തി) വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ നിക്ഷേപകാലയളവ് പൂർത്തീകരിച്ച 15/06/23 എന്ന തീയതിപ്രകാരമുള്ള നീക്കിയിരിപ്പുതുകയാണ് 31-3-24-ലും നീക്കിയിരിപ്പായി അവശേഷിക്കുന്നത്. പ്രസ്തുത തുകയാണ് 31-3-24-ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. പ്രസ്തുത കാലയളവിലെ സ്ഥിരനിക്ഷേപസർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 31-3-24-ലെ സ്ഥിതി പരിശോധിക്കുന്നതിന് ആവശ്യമായ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപരജിസ്റ്റർ എന്നിവ ലഭ്യമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. പൂർണ്ണമായ കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

1-1-20 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സബ്സിഡിയറി കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-21 ലൈബ്രറി സെസ്സ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സിന്റെ വിനിമയം രേഖപ്പെടുത്തുന്ന ഫയൽ പരിശോധിച്ചതിൽ 2020-21 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ 5249616/- രൂപയാണ് ഈയിനത്തിൽ അടവാക്കാൻ അവശേഷിക്കുന്നത്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 6375556.40/- രൂപയാണ് ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്. വ്യത്യാസം (6375556.40 – 5249616 = 1125940.40 രൂ) വിശദീകരിക്കപ്പെട്ടിട്ടില്ല.

1-1-22 വേറിട്ട് സൂക്ഷിക്കേണ്ട ഫണ്ടുകളിൽ നിന്നുള്ള ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്നത് മൂലമുള്ള തെറ്റായ അക്കൗണ്ടിങ്ങ്.

നഗരസഭയുടെ തനത് ഫണ്ടുമായി ഇടകലർത്താതെ വേറിട്ട് സൂക്ഷിക്കേണ്ട പെൻഷൻ ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതായ പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നേരിട്ട് ചെലവഴിച്ച് തെറ്റായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്നു. റഗുലർ/കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ അംശദാനം ഒടുക്കുന്ന ഇനത്തിലെ ചെലവ് കണക്കുകൾ അക്കൗണ്ട് ചെയുന്നതിനുള്ള അക്കൗണ്ട് ഹെഡുകൾ മാത്രമാണ് വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടുള്ളത്. (പെൻഷൻ ചെലവുകൾ തനത് ഫണ്ടിൽ നിന്നും നിർവ്വഹിക്കപ്പെടാവുന്ന ഒരിനമല്ലാത്തതിനാൽ). എന്നാൽ നഗരസഭയുടെ ശോചനീയമായ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ വർഷങ്ങളായി കൃത്യമായി പെൻഷൻ അംശദാനം ഒടുക്കുകയോ പെൻഷൻ ഫണ്ടുകൾ വേറിട്ട് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. വിവിധ മാനദണ്ഡങ്ങൾപ്രകാരം സർക്കാർവിഹിതമായി ലഭ്യമാക്കുന്ന ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും പ്രതിമാസ പെൻഷൻതുകകൾ വിതരണം ചെയ്യുന്നതിനുള്ള സർക്കാർ അനുമതി ഒരു താൽക്കാലിക ക്രമീകരണം മാത്രമാണ്. ഇപ്രകാരം ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നും പെൻഷൻ വിതരണത്തിനായി ചെലവഴിക്കുന്ന തുക മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭിക്കുന്നമുറയ്ക്ക് ക്രമീകരിക്കാനുള്ള മുൻകൂർ എന്ന നിലയിലാണ് പരിഗണിക്കേണ്ടത്. ആയതിനാൽ പെൻഷൻഫണ്ടിൽനിന്നും ലഭിക്കാനുള്ളതായി കണക്കാക്കിയിട്ടുള്ള വിഹിതം ബാലൻസ് ഷീറ്റിൽ തനത് ഫണ്ടിലേയ്ക്കുള്ള റിസീവബിൾ ആയി ആസ്തിയിൽ ഉൾപ്പെടുത്താൻ കഴിയില്ല. (ആയത് പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയായതിനാൽ.) പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള തുകയുടെ ബാധ്യത പെൻഷൻ ഫണ്ടിന്റെ ബാധ്യതയായി കണക്കാക്കപ്പെടേണ്ട തുക ആയതിനാൽ തനത് ഫണ്ടിന്റെ ബാധ്യതയായും കണക്കാക്കാൻ കഴിയില്ല. നഗരസഭയിൽ തനത് ഫണ്ടിൽ നിന്നും നേരിട്ട് നിർവ്വഹിക്കുന്ന പെൻഷൻ ചെലവുകൾ പെൻഷൻ അംശദാനം ഇനത്തിലെ ചെലവ് കാണിക്കേണ്ട അക്കൗണ്ട് ഹെഡിലാണ് ഉൾപ്പെടുത്തി വരുന്നത്. ഇക്കാരണത്താൽ പെൻഷൻ അംശദാനം ഇനത്തിൽ മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്കും നഗരസഭയിൽ തന്നെ സൂക്ഷിക്കേണ്ട മുനിസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേയ്ക്കും ഒടുക്കാൻ അവശേഷിക്കുന്ന തുക കൃത്യമായി നിർണ്ണയിച്ച് ബാധ്യത കണക്കിൽ ഉൾപ്പെടുത്തുന്നതിനും സാധിച്ചിട്ടില്ല. സമാനമായ സാഹചര്യം മറ്റ് നഗരസഭകളിലും നിലനിൽക്കുന്നതിനാൽ ഇത് പാലാ നഗരസഭയിൽ മാത്രം നിലനിൽക്കുന്ന ഒരു ഒറ്റപ്പെട്ട അപാകതയായി കണക്കാക്കാനാവില്ലയെങ്കിലും ശരിയായ ശീർഷകങ്ങളിലുള്ള കണക്കുകളുടെ ക്രോഡീകരണത്തേയും ശരിയായ ആസ്തി ബാധ്യതാ നിർണ്ണയത്തെയും പ്രതികൂലമായി ബാധിക്കുന്ന അപാകതയായി തുടരുന്നു.

1-1-23 ലൈസൻസ് - 2024-25 വർഷത്തേയ്ക്കുള്ള മുൻകൂർ തുക B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല

2022-23 വർഷം ലൈസൻസ് ഫീസ് (മുൻകൂർ) കളക്ഷൻ ആയി ലഭിച്ച തുക 8,34,720/- രൂപ 22-23വാർഷികധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. എന്നാൽ 2024-25ലേയ്ക്കുള്ള ലൈസൻസ് ഫീസ് (മുൻകൂർ) കളക്ഷൻ തുക 23-24 വാർഷികധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല.

1-1-24 ആസ്തികളുടെ മൂല്യശോഷണം - വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല

ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയതിന് അടിസ്ഥാനമാക്കിയ വർക്ക് ഷീറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ സുസ്ഥിര ആസ്തികൾക്ക് നാളിതുവരെ നൽകിയിട്ടുള്ള പ്രൊവിഷൻ തുകയുടെ (Accumulated Depreciation) കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

1-1-25 ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) നീക്കിയിരിപ്പ് കൃത്യത നിർണ്ണയിക്കാൻ കഴിയുന്നില്ല

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷികകണക്കുകൾ പ്രകാരമുള്ള വരവുകളിൽ വ്യത്യാസം കാണുന്നു. ആയതിനാൽ B4 ഷെഡ്യൂളിലെ ധനകാര്യ കമ്മീഷൻ (ടൈഡ്) ഗ്രാന്റ് നീക്കിയിരിപ്പായ 6130110 രൂപയുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കുന്നില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് നഗരസഭാകൗൺസിലിന്റെ 22.03.2023 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 12.02.2024 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുമുണ്ട്. ബജറ്റ്, പരിഷ്ക്കരിച്ച ബജറ്റ് എന്നിവ പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

	യഥാർത്ഥ ബജറ്റ്	പരിഷ്ക്കരിച്ച ബജറ്റ്
മുന്നിരിപ്പ്	6521000.00	796000.00
വരവ്	404728820.00	370785097.00

ആകെ	411249820.00	371581097.00
ചെലവ്	406705020.00	367036097.00
നീക്കിയിരിപ്പ്	4544800.00	4545000.00

ബജറ്റ് പ്രകാരം 37.15 കോടി രൂപ വരവും 36.7കോടി രൂപ ചെലവുമാണ് പ്രതീക്ഷിച്ചത്. 2023-24 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 21.95 കോടി രൂപയും ചെലവ് 20.82 കോടി രൂപയുമാണുള്ളത്. ഒറിജിനൽ ബജറ്റ് പ്രകാരമുള്ള മതിപ്പ് വരവ്/ചെലവ് തുകകളും 2024-25 വർഷത്തെ ബജറ്റ് അവതരണത്തോടൊപ്പം നിയമാനുസൃതം തയ്യാറാക്കിയ 23-24 ലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള മതിപ്പ് തുകകളും തമ്മിൽ കാര്യമായ വ്യതിയാനം ഉണ്ട്. എന്നാൽ യഥാർത്ഥ കണക്കുകളുമായി താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. നിലവിൽ തയ്യാറാക്കുന്ന ബജറ്റ് ഡോക്യുമെന്റ് ധനവിനിയോഗ നിയന്ത്രണത്തിനുള്ള ഒരു പ്രാമാണിക രേഖ എന്ന നിലയിൽ ഉപയുക്തമാവുന്നില്ല. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

മുന്നിരിപ്പ്	30697958.53
ഓഡിറ്റ് വർഷത്തെ വരവ്	243626980.00
ആകെ	274324938.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	246089648.00
നീക്കിയിരിപ്പ്	28235290.53

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പകാരം

ഇനം	തുക
ആകെ വരുമാനം	219575952.00
ആകെ ചെലവ്	208202848.00
പ്രവർത്തന മിച്ചം	11373104.00
മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment)	7624817.00
അറ്റ പ്രവർത്തന മിച്ചം	3748287.00

ഓഡിറ്റ് സംക്ഷിപ്തം

വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2336357

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ആകെ	ചെലവ്	നീക്കിയിരിപ്പ് /ലാപ്സായ തുക	ചെലവ് ശതമാനം
വികസനഫണ്ട് പൊതുവിഭാഗം	0	18251000	18251000	16350829	1900171	89.59
വികസനഫണ്ട് എസ്.സി.പി.	0	1716600	1716600	1014619	701981	59.11
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	30863350	30863350	11031331	19832019	35.74
സംരക്ഷണഗ്രാന്റ്	0	34548000	34548000	15714966	18833034	45.49

നോൺറോഡ്						
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1862107	10235200	12097307	7478206	4619101	61.82
ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	-429758	7069653	6639895	4952101	1687794	74.58
പി.എം.എ.വൈ	5795683	757556	6553239	4360000	2193239	
എസ് എൻ പി - കേന്ദ്ര വിഹിതം	1510332	343380	1853712	213770	1639942	
ശബരിമല ഗ്രാന്റ്	1168088	319650	1487738	895958	591780	
എൻ.യു.എൽ.എം	0	528940	528940	528940	0	
എസ് ബി എം	606549	7218	613767	484629	129138	
ഹെൽത്ത് ഗ്രാന്റ്- ക്യാപിറ്റൽ	0	21959530	21959530	16340361	5619169	
ഹെൽത്ത് ഗ്രാന്റ്- Dianostic Infrastructure	0	2383173	2383173	0	2383173	

1. വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽ നിന്ന് യഥാക്രമം 1120000 രൂപ, 1095000 രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. 2022-23 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ ധന. തീ. 18.10.2022) 182510 രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്.

3 ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

4.ഹെൽത്ത് ഗ്രാന്റുകളുടെ വിനിമയത്തിനായി കാനറാ ബാങ്കിൽ ആരംഭിച്ച 2 അക്കൗണ്ടുകളിലെ വിനിമയസംഗ്രഹം (അക്കൗണ്ട് നം.110048958180, 110048960090 എന്നിവ) വാർഷികകണക്കുകളിൽ തെറ്റായ ശീർഷകത്തിലാണ് ചേർത്തിരിക്കുന്നത് . ഇതിൽ 110048958180 നമ്പർ അക്കൗണ്ടിൽ 31.03.24 ൽ 5619169 രൂപയും 110048960090 അക്കൗണ്ടിൽ 31.03.24 ൽ 2383173 രൂപയും നീക്കിയിരിപ്പുണ്ട്.

5. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 245953 രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല. ധനകാര്യകമ്മീഷൻഗ്രാന്റ് (ടൈഡ്) അലോട്ട്മെന്റിൽ ഉൾപ്പെട്ട 995708 രൂപയും(14242 + 981466) അൺടൈഡ് അലോട്ട്മെന്റിൽ ഉൾപ്പെട്ട 9495 രൂപയും 2023-24 ൽ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.
മേൽ വിശദീകരണങ്ങൾക്കും അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം 2 ആയി പുറപ്പടുവിക്കുന്നത്.

1-5 വാർഷികപദ്ധതി

പാലാ നഗരസഭയുടെ 2023-24 വാർഷികപദ്ധതിക്ക് നഗരസഭാ കൗൺസിലിന്റെ 14-03-23 ലെ 1(1)-ാം നമ്പർ യോഗ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 3-02-2024 തീയതിയിലെ 83898/23/DPC/ DPO/KTM നമ്പർ ഉത്തരവുപ്രകാരം പുതുക്കിയ നിർവ്വഹണാംഗീകാരവും ലഭിച്ചിരുന്നു. നഗരസഭകളും കോർപ്പറേഷനുകളും 2022-23മുതൽ 2026-27വരെയുള്ള കാലയളവിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച് 19-4-22 ൽ തദ്ദേശസ്വയംഭരണവകുപ്പ് ഉത്തരവായിരുന്നു (സ.ഉ.(കൈ) നം 86/2022 /19-4-22). പദ്ധതിരൂപീകരണത്തിൽ നഗരസഭ മാർഗ്ഗരേഖപ്രകാരം നിർദ്ദേശിച്ചിരുന്ന പ്രവർത്തന കലണ്ടർ അനുസരിച്ച് നടത്തിയ വിവിധ പ്രവർത്തനഘട്ടങ്ങളും സമയക്രമവും ചുവടെ ചേർക്കുന്നു.

ആസൂത്രണസമിതി യോഗം	2-12-2022

വർക്കിങ്ങ് ഗ്രൂപ്പ് യോഗം	7-12-22 3.P.M
പദ്ധതിരൂപീകരണ വാർഡ് സഭകൾ	16-12-2022 മുതൽ 24-12-22വരെ തീയതികൾ
ഭിന്നശേഷി വാർഡ്സഭ	6-2-23 തീയതി 10 A.M
നിർവ്വഹണോദ്യോഗഥരുടെ യോഗം	30-1-23
വികസനസെമിനാർ	9-2-2023
കരട് പദ്ധതി അംഗീകാരം	27-1-23-ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനം
ഗുണഭോക്തൃലിസ്റ്റ് അംഗീകാരം	18-9-23-ലെ 2-ാം നമ്പർ കൗൺസിൽ തീരുമാനം
വാർഷികപദ്ധതി അന്തിമാംഗീകാരം	14-3-23-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനം

83 സ്പിൽ ഓവർ പ്രോജക്ടുകളും 231 പുതിയ പ്രോജക്ടുകളും ഉൾപ്പെടെ ആകെ 314 പ്രോജക്ടുകൾക്കാണ് വാർഷികപദ്ധതി പ്രകാരം അംഗീകാരം ലഭിച്ചത്. അംഗീകാരം കിട്ടിയതിൽ 135 പ്രോജക്ടുകൾക്കു വേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർപ്രോജക്ടുകൾ 53 എണ്ണവും പുതിയ പ്രോജക്ടുകൾ 82എണ്ണവും നടപ്പാക്കിയിട്ടുണ്ട്. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 11 നിർവ്വഹണോദ്യോഗസ്ഥരിൽ ഹെൽത്ത് ഓഫീസർ, മുനിസിപ്പൽ എഞ്ചിനീയർ, വെറ്ററിനറി സർജൻ, അസിസ്റ്റന്റ് എൻജിനീയർ, എന്നിവരുടെ ചെലവ് 50 ശതമാനത്തിലും താഴെയാണ്. വാർഷികപദ്ധതിയിലെ പകുതിയിലധികം പ്രോജക്ടുളും(179 എണ്ണം) നടപ്പായിട്ടില്ലാത്തതോ/ തുക ചെലവഴിച്ചിട്ടില്ലാത്തതോ ആയ സാഹചര്യം സാമ്പത്തികപ്രതിസന്ധി നേരിടുന്ന നഗരസഭയെ സംബന്ധിടത്തോളം ഗൗരവമായി കാണേണ്ടതാണ് . ഭരണഘടനാനുസൃതമായി നഗരസഭയിൽ നിക്ഷിപ്തമായ ചുമതലാനിർവ്വഹണത്തിനുവേണ്ടി ലഭ്യമാവുന്ന വികസനഫണ്ട് ഉൾപ്പെടെയുള്ള ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്ത അവസ്ഥ ആശാസ്യമല്ല. നഗരസഭയുടെ റോഡ്, റോഡിതരസംരക്ഷണഗ്രാന്റുകൾ യഥാക്രമം 35.74%, 45.49% വീതം മാത്രമേ ചെലവഴിക്കാനായിട്ടുള്ളൂ, വകയിരുത്തലിനെ അടിസ്ഥാനമാക്കുമ്പോൾ പദ്ധതിച്ചെലവ് 39.43 ശതമാനം മാത്രമാണ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം (സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത്)ചുവടെ ചേർക്കുന്നു.

ക്രമ	നിർവ്വഹണോദ്യോഗസ്ഥർ	അംഗീകാരം കിട്ടിയ പ്രോജക്ടുകളുടെ എണ്ണം	വകയിരുത്തൽ	തുക ചെലവഴിക്കപ്പെട്ട പ്രോജക്ടുകളുടെ എണ്ണം	ചെലവഴിച്ച തുക	ചെലവ് ശതമാനം
1	മെഡിക്കൽ ഓഫീസർ , ആയുർവേദം	4	1650000	3	1246828	75.57
2	മെഡിക്കൽ ഓഫീസർ, ഹോമിയോ	2	1150000	2	1068999	92.96
3	ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ	1	466667	1	350000	75.00
4	കൃഷിഓഫീസർ	5	375400	5	187520	49.95
5	സെക്രട്ടറി	39	21568886	22	14179372	65.74
6	വെറ്റിറിനറി സർജൻ	6	1696600	5	627600	36.99
7	ഹെൽത്ത് ഓഫീസർ	25	14594988	13	4986926	34.17
8	മെഡിക്കൽ ഓഫീസർ,	25	40114503	16	20131165	50.18

	താലൂക്ക് ആശുപത്രി					
9	മുനിസിപ്പൽ എൻജിനീയർ	2	856713	2	425454	49.66
10	അസിസ്റ്റന്റ് എൻജിനീയർ	196	101736971	58	27848789	27.37
11	ഐസിഡിഎസ് സൂപ്പർവൈസർ	9	4924998	8	3514452	71.36
	ആകെ	314	189135726	135	74567105	39.43

4 കോടിയിലധികം രൂപ സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു

അസി.എഞ്ചിനീയർ ഉൾപ്പടെയുള്ള നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത 179 ഓളം പ്രോജക്ടുകൾ വിവിധ കാരണങ്ങളാൽ നടപ്പാക്കാത്തതിനാലും ട്രഷറി നിയന്ത്രണങ്ങളാൽ സമയബന്ധിതമായി ബില്ലുകൾ യഥാസമയം പണമാക്കാൻ സാധിക്കാതിരുന്നതിനാലും ചുവടെ ചേർക്കും പ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	നീക്കിയിരിപ്പ് / ലാപ്സായ തുക
വികസനഫണ്ട് പൊതുവിഭാഗം	1900171
വികസനഫണ്ട്- എസ് സിപി	701981
സംരക്ഷണഗ്രാന്റ് റോഡ്	19832019
സംരക്ഷണഗ്രാന്റ് നോൺറോഡ്	18833034
ആകെ	4,12,67,205

വികസനപദ്ധതികൾക്ക് സർക്കാരുകൾ ലഭ്യമാക്കുന്ന ധനസഹായവും നിയമപ്രകാരം ലഭ്യമാകുന്ന വിഹിതവും ചെലവഴിക്കപ്പെടാത്ത നടപടി ആശാസ്യമല്ല. 1994 -ലെ കേരളമുനിസിപ്പാലിറ്റി നിയമത്തിലെ ഷെഡ്യൂളുകളിൽ (ഇൻഡ്യൻ ഭരണഘടനയുടെ 12- ാം ഷെഡ്യൂൾ അടിസ്ഥാനമാക്കിയുള്ളവ) പ്രതിപാദിച്ചിട്ടുള്ള നഗരസഭയിൽ നിക്ഷിപ്തമായ പല ചുമതലകളും നിർവ്വഹിക്കപ്പെടാതെ അവശേഷിക്കുമ്പോഴും അനുവദിച്ച ഫണ്ട് ലാപ്സാകുന്ന സ്ഥിതിവിശേഷം വർഷങ്ങളായി ആവർത്തിക്കപ്പെടുന്നു. പദ്ധതിരൂപീകരണം മുതൽ പൂർത്തീകരണവും ബിൽ തയ്യാറാക്കലും ഉൾപ്പെടെയുള്ള അവസാനഘട്ട പ്രവർത്തനങ്ങൾവരെ ചിട്ടയായും ക്രമമായും സമയനിഷ്ഠ പാലിച്ചും നടപ്പാക്കി സർക്കാർ ഗ്രാന്റുകൾ ഫലപ്രദമായും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ആയതിനു് ഭരണസമിതിയുടെ ശ്രദ്ധയോടെയുള്ള ഇടപെടലുകളും പ്രവർത്തനങ്ങളും മേൽനോട്ടവും അനിവാര്യമാണ്.

വിവിധസർക്കാർ ഗ്രാന്റുകൾ - നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാലുള്ള നഷ്ടം

നിശ്ചിത സാമ്പത്തിക ലക്ഷ്യം കൈവരിക്കാത്തതിനാൽ സഞ്ചിതനിധിയിലേക്ക് വർഷാവസാനം തിരികെയെടുക്കപ്പെട്ട 4.1 കോടി രൂപയുടെ നഷ്ടത്തിനു പുറമേ സർക്കാർ നിർദ്ദേശാനുസരണമുള്ള മിനിമം ചെലവുപരിധി കൈവരിക്കാത്തതിനാൽ തുടർവർഷങ്ങളിലും നഗരസഭയ്ക്ക് ധനനഷ്ടം സംഭവിക്കാനുള്ള സാധ്യത നിലനിൽക്കുന്നു.

എ) പരമാവധി സ്പിൽ ഓവർവിഹിതം ലഭിക്കുന്നത് 20% മാത്രം

ധനകാര്യവകുപ്പിന്റെ 15-7-2021-ലെ ജി.ഓ (എം.എസ്)നം.79/2021 പ്രകാരം ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്തപക്ഷം ഈയിനങ്ങളിൽ ആകെ അനുവദിച്ച തുകയുടെ പരമാവധി 20% മാത്രമാണ് ക്യാരി ഓവർ ചെയ്ത് പിൽ ഓവർവിഹിതമായി നിബന്ധനകൾക്ക് വിധേയമായി അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ആയതിനാൽ തൻവർഷം മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡിനങ്ങളിലായി വർഷാവസാനം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 3.8 കോടിരൂപയിൽ 1.3 കോടി രൂപ മാത്രമേ തൻവർഷം നടപ്പാക്കാത്ത പ്രോജക്ടുകൾക്കുവേണ്ടി ചെലവഴിക്കുന്നതിന് അടുത്തവർഷം ലഭ്യമാവുകയുള്ളൂ. പ്രസ്തുതതുകതന്നെ നിബന്ധനകൾക്ക് വിധേയമായി മാത്രമാണ് ലഭ്യമാകുന്നത്. സ്പിൽഓവർ പ്രോജക്ടുകൾക്കായുള്ള ബാക്കിതുക അടുത്തവർഷത്തെ അലോട്ട്മെന്റിൽനിന്നും കണ്ടെത്തേണ്ടതുണ്ട്.

ബി) ഷോർട്ട്ഫോൾ ഇനത്തിൽ 2.59 കോടി രൂപയുടെ ആത്യന്തിക നഷ്ടം

ചെലവുപരിധി 80% കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും (ക്യൂബിൽ തുക ഉൾപ്പെടെയുള്ളത്) അലോട്ട്മെന്റ് തുകയുടെ 80% വും തമ്മിലുള്ള വ്യത്യാസം ഷോർട്ട് ഫോളായി കണക്കാക്കി തുടർന്നുവരുന്നതിന്റെ തൊട്ടടുത്ത വർഷത്തെ അലോട്ട്മെന്റിൽനിന്നും കുറവുചെയ്യുന്നതാണ്. പ്രസ്തുത സാഹചര്യത്തിൽ സംരക്ഷണഗ്രാന്റിനത്തിൽ മാത്രം നഗരസഭയ്ക്ക് 2 കോടിയിലധികം രൂപയുടെ നഷ്ടം സംഭവിക്കുന്നു. വിശദാംശങ്ങൾ ചുവടെ

ഗ്രാന്റ്	അലോട്ട്മെന്റ്	80% തുക	യഥാർത്ഥ ചെലവ്	വ്യത്യാസം
വികസന ഫണ്ട് (എസ് സി പി)	1716600	1373280	1014619	358661
മെയിന്റനൻസ്ഗ്രാന്റ്-റോഡ്	30863350	24690680	11031331	1,36,59,349
മെയിന്റനൻസ്ഗ്രാന്റ്-നോൺറോഡ്	34548000	2,76,38,400	15714966	1,19,23,434
				2,59,41,444/-

ആയതിനാൽ ആകെ 2,59,41,444/- രൂപ നഗരസഭയ്ക്ക് 2025-26 വർഷത്തെ പദ്ധതിചെലവിനായി ലഭ്യമാകുന്ന സംരക്ഷണഗ്രാന്റ്, വികസന ഫണ്ട് എസ് സി പി വിഭാഗം അലോട്ട്മെന്റ്തുകയിൽ നിന്നും കുറവുചെയ്യുന്നതാണ്. കൂടാതെ എസ് സി പി വിഭാഗം ഫണ്ട് നിശ്ചിതവിനിയോഗലക്ഷ്യം കൈവരിക്കാത്തതിനാൽ പരിഹാരവകയിരുത്തലിന്റെ ഭാഗമായി തുടർവർഷം (2024-25) പൊതുവിഭാഗംഫണ്ടിൽ കുറവുവരുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത് സംബന്ധിച്ചും തൻവർഷം പുതുതായി ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ച 96 റോഡ്പ്രവൃത്തികൾ നടപ്പാകാത്തതിനാൽ 1.36 കോടിരൂപ റോഡ്സംരക്ഷണഗ്രാന്റ് നഷ്ടമാകുന്ന സാഹചര്യം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾക്ക് യഥാക്രമം 1-13-1, 1-13-2 ഖണ്ഡികകൾ കാണുക

1-6 ആഭ്യന്തര നിയന്ത്രണം

നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യചുമതലകൾ നിർവ്വഹിക്കപ്പെടുന്നതിനുള്ള പ്രയാസത്തിനുപുറമെ ഓരോ മാസത്തെയും ശമ്പളം/പെൻഷൻ ചെലവുകൾ പോലും യഥാസമയം നിർവ്വഹിക്കാൻ പറ്റാത്ത രീതിയിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് നഗരസഭ കടന്നു പോകുന്നതെങ്കിലും നഗരസഭയുടെ തനതുഫണ്ട് വർദ്ധിപ്പിയ്ക്കുന്നതിനോ, നിലവിലുള്ള വിവിധ നികുതി/നികുതിയേതര വരവിനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനോ ഭരണസമിതി ശ്രദ്ധ പതിപ്പിക്കുന്നില്ലെന്ന് പരിശോധനാ വേളയിലും 24/01/25 ന് നടത്തിയ എക്സിറ്റ് മീറ്റിംഗിലെ വിശകലനത്തിലും ബോധ്യപ്പെട്ടു. കുടിശ്ശിക പിരിച്ചെടുക്കുന്നതിനും അധിക വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ഭരണതലത്തിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിലും ക്രിയാത്മകമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വസ്തുനികുതി/തൊഴിൽനികുതിയിനങ്ങളിൽ തന്നെ 2.8 കോടി രൂപ കുടിശ്ശികയായി അവശേഷിക്കുന്നു. വാടകയിനത്തിലും 38 ലക്ഷത്തോളം രൂപ കുടിശ്ശിക **നില**നിൽക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയെടുക്കുന്നതിലും നഗരസഭ കാര്യക്ഷമത പുലർത്തുന്നില്ല. 1799500 രൂപ മാത്രമാണ് ലൈസൻസ് ഫീസ് ഡിമാൻഡ്. ഓരോ വാർഡിലേയും വ്യാപാരസ്ഥാപനങ്ങളെ കൃത്യമായി ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്താൻ ഭരണസമിതിയും നഗരസഭാധികൃതരും ശ്രദ്ധിക്കേണ്ടതാണ്. കുടിശ്ശിക ഈടാക്കുവാനും അധിക വരുമാന സ്രോതസ്സുകൾ കണ്ടെത്തി നഗരസഭയെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് കരകയറ്റാനും ക്രിയാത്മകമായ നടപടികൾ അനിവാര്യമായിരിക്കുന്നു. നഗരസഭയുടെ നിലവിലെ ശോചനീയമായ സാമ്പത്തിക സ്ഥിതി പരിഗണിച്ചും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യേണ്ട സാഹചര്യം പരിഗണിച്ചും വസ്തുനികുതിയിന്മേൽ സേവന ഉപനികുതി കൂടി ചുമത്തുന്നതിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 8.71 കോടി രൂപ (7.5കോടി + 1.21 കോടി) നഗരസഭയ്ക്ക് ലഭിയ്ക്കാനുണ്ടെങ്കിലും 2.21 കോടി രൂപ കുടിശ്ശികവിഹിതം അടവാക്കാനുള്ളതായും കണക്കാക്കപ്പെട്ടിട്ടുണ്ട്. നഗരസഭകളും കോർപ്പറേഷനുകളും 2022-23 മുതലുള്ള പെൻഷൻ അംശദാനം കൃത്യമായി ഒടുക്കാത്തതിനാൽ സെൻട്രൽ പെൻഷൻ ഫണ്ടുമായുള്ള വിനിമയകണക്കുകൾ ക്രമപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. വരവിനങ്ങളിൽ കുടിശ്ശികയായി കോടികൾ നിലനിൽക്കുമ്പോൾ തന്നെ വായ്പാ കുടിശ്ശികയിനത്തിലും, പെൻഷൻ കോൺട്രിബ്യൂഷൻ, വെള്ളക്കരം, ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ, ഡെപ്പോസിറ്റ് റീഫണ്ട് , ഗ്രാന്റുകളുടെ തിരിച്ചടവ് എന്നീയിനങ്ങളിലും കോടികൾ ബാധ്യതയായും ശേഷിയ്ക്കുന്നു. ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് ഫെബ്രുവരി 2024 മുതൽ അടവാക്കിയിട്ടില്ല. ജീവനക്കാർക്ക് തനത് ഫണ്ട് മുൻകൂർ നൽകിയതിൽ 3404354 രൂപ തിരികെ ലഭിക്കാനുണ്ട്. ജീവനക്കാരിൽ നിന്നും മുൻകൂർ തിരികെ ഈടാക്കിയെടുക്കുവാൻ സാമ്പത്തികപ്രതിസന്ധിയുടെ പശ്ചാത്തലത്തിൽപ്പോലും ഫലപ്രദമായ നടപടികൾ

സ്വീകരിച്ചിട്ടില്ല.

നികുതി നികുതിയേതര വരുമാനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ ഡി.സി.ബി കൃത്യമായി തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തൻവർഷം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാടക നിക്ഷേപം ഇനത്തിൽ ലക്ഷക്കണക്കിന് രൂപ നൽകേണ്ടിവരുന്നുണ്ടെങ്കിലും ആയതിന്റെ കൃത്യത നിരീക്ഷിക്കാൻ ആധികാരികമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. ലോൺ രജിസ്റ്ററിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയല്ല പരിപാലിക്കുന്നത്. രജിസ്റ്ററുകളുടെ കൃത്യമായ സൂക്ഷിപ്പിന് വിവിധ സെക്ഷനുകളുടെ ഏകോപിതമായ ശ്രമം ആവശ്യമാണ്. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ ,ലോൺ രജിസ്റ്റർ , വരവിനങ്ങളുടെ ഡി സി ബി എന്നിവ കൃത്യമാക്കി പരിപാലിക്കാത്തതിനാൽ വർഷങ്ങളായി നഗരസഭയ്ക്ക് അർഹമായ വിടവ് നികത്തൽ സാക്ഷ്യപ്പെടുത്താൻ കഴിയുന്നില്ല. തന്മൂലം ഇപ്രകാരം ലഭ്യമാകാൻ സാധ്യതയുള്ള ഫണ്ടും നഷ്ടമാകുന്ന സാഹചര്യം നിലനിൽക്കുന്നു.

സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും യോഗം ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പ്രോജക്ട് പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കി ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പല സെക്ഷനുകളിലെയും ഫയലുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ആവശ്യമായ പല രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മിക്ക പ്രോജക്ട്ഫയലുകളിലും ബില്ലുകളുടെ പകർപ്പ് സൂക്ഷിച്ചിട്ടില്ല. നഗരസഭയിലെ ഫയൽ മാനേജ്മെന്റ് സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

വിവിധ കേസുകളുടെ നടത്തിപ്പിനായി വളരെയധികം തുക ചെലവഴിക്കുന്നുണ്ടെങ്കിലും പലപ്പോഴും നഗരസഭയ്ക്ക് അനുകൂലമായി വിധിയുണ്ടാകുന്നില്ലാത്തതും, കോടതിയലക്ഷ്യ നടപടികൾവരെ നേരിടേണ്ടിവരുന്നതുമായ സാഹചര്യവും നിലനിൽക്കുന്നു. ഫണ്ടിന്റെ അപര്യാപ്തതമൂലം നിയമാനുസൃതചെലവുകൾ യഥാസമയം നിർവ്വഹിക്കാൻ കഴിയാതെ വരികയും തന്മൂലം നേരിടേണ്ടിവരുന്ന കോടതിവ്യവഹാരങ്ങൾ പലപ്പോഴും നഗരസഭയുടെ താൽപ്പര്യത്തിന് എതിരായി ഭവിക്കുകയും ചെയ്യുന്നു.
ആഭ്യന്തരനിയന്ത്രണസംവിധാനത്തെ പ്രതികൂലമായി ബാധിക്കുന്ന മേൽഘടകങ്ങൾ പരിഗണിച്ച് ശാശ്വതമായ ന്യൂനതാപരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6-1 ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നില്ല -1990-91 മുതലുള്ള 30-തിലധികം റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു.

നഗരസഭയുടെ 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4-11 പ്രകാരം പാലാ നഗരസഭയുടെ 1990-91 മുതൽ 2021-22 വരെയുള്ള കാലയളവിലെ 31 എണ്ണം ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനവശേഷിക്കുന്നു.

നഗരസഭയുടെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ഉചിതമായ ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ച് നിയമാനുസൃത സമയപരിധിക്കുള്ളിൽ സമഗ്രമായ മറുപടി ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നതായും ഉദാസീന സമീപനം പുലർത്തുന്നതായും കാണുന്നു . മേൽ സൂചിപ്പിച്ച ഓഡിറ്റ് റിപ്പോർട്ടുകൾക്കൊന്നും സമ്പൂർണ്ണമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ട് ലഭ്യമായി രണ്ട് മാസത്തിനകം പ്രത്യേക കൗൺസിലിൽ റിപ്പോർട്ട് ചർച്ച ചെയ്ത് ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കണമെന്ന 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(2) എന്നിവ പ്രകാരമുള്ള നിയമവ്യവസ്ഥകൾ തുടർച്ചയായി ലംഘിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. നിയമാനുസൃത സമയപരിധിക്കുള്ളിൽ ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ളതിനാൽ മേൽ സൂചിപ്പിച്ച എല്ലാ റിപ്പോർട്ടുകളിന്മേലും ഓഡിറ്റിൽനിന്ന് അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടി നിർദ്ദേശം നൽകിയിട്ടുള്ളതുമാണ് .

സ്ഥാപനത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തൽ, പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഗുണപരത ഉറപ്പാക്കൽ, വിഭവ സമാഹരണത്തിലും ധനവിനിയോഗത്തിലും കാര്യക്ഷമത ഉറപ്പാക്കൽ, പാഴ്ച്ചെലവുകൾ ഒഴിവാക്കൽ തുടങ്ങിയവ സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ/നിഗമനങ്ങൾ/ശുപാർശകൾ എന്നിവയാണ് റിപ്പോർട്ടിൽ പ്രധാനമായും ഉൾപ്പടുത്തിയിട്ടുള്ളത്. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ ന്യൂനതാ പരിഹാര നടപടികൾ

സ്വീകരിക്കുന്നതിലുള്ള വീഴ്ച പൊതുജനങ്ങളുടെയും സ്ഥാപനത്തിന്റെയും ഉത്തമ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. വിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻകയറി നൽകിയിരുന്നതിന് (നം- 62/23-1-25) മറുപടി ലഭ്യമാക്കിയില്ല. എൻട്രി/എക്സിറ്റ് മീറ്റിംഗിൽ വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിനെതുടർന്ന് അപാകതപരിഹരിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമാക്കുന്നതാണെന്ന് ബഹു. നഗരസഭാ ചെയർമാൻ അറിയിച്ചു.

ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാനവശേഷിക്കുന്ന എല്ലാ പരാമർശങ്ങളിന്മേലും തുടർനടപടികൾ സ്വീകരിച്ച് സമഗ്രമായ ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കുന്നതിനും റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-6-2 **കെ - സ്മാർട്ട് -അവലോകനം**

കെ സ്മാർട്ട് വിന്യാസം -പൊതു ലക്ഷ്യങ്ങളും നേട്ടങ്ങളും

കേരളത്തിലെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ പൂർണ്ണമായും കടലാസ് രഹിത ഭരണസംവിധാനം ഏർപ്പെടുത്തുക, വിവിധ സേവനങ്ങൾ സമയബന്ധിതവും കാര്യക്ഷമവുമായി പ്രദാനം ചെയ്യുക തുടങ്ങിയ ഉദാത്തമായ ലക്ഷ്യത്തോടെ ഇൻഫർമേഷൻ കേരള മിഷൻ മുഖേന വികസിപ്പിച്ചതാണ് കെ സ്മാർട്ട് ആപ്ലിക്കേഷൻ. വിവര വിനിമയ സാങ്കേതിക വിദ്യ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന ഡിജിറ്റൽ യുഗത്തിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ പ്രസ്തുത മാറ്റങ്ങൾ ഉൾക്കൊണ്ട് ഓഫീസ് നടപടികൾ സുതാര്യവും സുഗമവുമാക്കി ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് മുഴുവൻ സമയവും പൊതുജനങ്ങൾക്ക് വിരൽതുമ്പിൽ ലഭ്യമാക്കുന്നതിനാണ് കെ സ്മാർട്ട് അഥവാ കേരള സൊല്യൂഷൻ ഫോർ മാനേജിംഗ് അഡ്മിനിസ്ട്രേറ്റീവ് റീഫോർമേഷൻ ആൻഡ് ട്രാൻസ്ഫൊർമേഷൻ വികസിപ്പിച്ചിട്ടുള്ളതെന്ന് തദ്ദേശ സ്വയംഭരണ (ഇജി) വകുപ്പിന്റെ 22.12.2023 ലെ സ ഉ (സാധാ) .നം 2545/2023/എൽഎസ്ജിഡി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. വിവിധ സേവനങ്ങൾ ലഭ്യമാകുന്നതിന് വിവിധ സോഫ്റ്റ്വെയറുകളെ ആശ്രയിക്കേണ്ടി വരുന്ന നിലവിലുള്ള സ്ഥിതി മാറ്റിക്കൊണ്ട് ഒരൊറ്റ മൊബൈൽ അധിഷ്ഠിത ആപ്ലിക്കേഷനായി സമന്വയിപ്പിച്ച് ഓരോ പൗരനും ഓരൊറ്റ സൈൻഓൺ/ ഒരു ഡാഷ്ബോർഡ് വഴി സർക്കാർ സേവനങ്ങൾ സുഗമമായി ഒറ്റ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാക്കുന്നതിനാണ് കെ-സ്മാർട്ട് ലക്ഷ്യമിടുന്നതെന്ന് സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ മുൻസിപ്പൽ കോർപ്പറേഷനുകളിലും മറ്റ് മുനിസിപ്പാലിറ്റികളിലുമാണ് ആദ്യ ഘട്ടത്തിൽ കെ-സ്മാർട്ട് വിന്യസിച്ചിട്ടുള്ളത്. പ്രസ്തുത വെബ് പോർട്ടൽ പഞ്ചായത്ത് തലത്തിൽ കൂടെ വ്യാപിപ്പിക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള സേവനങ്ങൾ സമയബന്ധിതമായി ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സ്ഥിതി കൈവരിക്കാനാകും. കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ സേവനങ്ങൾക്കായുള്ള അപേക്ഷകളും പരാതികളും ഓൺലൈനായി സമർപ്പിക്കാനും അവയുടെ സ്റ്റാറ്റസ് ഓൺലൈനായി തന്നെ അറിയാനും സാധിക്കും. അതിനായി അപേക്ഷകളുടെയും പരാതികളുടെയും കൈപ്പറ്റ് രസീത് പരാതിക്കാരന്റെ/അപേക്ഷകന്റെ ലോഗിനിലും വാട്സ്ആപ്പിലും ഇ-മെയിലിലും ലഭ്യമാകുന്ന ഇന്റഗ്രേറ്റഡ് മെസേജിംഗ് സംവിധാനമാണ് നടപ്പിലാകുന്നത്.

കെസ്മാർട്ട്- തുടക്കകാലയളവിൽ നിലനിൽക്കുന്ന സാങ്കേതികമായ പ്രശ്നങ്ങൾ

നഗരസഭകളിൽ ഓൺലൈൻ പ്രവർത്തനസംവിധാനമായ കെ - സ്മാർട്ട് വിന്യസിച്ചത് 01/01/2024 ൽ ആയതിനാൽ 2023-24 ലെ വാർഷികകണക്ക് 31/12/2023 വരെ ലോക്കൽ സാംഖ്യയിലും തുടർന്ന് 01/01/2024 മുതൽ 31/03/2024 വരെ കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തും ആണ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ വരവിനങ്ങളിൽ വ്യത്യാസം വന്നിരിക്കുന്നതായി കാണുന്നു. ഉദാഹരണത്തിന് ഭാഗം 1 ഖണ്ഡിക 1-1-1 കാണുക.

ഏതാനും വരവിനങ്ങൾ മാത്രം പരിശോധിച്ചപ്പോൾ ആണ് ഇത്തരം വ്യത്യാസങ്ങൾ ശ്രദ്ധയിൽപെട്ടത്. ചെലവിനങ്ങളിലും വരവിനങ്ങളുടെ ഡിമാൻഡിലും ഇപ്രകാരം വ്യത്യാസം സംഭവിച്ചിരിക്കാനുള്ള സാധ്യതനിലനിൽക്കുന്നു. പ്രാരംഭ ഘട്ടത്തിൽ അപാകതകൾ ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ അപാകതകൾ കണ്ടെത്തി IKM ൽ റിപ്പോർട്ട് ചെയ്ത് പരിഹാരനടപടികൾ സ്വീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

കെ- സ്മാർട്ടിൽ നിലവിൽ റിക്കൺസിലിയേഷൻ ടൂൾ ഇല്ല. 01/04/2024 മുതലുള്ള ബാങ്ക് അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ മാനുവലായി തയ്യാറാക്കിയിട്ടുമില്ല. കെ- സ്മാർട്ടിൽ ഓട്ടോ റിക്കൺസിലിയേഷൻ നിലവിൽ വന്നതിനു ശേഷം റിക്കൺസിലിയേഷൻ നടത്തും എന്നാണ് അക്കൗണ്ടിംഗ് വിഭാഗം അറിയിച്ചത്. റിക്കൺസിലിയേഷൻ ടൂൾ സജ്ജമാക്കാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ മാനുവൽ റിക്കൺസിലിയേഷൻ നടത്തേണ്ടത് അനിവാര്യമാണ്. കെ സ്മാർട്ടിൽ നിലവിൽ ലഭ്യമായ ബാലൻസ് ഷീറ്റിൽ B1, B2, B3 ഷെഡ്യൂളുകൾ പ്രതിഫലിക്കുന്നില്ല. കെ സ്മാർട്ട് ആപ്ലിക്കേഷനിലൂടെ ഓഡിറ്റ് പരിശോധനയ്ക്കാവശ്യമായ പൂർണ്ണമായ പ്രാപ്യത (Independent And Complete Access)നിലവിൽ ഓഡിറ്റർമാർക്ക്

ലഭ്യമാകുന്നില്ല. പരിമിതമായ പരിശോധനയ്ക്കാവശ്യമായ ലോഗിൻ പ്രിവിലേജ് മാത്രമാണ് നിലവിൽ ഓഡിറ്റർമാർക്ക് ലഭ്യമായിട്ടുള്ളത്. ഓഡിറ്റർ ലോഗിനിലൂടെ ഫയൽ സേർച്ച് ഓപ്ഷനും ,വിവിധ ഫോറങ്ങൾ പരിശോധിക്കുന്നതിനും ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യമില്ല. ഓഡിറ്റ് പരിശോധനയേയും ഉറപ്പാക്കലിനേയും പ്രസ്തുത സാഹചര്യം പരിമിതപ്പെടുത്തിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കപ്പെട്ട് പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നപക്ഷം തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും, സുതാര്യവും വേഗത്തിലുമാക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കും ഏറെ ഗുണകരവും ഫലപ്രദവുമാകുന്ന സംവിധാനമെന്ന നിലയിൽ നിലവിലെ അപാകതകൾ കണ്ടെത്തി ഐകെഎം-ൽ റിപ്പോർട്ട് ചെയ്ത് പരിഹരിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-7 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതിയുടെ പേര്	ചെലവഴിച്ചതുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	8,81,600/-	69
വിധവാ പെൻഷൻ	51,40,000/-	443
വാർദ്ധക്യകാല പെൻഷൻ	1,57,81,300/-	1351
വികലാംഗ പെൻഷൻ	15,88,600/-	138
അൻപത് വയസ്സ് കഴിഞ്ഞ അവിവാഹിതരുടെ പെൻഷൻ	477200/-	39

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.01.2025 തീയതിയിൽ 3.00 പി എം-ന് ഓഫീസ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65719/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

ഫയൽ നം.H4/16132/18

നഗരസഭയുടെ 2023-24വർഷത്തെ 46532405/-രൂപയുടെ ലേബർ ബജറ്റ് 16.01.23 ലെ നഗരസഭ കൗൺസിൽ അഡീഷണൽ അജണ്ട 7(1) പ്രകാരം അംഗീകരിച്ചു. 26 വാർഡുകൾ ഉള്ളതിൽ 184 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെ 215 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. ഇതിൽ സാങ്കേതികാനുമതി ലഭിച്ച 75 പദ്ധതികളിൽ 75 എണ്ണവും പൂർത്തീകരിച്ചു. തൻവർഷം 22774 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. നീർച്ചാൽ തെളിക്കൽ, മഴക്കാലപൂർവ്വ ശുചീകരണം, മാലിന്യശേഖരണവും സംസ്കരണവും, ജൈവകൃഷി മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. മേൽപദ്ധതിയുടെ വിനിമയം രേഖപ്പെടുത്തുന്നതിനായി മാത്രം സൂക്ഷിക്കുന്ന സബ്സിഡിയറി ക്യാഷ്ബുക്ക്പ്രകാരമുള്ള 2023-24 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

വരവ്		ചെലവ്	
മുന്നിരിപ്പ് (01-04-2023)	2652.82	ഭരണ ചെലവ്-ശമ്പളം	500776
പലിശ വരവ്	75	വേതനം	3805244
ട്രഷറി അലോട്ട്മെന്റ്	7152500	ഭരണ ചെലവ്(കമ്പ്യൂട്ടർ+നെറ്റ് ചാർജ്+എസ്എംഎസ്+ഓഡിറ്റ് ഫീസ് ഉൾപ്പെടെ)	104578
		നിർമ്മാണ സാധനങ്ങൾ	0

		നഗരസഭ തനത് ഫണ്ട് മുൻകൂർ തിരിച്ചടവ്	97182
		ട്രഷറി അലോട്ട്മെന്റ് തിരികെ(ലാപ്സായത്)	2644780 *
		നീക്കിയിരിപ്പ്(31-03-2024)	**Bank-2667.82**
ആകെ വരവ്	**7155227.82**	**ആകെ**	**7155227.82**

*2644780/-രൂപയുടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചുവെങ്കിലും തൻ വർഷം പാസ്സായില്ല. വാർഷിക ധനകാര്യപത്രിക പ്രകാരം വരവ് 7948536/-രൂപയാണ്. ക്യാഷ് ബുക്ക് പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	08.10.2007	2006-07	എഫ്-3517(8)/08 തീയതി : 17.10.2008
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01.06.2023 മുതൽ 22.06.2023 വരെ	2018-19 മുതൽ 2022-23വരെ	Audit-I/AMG-I/(HQ)II/ I/ C-3/8A-19/2023-24/194 തീയതി: 15.09.2023

1-11 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല.

നഗരസഭയുടെ വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 31/3/2024 വരെയുള്ള റീക്കൺസിലിയേഷൻ പത്രികകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 2024 മാർച്ചിന് ശേഷമുള്ള റീക്കൺസിലിയേഷൻ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. കൂടാതെ നഗരസഭയിൽ വിവിധ ഇനങ്ങളിൽ ലഭിച്ച തുകകളുടെ അടവ്, പിൻവലിക്കൽ എന്നിവയുടെ അടിസ്ഥാനത്തിലുള്ള കാലീകമായ പൊരുത്തപ്പെടുത്തൽ പത്രികകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ പ്രകാരം (ചട്ടം 53) ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ബാങ്ക് പാസ്ബുക്ക്/അക്കൗണ്ട് സ്റ്റേറ്റ്മെന്റു പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതും പത്രിക തയാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. അക്കൗണ്ടുകളുടെ പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (40/21-01-2025) ലഭ്യമാക്കിയ മറുപടിയിൽ 2024-2025 സാമ്പത്തികവർഷം അക്കൗണ്ടിംഗ് സംവിധാനം പൂർണമായും കെ-സ്മാർട്ട് മുഖേനയാണ് നടന്നുവരുന്നെന്നും, നിലവിൽ കെ-സ്മാർട്ടിൽ ഓട്ടോ റീക്കൺസിലിയേഷൻ ടൂൾ ലഭ്യമല്ല എന്നും ലഭ്യമാകുന്ന മുറയ്ക് റീക്കൺസിലിയേഷൻ പൂർത്തികരിച്ച് സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. വിവിധ അക്കൗണ്ടുകളിൽ കൂടിയുള്ള ഇടപാടുകളുടെ കൃത്യതയും ബാങ്കിങ്ങ് സ്ഥാപനം ഇടപാടുകൾ കൃത്യമായി അക്കൗണ്ടിൽ ചേർക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും നീക്കിയിരിപ്പ് നിർണ്ണയിച്ചതിലെ തെറ്റുകളും പൊരുത്തകേടുകളും തിരിച്ചറിയുന്നതിനും റീക്കൺസിലിയേഷൻ അനിവാര്യ ഘടകമായതിനാൽ സോഫ്റ്റ് വെയറിൽ ഓട്ടോ റീക്കൺസിലിയേഷൻ ടൂൾ ലഭ്യമാകുന്നവരെ ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും മാനുവലായി തയ്യാറാക്കി പൊരുത്തപ്പെടുത്തൽ പത്രിക തയാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

SBI തനത് ഫണ്ട് അക്കൗണ്ട് നം 57028192109 ന്റെ 03/24 ലെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന ചെക്കുകൾ ' Cheques Deposited But Not Collected ' എന്ന ശീർഷകത്തിൽ അവശേഷിക്കുന്നതായി പരിഗണിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വൗച്ചർ നം / വൗച്ചർ തീയതി	ചെക്ക് നം / ചെക്ക് തീയതി	തുക
123010800094 / 27.10.23	/30.09.23	11370
123010500394/07.09.23	181889/07.09.23	37633
123010800093/27.10.23	/30.09.23	7500
123010800095/27.10.23	/30.09.23	1750

മേൽ ചെക്കുകൾ തുടർന്ന് ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (06/17.01.25) ചെക്കുകൾ തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. ചെക്കുകൾപ്രകാരമുള്ള തുകകൾ വിവിധ അക്കൗണ്ടുകളിൽ ക്രഡിറ്റ് വന്നതിന്റെ

വിശദാംശങ്ങൾ റിക്കൺസിലിയേഷൻ പത്രിക ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

1-12-1 ശബരിമല സ്പെഷ്യൽ ഗ്രാന്റ്- വിനിമയ രീതിയിൽ അപാകം

ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്കുമായി നഗരസഭയ്ക്ക് 2015-2016 മുതൽ എല്ലാ വർഷവും 10 ലക്ഷം രൂപ വീതം സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ചിരുന്നു. ശബരിമല സ്പെഷ്യൽ ഗ്രാന്റിന്റെ വിനിമയത്തിനായി കാത്തലിക് സിറിയൻ ബാങ്ക് പാലാ ബ്രാഞ്ചിൽ ആരംഭിച്ച അക്കൗണ്ടിൽ വാർഷികകണക്കുകൾ പ്രകാരം 31.03.24 ൽ 591780 രൂപ നീക്കിയിരിപ്പുണ്ട്. നഗരകാര്യ ഡയറക്ടറുടെ 10.01.23 ലെ DUA/8977/2022-DC3 നമ്പർ ഉത്തരവ് പ്രകാരം 2022-23 വർഷത്തേയ്ക്ക് പാല നഗരസഭയ്ക്ക് അനുവദിച്ച 1000000 രൂപ 21.01.2023 ൽ ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിലാണ് (നം.799013000000144) ക്രെഡിറ്റായിട്ടുള്ളത്. പ്രസ്തുത തുക നഗരസഭാ സെക്രട്ടറിയുടെ 23.01.2023 ലെ എച്ച്3-11639/15 നമ്പർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഗ്രാന്റിന്റെ വിനിമയത്തിനായി ആരംഭിച്ച സി.എസ്.ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിനിയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നുവെങ്കിലും തുക നാളിതുവരെ ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക സി.എസ്.ബി അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിച്ച ശേഷം വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-12 വിനിമയമില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും തുക ക്രമീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടില്ല.

വാർഷിക കണക്കുകൾ RP40(b)ൽ ചേർത്തിരിക്കുന്ന ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ തുടർവിനിമയം ഇല്ലാത്തവയും ഒരേ ആവശ്യത്തിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നവയും ക്ലോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ക്രമനം	അക്കൗണ്ട്	31/03/24 ലെ നീക്കിയിരിപ്പ് (രൂപ)	റിമാർക്സ്
1	ജില്ലാ സഹകരണ ബാങ്ക് (4030 പ്രഭാത സായാഹ്ന ശാഖ)	8281	ഇ എം എസ് ഭവന പദ്ധതിയിനത്തിൽ അവശേഷിക്കുന്ന തുക
2	Bank Of Baroda - 33020100001444	583047	House Hold Solid Waste Mgmt പ്രോജക്ടുമായി ബന്ധപ്പെട്ട തുക
3	കേരളാ ഗ്രാമീൺ ബാങ്ക് 40534101025246	2667	എ.യു.ഇ.ജി എസ് പ്രോജക്ടുമായി ബന്ധപ്പെട്ട തുക
4	ICICI Bank (NULM)	0	ഒരേ പ്രോജക്ടിനായി രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു.
5	Canara Bank (NULM) 110006089777	0	
6	Bank Of Baroda - 33020100000637	0	എ.യു.ഇ.ജി എസ് പ്രോജക്ടുമായി ബന്ധപ്പെട്ട പഴയ അക്കൗണ്ട്
7	Federal Bank 109701000065202	0.35	അക്കൗണ്ട് വിവരങ്ങൾ ലഭ്യമായില്ല
8	SBI – 10366887808 (IDSMT)	0.34	-
9	Central Bank -2034323326	0	നിലവിൽ വിനിമയമില്ലാത്ത അക്കൗണ്ട് ക്ലോസ്

			ചെയ്യേണ്ടതാണ്.
10	SBT LC – 67314843109	4219	നിലവിൽ വിനിമയമില്ലാത്ത അക്കൗണ്ട്. ക്ലോസ് ചെയ്യേണ്ടതാണ്.
11	SBI Online-67308514364	2423	നിലവിൽ വിനിമയമില്ലാത്ത അക്കൗണ്ട്. ക്ലോസ് ചെയ്യേണ്ടതാണ്.
12	South Indian Bank LC-	26251	നിലവിൽ വിനിമയമില്ലാത്ത അക്കൗണ്ട്. ക്ലോസ് ചെയ്യേണ്ടതാണ്.
13	CSB POS	1296	നിലവിൽ വിനിമയമില്ലാത്ത അക്കൗണ്ട്. ക്ലോസ് ചെയ്യേണ്ടതാണ്.
14	SBI Suchitwa Mission 32842590800	0	ശുചിത്വമിഷൻ അക്കൗണ്ടുമായി ബന്ധപ്പെട്ട തുക
15	SBT NSDP 67005239821	0	-
16	SBT 67134840021	437606	SSA
17	Nationalised Bank Special Fund	0	-
18	SBI 10366887263	4419.86	Literacy (തുടർ വിദ്യാഭ്യാസം)
19	MF/MCF വികസന ഫണ്ട്	0	വികസന ഫണ്ട് (പൊതു വിഭാഗം)
20	MF/MCF വികസന ഫണ്ട്	0	വികസന ഫണ്ട് (SCP)
21	Treasury MF	0	മെയിന്റനൻസ് ഫണ്ട്
22	MFA-IV	0	-

2)ചുവടെ ചേർക്കുന്ന ട്രഷറി അക്കൗണ്ടുകൾ നിലവിൽ വിനിമയമില്ലാത്തവയും 31/03/24 ൽ സീറോ ബാലൻസ് ഉള്ളവയുമാണ് .എന്നാൽ വാർഷികകണക്കുകൾ RP 40(b) യിൽ ആയവ നിലനിർത്തിയിട്ടുണ്ട്. ആവശ്യമില്ലാത്തവ അക്കൗണ്ടുകൾ അനുമതിയോടുകൂടി ക്ലോസ് ചെയ്ത് വാർഷിക കണക്കുകളിൽ നിന്ന് ഒഴിവാക്കേണ്ടതും തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

ട്രഷറി അക്കൗണ്ടുകൾ	റിമാർക്സ്
TSB Ownfund	ട്രഷറി തനത് ഫണ്ട്
TPA 2	റഗുലർ പെൻഷൻ
Treasury Account Covid	കോവിഡ്
TPA 3	കണ്ടിജന്റ് പെൻഷൻ
TPA582	പഴയ ട്രഷറി അക്കൗണ്ട്
TPA 1	പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്
Treasury Covid	CFLTC അക്കൗണ്ട്
Treasury MFA-V-KLGDSP	പഴയ ട്രഷറി അക്കൗണ്ട്

TSB155PF	പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്
Treasury MF General Purpose	GPF
TSB Own Fund	Treasury Own Fund

1-13-1 എസ് സി പി ഫണ്ട് - വിനിയോഗലക്ഷ്യം കൈവരിച്ചില്ല - പരിഹാര വകയിരുത്തലിന്റെ ഭാഗമായി 2024-25 വർഷം പൊതുവിഭാഗം ഫണ്ട് നഷ്ടം

സ.ഉ.(കൈ) നം.79/2021/ധന. തീ: 15.07.2021 പ്രകാരം 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCSP/TSP വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് (20% ക്യാരി ഓവർ തുക അനുവദിക്കുന്നത് ഒഴിച്ചുള്ളത്) അടുത്ത വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും തുല്യമായ തുക കുറവ് ചെയ്താണ് പരിഹരിക്കേണ്ടത്. തൻവർഷം എസ് സി പി ഫണ്ടിനത്തിൽ ബജറ്റ് വിഹിതമായി 17,16,600/-രൂപ ലഭിച്ചതിൽ 10,14,619/- (59.1%) രൂപ മാത്രമാണ് തൻവർഷം വിനിയോഗിച്ചത്. ആയതിനാൽ മേൽ ഉത്തരവനുസരിച്ച് എസ് സി പി വിഭാഗത്തിൽ ലഭിച്ച തുകയുടെ 80% എന്ന വിനിയോഗ ലക്ഷ്യം കൈവരിക്കാൻ സാധിക്കാത്തതിനാൽ തൻവർഷം ഷോർട്ട് ഫാൾ വന്ന തുകയായ 3,58,661/- രൂ. (1373280- 1014619) തുടർ വർഷത്തേക്കുള്ള പരിഹാര വകയിരുത്തൽ എന്ന് കണക്കാക്കി 2024-25 വർഷത്തെ സാധാരണ വിഹിതത്തിൽ നിന്നും കുറവ് ചെയ്ത് എസ് സി പി വിഹിതത്തിൽ വർദ്ധിപ്പിച്ച വിഹിതമായി ഉൾപ്പെടുത്തേണ്ടി വരുന്നതാണ്.

ആയതിനാൽ തുടർ വർഷങ്ങളിൽ എസ് സി പി വിഭാഗം ഫണ്ട് വകയിരുത്തിയുള്ള പ്രോജക്ടുകളുടെ നിർവഹണത്തിലും, വിനിയോഗ ലക്ഷ്യം കൈവരിക്കുന്നതിലും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ കൂടുതൽ ജാഗ്രതാ പൂർണമായ സമീപനം പുലർത്തേണ്ടതാണ്. ഓരോ വർഷവും ലഭ്യമാകുന്ന മുഴുവൻ തുകയും ചെലവഴിക്കുന്നതിനും തുടർ വർഷങ്ങളിൽ പരിഹാര വകയിരുത്തൽ നടത്തേണ്ടി വരുന്നതു മൂലമുള്ള വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തൽ / വിനിയോഗത്തിലെ അസന്തുലിതാവസ്ഥ ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13-2 അംഗീകാരം കിട്ടിയ 96 റോഡ്പ്രവൃത്തികൾ നടപ്പായില്ല- മെയിന്റനൻസ് ഫണ്ട് വിഹിതം 1.36കോടിയിലധികം രൂപ നഷ്ടമായി

2023-24ൽ അനുവദിച്ച റോഡ് മെയിന്റനൻസ് ഫണ്ട് വിഹിതമായ ₹3,08,63,350/-രൂപയിൽ 1,1031331/- രൂപ മാത്രമാണ് ചെലവഴിച്ചത്. വിവിധ കാരണങ്ങളാൽ 1,98,32019/-രൂപയുടെ ബില്ലുകൾ സാമ്പത്തികവർഷത്തിൽ പണമാക്കുവാൻ സാധിച്ചിരുന്നില്ല. അനുവദിച്ച ഫണ്ടിന്റെ 35.74 ശതമാനം മാത്രമാണ് ചെലവ്. 15.07.2021ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2021-22 മുതൽ ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന സംരക്ഷണ ഗ്രാന്റിൽ അനുവദിച്ച ഫണ്ടിന്റെ പരമാവധി 20 ശതമാനം വരെ, ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ, അടുത്ത സാമ്പത്തിക വർഷം ക്യാരി ഓവർ ചെയ്യുവാൻ അനുമതിയുള്ളൂ. ക്യാരി ഓവർ വിഹിതം ലഭ്യമാകാത്ത പക്ഷം തൻ വർഷം ചെലവഴിക്കാൻ സാധിക്കാതിരുന്ന ₹1.98 /-കോടി രൂപയും നഷ്ടമാകുന്ന സ്ഥിതിവിശേഷമാണ്. പ്രസ്തുത വിഷയത്തിലേയ്ക്ക് ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

1-13 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ സി ആർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. വാർഷികകണക്കുകൾ B4 ഷെഡ്യൂൾ പ്രകാരം വിവിധ ശീർഷകങ്ങളിൽ നീക്കിയിരിപ്പുള്ള ഗ്രാന്റുതുകകളുടെ ഇനം, ഉദ്ദേശ്യം , നീക്കിയിരിപ്പുതുകകൾ ക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (26/20.01.25) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബാലൻസ് ഷീറ്റിലെ കണക്ക് ശീർഷകം	ഇനം	B4 ഷെഡ്യൂൾ പ്രകാരം തുക (രൂപ)	റിമാർക്സ്
320100100	Grants For Specific Purpose-From Central Govt	3951597	പി എം എ വൈ ഇൻക്ലൂഡിംഗ് ഹഡ്കോ ലോൺ ഇനത്തിൽ ബാലൻസ് തുകയായ2193239 രൂപ ഐസിഐസിഐ പിഎഫ്എംഎസ്

			അക്കൗണ്ടിൽ നിലനിൽക്കുന്നതും എസ് എൻ പി സെൻട്രൽ ഷെയർ ഇനത്തിൽ 1639942 രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നതും , ശുചിത്വമിഷൻ എഫ് ഡി ഇനത്തിൽ 94416 രൂപ സ്റ്റേറ്റ് ബാങ്ക് ഇൻഡ്യയിൽ നിലനിൽക്കുന്നതും അങ്കണവാടികളുടെ നെയിംബോർഡ് സ്ഥാപിക്കുന്നതിലേയ്ക്ക് മുൻവർഷങ്ങളിൽ അനുവദിച്ച 24000 രൂപ തനത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതുമാണ്.
320200205	Fund For Transferred Institutions - Social Welfare - Capital	18013	ഐ സി ഡി എസ് ഫണ്ട് ഇനത്തിൽ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തനത് ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നതാണ്.
320200206	Fund For Transferred Institutions - Health - Capital	5619169	ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ തൻവർഷ ബാലൻസ് കാനറാ ബാങ്ക് ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിലനൽക്കുന്നതാണ്.
320200207	Fund For Transferred Institutions - Ayurveda- Capital	2383173	ഹെൽത്ത് ഗ്രാന്റ് സപ്പോർട്ട് ഫോർ ഡയഗ്നോസിറ്റിക് ഇൻഫ്രാസ്ട്രക്ചർ ഇനത്തിൽ തൻവർഷം ലഭിച്ച തുക കാനറാ ബാങ്ക് ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിലനൽക്കുന്നതാണ്.
320300100	Other Govt Agencies	510950	ഗവ.ഹോസ്പിറ്റലിൽ ലിംബ് ഫിറ്റിംഗ് സെന്ററർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ തുക എൽ ജി റ്റി എസ് ബി അക്കൗണ്ടിൽ നിക്ഷേപിച്ചതിൽ ബാലൻസ് 510950 രൂപ 31/03/24 ൽ അക്കൗണ്ടിൽ അവശേഷിച്ചിരുന്നതും 25/09/24 ന് തിരികെ ഹോസ്പിറ്റൽ ഫണ്ടിലേയ്ക്ക് നൽകിയതുമാണ്.
320500100	Welfare Bodies	17854788	മുൻവർഷങ്ങളിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്ന് ലഭിച്ച തുകയാണ് ഈ

			ഹെഡിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
320802000	Grant For Projects	129138	ശുചിത്വ മിഷൻ ഫണ്ട് ഇനത്തിൽ ബാലൻസ് തുകയായ 129138 രൂപ ഐസിഐസിഐ ബാങ്കിൽ നിലനിൽക്കുന്നത്.
320809900	Other Grants And Contribution For Specific Purpose	5636088	ശബരിമല ഫണ്ട് ഇനത്തിൽ കാത്തലിക് സിറിയൻ ബാങ്കിൽ ബാലൻസ് ഉള്ള 591780 രൂപയും ശബരിമല ഫണ്ട് എൽ ജി റ്റി എസ് ബി യിൽ 2022-23 ൽ ലഭിച്ച 1000000 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതും മൂന്നാനി ബസ് ടെർമിനൽ സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 4044308 രൂപ എൽ ജി റ്റി എസ് ബി യിൽ നിക്ഷേപിച്ചത് ചെലവഴിക്കാതെ അവശേഷിക്കുന്നതുമാണ്.
320801000	Beneficiary Contribution	375429	ഗുണഭോക്തൃവിഹിതം ബാലൻസ് തുക തനത് ഫണ്ടിൽ അവശേഷിക്കുന്നത്.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ മേൽവിവരിച്ച പ്രകാരമുള്ള വിവരങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും അവശേഷിക്കുന്ന തുകകൾ ക്രമീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന നഗരസഭയ്ക്ക് അർഹമായ വിടവ് നികത്തൽ ഫണ്ട് നിർണ്ണയിച്ച് ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താൻ കഴിയാത്തതിന്റെ ഒരു പ്രധാനകാരണം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കാത്തതാണ്. മേൽ വിവരങ്ങൾ ഉൾപ്പെടുത്തി അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിന് നഗരസഭാ അക്കൗണ്ട്സ് വിഭാഗം പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്.

1-14 നഗരസഭയുടെ സാമ്പത്തികസ്ഥിതിയുടെ വിശകലനം-ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി വെളിപ്പെടുത്തുന്നു.

പാലാ നഗരസഭയുടെ വരവുചെലവുകണക്കുകളും ആസ്തിബാധ്യതാകണക്കുകളും പരിശോധിച്ചതിലും വിശകലനം ചെയ്തതിലും നഗരസഭ വളരെ സങ്കീർണ്ണമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി കാണുന്നു. സാമ്പത്തിക പരാധീനത മൂലം യഥാസമയം കൊടുത്ത് തീർക്കാൻ കഴിയാതിരുന്ന ഏകദേശം 18 കോടിയിലധികം രൂപയാണ് നിലവിൽ നഗരസഭയുടെ അടിയന്തിര ബാദ്ധ്യതയായി അവശേഷിക്കുന്നത്. തനതുവരുമാനവർദ്ധനവിനുള്ള പുതിയ സ്രോതസ്സുകൾ കണ്ടെത്താനാകാത്തത്, നിലവിലുള്ളവ ഫലപ്രദമായി പ്രയോജനപ്പെടുത്താനാകാത്ത സാഹചര്യം, തനതു വരവിനങ്ങളിലെ വൻകുടിശ്ശിക, റവന്യൂ ഭരണച്ചെലവുകൾ ഗണ്യമായി വർദ്ധിച്ചുവരുന്ന സാഹചര്യം തുടങ്ങിയവയാണ് നഗരസഭയുടെ സാമ്പത്തിക പ്രതിസന്ധിക്ക് പ്രധാന കാരണങ്ങളായിട്ടുള്ളത്. എന്നാൽ ഇപ്രകാരമുള്ള കുടിശ്ശികകളും ബാധ്യതകളും സംബന്ധിച്ച പൂർണ്ണവും ആധികാരികവുമായ രജിസ്റ്ററുകൾ/ രേഖകൾ നഗരസഭയിൽ നിലവിൽ ലഭ്യമല്ല. ആയതിനാൽത്തന്നെ ഇത് സംബന്ധിച്ച വാർഷികധനകാര്യപത്രികയിലെ കണക്കുകളുടെ കൃത്യതയും ഉറപ്പാക്കാനാകുന്നില്ല. വിവിധ വരവിനങ്ങളുടെ ഡിസിബി കണക്കുകൾ ,വരവിനങ്ങളിൽ നിലനിൽക്കുന്ന ഗണ്യമായ കുടിശ്ശിക , ശമ്പളം, പെൻഷൻ ഇനങ്ങളിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ബാധ്യത, ആസ്തിസൃഷ്ടിക്കലിനായി കടമെടുത്ത കോടികളുടെ വായ്പാബാധ്യത, നിക്ഷേപങ്ങൾ തിരികെ നൽകാനുള്ള ഇനത്തിലെ കുടിശ്ശിക, ശമ്പളപരിഷ്ക്കരണകുടിശ്ശിക , ജീവനക്കാർക്കും, റഗുലർ/ കണ്ടീജന്റ് വിഭാഗം പെൻഷൻകാർക്കുമുള്ള ക്ഷാമബത്താകുടിശ്ശികകൾ തുടങ്ങിയ ആസ്തി -ബാധ്യതാകണക്കുകളും, അനിവാര്യചുമതലകൾക്കായുള്ള വരവുചെലവുകണക്കുകളും നഗരസഭയുടെ വാർഷികധനകാര്യപത്രിക,

അനുബന്ധരേഖകൾ, ലഭ്യമായ ഇതരരേഖകൾ, മിനിറ്റ്സ് രേഖകൾ എന്നിവ പരിശോധിച്ചും, സ്റ്റിയറിംഗ് കമ്മിറ്റിയുടെ ധനസ്ഥിതി സംബന്ധിച്ച പഠനറിപ്പോർട്ട്, ജീവനക്കാരിൽനിന്നും ഭരണാധികാരികളിൽനിന്നും നേരിട്ട് ലഭിച്ച വിവരങ്ങൾ/ വിശദീകരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും സമഗ്രമായി വിലയിരുത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ നിലവിലെ ധനസ്ഥിതിയും സാമ്പത്തികപ്രതിസന്ധിയും സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ ചുവടെ അവലോകനം ചെയ്യുന്നു.

ചെലവുകളും ബാധ്യതകളും

1) വായ്പബാധ്യത

തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ്, കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ്, മൂന്നാനി ലോയേഴ്സ് ചേംബർ നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് എടുത്ത വായ്പയിൽ തിരിച്ചടയ്ക്കാനുള്ളതുക	5,62,86,384/-
മൂന്നാനി ലോയേഴ്സ് ചേംബർനിർമ്മാണത്തിനായി എടുത്ത പുതിയ വായ്പതുകയിൽ തിരിച്ചടയ്ക്കാനവശേഷിക്കുന്നത്	2,06,40,282/-
വായ്പാതുകയുടെ പലിശയിനത്തിലുള്ള കുടിശ്ശികയിൽ തിരിച്ചടയ്ക്കാനവശേഷിക്കുന്ന തുക	1,07,50000/-
ആകെ വായ്പാബാധ്യത	8,76,76,666/-

2)ഡെപ്പോസിറ്റ് റീഫണ്ട്

കൊട്ടാരമറ്റം, മൂന്നാനി, തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ ഡെപ്പോസിറ്റ് റീഫണ്ടിന് അപേക്ഷിച്ചവർക്ക് തിരികെ അനുവദിക്കാനുള്ള തുക	90,56,879
കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സിന്റെ ഡെപ്പോസിറ്റ് റീഫണ്ട് ഇനത്തിൽ നൽകുവാനുള്ള തുക	15,46,293/-
ആകെ	1,06,03,172/-

3) ലൈബ്രറി സെസ്സ്

നഗരസഭയിലെ കണക്കുകൾ പ്രകാരം താഴെപ്പറയുന്ന വർഷങ്ങളിലെ ലൈബ്രറി സെസ്സ് തുകകൾ അടവാക്കാൻ അവശേഷിക്കുന്നു.

ക്രമ നം.	വർഷം	അടവാക്കാനുള്ള ലൈബ്രറി സെസ്സ് തുക
1	2020-21	1295837
2	2021-22	1264573
3	2022-23	1516073
4	2023-24	1173133
	ആകെ	**5249616**

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ ഇനത്തിൽ 6375556.40 രൂപയാണ് ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്.

4) മറ്റ് ബാധ്യതകൾ

1	പെൻഷൻപരിഷ്ക്കരണം, ശമ്പള പരിഷ്ക്കരണം, ക്ഷാമബത്താ കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള തുക-	1,9,52,922/-
1	പെൻഷൻ ആനുകൂല്യങ്ങൾ,ടെർമിനൽ സറണ്ടർ എന്നീയിനങ്ങളിൽ റിട്ടയർ ചെയ്ത റഗുലർ/ കണ്ടീജന്റ് ജീവനക്കാർക്ക് നൽകാനുള്ള തുക	1,28,74,377/-
2	ശുചിത്വമിഷൻഫണ്ടിലേക്ക് തിരിച്ചടയ്ക്കാനുള്ള തുക	1,22,00000/-
3	വെള്ളക്കരം കുടിശ്ശിക ഇനത്തിൽ അടവാക്കാനവശേഷിക്കുന്നതുക	4,25,08,771/-
4	സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരകുടിശ്ശിക ഇനത്തിൽ അടവാക്കാനവശേഷിക്കുന്നതുക	9,28,205/-
5)	ശ്രീ ജോസ് ആന്റണി നഗരസഭയ്ക്കെതിരെ ഫയൽ ചെയ്ത EP No. 61/2020 നമ്പർ കേസിൽ ആവശ്യപ്പെട്ട തുക	65,16,510/-
	ആകെ	7,69,80,785/-
ബാധ്യതകൾ- ആകെ മൊത്തം (1+2+3+4+5) = 18,05,10,239		

നഗരസഭയുടെ ശരാശരി തനതുവാർഷികവരുമാനവും വാർഷികചെലവും (2023-24 അടിസ്ഥാനമാക്കിയുള്ള കണക്ക്)

വരുമാനം

വിവിധ ഇനങ്ങളിലായി നഗരസഭയുടെ തനതുവാർഷികവരുമാനം സംബന്ധിച്ച ഏകദേശകണക്ക് ചുവടെ പട്ടികയിൽ ചേർക്കുന്നു.

വസ്തുനികുതി	3,30,00,000/-
തൊഴിൽനികുതി	1,25,00,000/-
കെട്ടിടനിർമ്മാണപെർമിറ്റ്	20,00,000/-
വാടക	50,00,000/-
ലേലം	10,00,000/-
വിനോദനികുതി	3,00,000/-
സ്റ്റേഡിയം , ടൗൺഹാൾ	12,00,000/-
പൊതുആവശ്യഫണ്ട്	1,50,00,000/-
ആകെ	7,00,00,000/-

ശരാശരി വാർഷിക ചെലവ്

ശമ്പളവും പെൻഷനും ഹോണറേറിയവും മറ്റ് പ്രവർത്തനചെലവുകളുമുൾപ്പെടെ നഗരസഭയുടെ ഒരുവർഷത്തെ ശരാശരിചെലവ് 9 കോടി രൂപയ്ക്ക് മുകളിലാണ്. ഏകദേശകണക്കുകൾ ചുവടെ ചേർക്കുന്നു.

ശമ്പളം , പെൻഷൻ, ഹോണറേറിയം	7,20,00,000
കറന്റ് ചാർജ്	30,00,000/-

ഇന്ധനചെലവ് (ഗ്യാസുൾപ്പെടെ)	17,40,000/-
എസ്റ്റാബ്ലിഷ്മെന്റ് ചെലവ്	3,00,000/-
വെള്ളക്കരം	21,60000/-
വായ്പ അടവാക്കൽ	1,38,00,000/-
വാഹനമെയിന്റനൻസ്	5,00,000/-
ആകെ	9,35,00,000/-

ശരാശരി വാർഷിക വരവിനേക്കാൾ 2,35,00,000/- അധികമാണ് ശരാശരി വാർഷിക ചെലവ്.

നഗരസഭയ്ക്ക് കിട്ടാനുള്ള കുടിശ്ശിക തുകകൾ (31-3-24 അടിസ്ഥാനമാക്കിയുള്ളത്)

പിരിഞ്ഞുകിട്ടാനുള്ള നികുതി/നികുതിയേതര വരവുകൾ, സെൻട്രൽ പെൻഷൻഫണ്ടിൽനിന്നും ലഭിക്കാനവശേഷിക്കുന്ന തുക മുതലായ ഇനങ്ങളിലായി നഗരസഭയ്ക്ക് ലഭ്യമാകാനുള്ള തുകകളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	തുക	റിമാർക്സ്
വസ്തുനികുതി	1.31 കോടി	AFS പ്രകാരം 8.78 കോടി രൂപ മാത്രമാണ് ബാധ്യതയായി കാണിച്ചിട്ടുള്ളത്.
തൊഴിൽനികുതി (ട്രയിഡേഴ്സ്)	18 ലക്ഷം	
വാടക	38 ലക്ഷം	
സെൻട്രൽ പെൻഷൻഫണ്ടിൽനിന്നും ലഭിക്കാനുള്ളതുക	9.85കോടി	
ആകെ	11.72കോടി	

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ

* 72 മുറികളുള്ള മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിടം വാടകയ്ക്ക് നൽകി വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരപ്രാധാന്യത്തോടെ ചർച്ചചെയ്ത് യുക്തമായ നടപടികൾ സ്വീകരിക്കുക.

* വസ്തുനികുതിയൊടൊപ്പം സേവനഉപനികുതികൂടി ഉൾപ്പെടുത്തി വരുമാനവർദ്ധനവിനുള്ള സാധ്യത പരിഗണിക്കാവുന്നതാണ്.

*കെട്ടിടനികുതിയിനത്തിലും വാടകയിനത്തിലും വർഷങ്ങളായി കുടിശ്ശിക വരുത്തിയവരുടെ വിവരം വാർഡടിസ്ഥാനത്തിൽ ലിസ്റ്റ്ചെയ്ത് കുടിശ്ശിക ഈടാക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കാവുന്നതാണ്.

*നിയമപരമായ നടപടികൾ സ്വീകരിച്ചതിന് ശേഷവും കുടിശ്ശിക അടയ്ക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ സമയബന്ധിതമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതും തുകയുടെ റിക്കവറി കൃത്യമായി നിരീക്ഷിക്കേണ്ടതുമാണ്.

*ഓരോ വാർഡിലേയും കുടിശ്ശിക സമാഹരണയജ്ഞത്തിൽ അതാത് വാർഡിന്റെ ജനപ്രതിനിധിയുടെ സേവനം കൂടി തേടാവുന്നതാണ്.

*ഒഴിവായികിടക്കുന്ന എല്ലാ മുറികളും ലേലം ചെയ്യുന്നതിനുള്ള ഊർജ്ജിതനടപടികൾ സ്വീകരിക്കുക

*നഗരസഭ വരുമാനദായകമായ എല്ലാ നിഷ്ക്രിയ ആസ്തികളും വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിനൊപ്പം തനതുവിഭവസ്രോതസ്സുകൾ പുതിയതായി കണ്ടെത്താൻ കഴിയാത്ത നിലവിലെ സാമൂഹ്യസാഹചര്യങ്ങളും, പെൻഷൻകാരുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നതിനാൽ നഗരസഭയുടെ പെൻഷൻബാധ്യത ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പെൻഷൻ ,പിഎഫ് അലോട്ട്മെന്റ് കുടിശ്ശികകൾ പൂർണ്ണമായും അനുവദിച്ച് ലഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്താവുന്നതാണ്.

*അമൃത് പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള കുമാരനാശാൻ പാർക്കിന്റെ നവീകരണപ്രവൃത്തികൾ പൂർത്തീകരിച്ചുലഭിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതും ബൈലോ തയ്യാറാക്കി പാർക്ക് വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ് .

* സ്റ്റേഡിയം, ടൗൺഹാൾ മുതലായവ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കേണ്ടതും എല്ലാ പരിപാടികൾക്കും നിശ്ചിത വാടക നിശ്ചയിക്കാവുന്നതും സൗജന്യമായി അനുവദിക്കുന്ന നടപടി ഒഴിവാക്കേണ്ടതുമാണ്.

* വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ഡിമാന്റിന്റെ നിജസ്ഥിതി പരിശോധിച്ച് നഗരസഭയുടെ ബാധ്യതാ കണക്കുകളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

* തെരുവുവിളക്ക് മെയിന്റനൻസുമായി ബന്ധപ്പെട്ട് കേടാകാത്തതുൾപ്പെടെയുള്ള എല്ലാ വിളക്കുകളുടേയും എണ്ണം കണക്കാക്കി എ.എം.സി നൽകുന്നതിലൂടെ അധിക ചെലവ് ഉണ്ടാകുന്നുണ്ടോ എന്ന വിഷയത്തിൽ കൃത്യമായ പരിശോധന നടത്തേണ്ടതും ഈ വിഷയത്തിൽ നഗരസഭയുടെ സാമ്പത്തികതാൽപര്യത്തിനനുസൃതമായ രീതിയിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതുമാണ്.

1-15 സേവനവിരാമ ആനുകൂല്യങ്ങളുടെ വിതരണത്തിലും പ്രതിമാസ പെൻഷൻ വിതരണത്തിലും നേരിടുന്ന വെല്ലുവിളികൾ .

- **പ്രധാന അപാകതകൾ ഒറ്റനോട്ടത്തിൽ**

*നഗരസഭയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ വർഷങ്ങളായി ജീവനക്കാരുടെ പെൻഷൻകോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലേക്കും മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻവിഹിതം നഗരസഭാതലത്തിലുള്ള പെൻഷൻ ഫണ്ട് അക്കൗണ്ടിലേക്കും അടവാക്കുന്നില്ല. പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കാൻ കഴിയാത്ത അവസ്ഥ ഗുരുതരമായ സാമ്പത്തീക പ്രതിസന്ധിയിലേയ്ക്ക് നയിക്കുന്നു.

*സെൻട്രൽ പെൻഷൻഫണ്ടിൽനിന്നും നഗരസഭയ്ക്ക് ലഭിക്കേണ്ട തുക കൃത്യമായി നിർണ്ണയിക്കാൻ കഴിയാത്തത് മൂലം അർഹമായ തുക റീഇംബേഴ്സ് ചെയ്ത് ലഭിക്കുന്നില്ല. മുനിസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട വിനിമയകണക്കുകളിൽ തികഞ്ഞ സങ്കീർണ്ണതയും അവ്യക്തതയും.

*സേവനവിരാമ പെൻഷൻ ആനുകൂല്യങ്ങൾ കൃത്യമായും സമയബന്ധിതമായും വിതരണം ചെയ്യാൻ കഴിയുന്നില്ല. ഇതിന്മേൽ നഗരസഭയും സർക്കാരും എതിർ കക്ഷിയായി നിരവധി കോടതി വ്യവഹാരങ്ങൾ നേരിടേണ്ടി വരുന്നു. കോടതി വ്യവഹാരങ്ങൾ പ്രതിരോധിക്കുന്നതിന് ഭീമമായ തുക ഗുണപരമല്ലാതെ ചെലവഴിക്കേണ്ടി വരുന്നു.

*പെൻഷൻ വിതരണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഒരു ട്രഷറി ഓഫീസർക്ക് സമാനമായ ഉത്തരവാദിത്വങ്ങളും അധികാരങ്ങളും നിർവ്വഹിക്കാൻ നിയമപരമായി ചുമതലപ്പെട്ട മുനിസിപ്പൽ സെക്രട്ടറിക്ക് ആയത് തൃപ്തികരമായി നിർവ്വഹിക്കാൻ സാധിക്കുന്നില്ല.

നഗരസഭയുടെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം പെൻഷൻ വിതരണത്തിനായി വന്നിട്ടുള്ള ചെലവുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം	ചെലവഴിച്ച തുക
ഓഡിറ്റ് വർഷം നഗരസഭയിലുണ്ടായിരുന്ന റഗുലർ പെൻഷൻകാരുടെ എണ്ണം	58	1,48,97,889
കണ്ടീജന്റ് വിഭാഗം പെൻഷൻകാരുടെ എണ്ണം	52	1,01,00,972
ആകെ	**110**	**2,49,98,861**
പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ/ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കിയ തുക		0
സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും തൻവർഷം ലഭിച്ച അലോട്ട്മെന്റ്		30,00,000
വിവിധ കോടതിവ്യവഹാരവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലേക്കായി ലഭിച്ച തുക		1,21,93,402
ആകെ		**1,51,93,402**
സെൻട്രൽപെൻഷൻഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക		
സെൻട്രൽപെൻഷൻഫണ്ടിൽനിന്നും നാളിതുവരെ (31-3-24) റീ ഇംബേഴ്സ് ചെയ്ത് ലഭിക്കാനുള്ള തുക		10,35,37,734

പെൻഷൻ വിതരണം നഗരസഭയ്ക്ക് ബാധ്യത

കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. പാലാ നഗരസഭയുടെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്നും നഗരസഭയ്ക്കർഹമായ തുക ലഭിക്കുന്നില്ലാത്തതിനാലും, റഗുലർ, കണ്ടീജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻകോൺട്രിബ്യൂഷൻ ഇനത്തിൽ നഗരസഭയിൽനിന്നും നാളുകളായി തുക

അടവാക്കുന്നില്ലാത്തതിനാലും നഗരസഭ നേരിട്ടുകൊണ്ടിരിക്കുന്ന വളരെ സങ്കീർണ്ണമായ സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും പെൻഷൻവിതരണം സുഗമമായി നടത്താൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്നതായിട്ടാണ് കാണുന്നത്. റഗുലർ/ കണ്ടീജന്റ് പെൻഷൻ വിതരണം ചെയ്യുന്നത് തനതുഫണ്ടിൽനിന്നാണ്. നഗരസഭയിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നതിനാൽ ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിക്കുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്നില്ല . വിരമിച്ച ജീവനക്കാർ തങ്ങളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വിവിധ കോടതികളെ സമീപിച്ച് അനുകൂലവിധി സമ്പാദിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതാണ് നിലവിലെ അവസ്ഥ. ഇതിന് കാലതാമസം നേരിടുന്നുണ്ട്. വൈകി ലഭിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾക്ക് പലിശ നൽകണമെന്ന് ജീവനക്കാർ ആവശ്യപ്പെടുകയും കോടതി ആയത് അനുവദിക്കുകയും ചെയ്താൽ നഗരസഭയ്ക്ക് അത് അധികബാധ്യത ഉണ്ടാക്കുന്നതാണ്. മാത്രമല്ല കേസ് നടത്തിപ്പിനായും തുക ചെലവഴിക്കേണ്ടതായിവരുന്നു.

പെൻഷൻ രേഖകളുടെ സൂക്ഷിപ്പ്

നഗരസഭയുടെ പെൻഷൻവിതരണവുമായി ബന്ധപ്പെട്ട് റിട്ടയർ ചെയ്ത ജീവനക്കാരുടെ പേര്, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, പെൻഷൻ അനുവാദറിപ്പോർട്ട് പ്രകാരം അർഹമായതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങൾ, പെൻഷൻ റീസ്റ്റോറേഷൻ വിവരം, ഫാമിലി പെൻഷണർക്ക് ഉയർന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെൻഷൻ റിവിഷൻ എന്നിവ രേഖപ്പെടുത്തി പെൻഷൻ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഫണ്ടിന്റെ കുറവ് മൂലം പെൻഷൻ ആനുകൂല്യങ്ങൾ പല തവണകളായിട്ടാണ് (മിക്കപ്പോഴും റിട്ടയർ ചെയ്ത ജീവനക്കാർ കേസ് നൽകുമ്പോൾ) അനുവദിക്കാറുള്ളത്. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതുമായ പെൻഷൻ ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഇരട്ടിപ്പ്, കുറവ് എന്നിവയുണ്ടായാൽ കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. പെൻഷൻ വിതരണത്തിലെ കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് സഹായകരമായ തരത്തിൽ ഓരോ പെൻഷണറുടേയും പെൻഷൻ വിശദാംശങ്ങൾ (വിരമിക്കൽ തീയതി, അടിസ്ഥാനപെൻഷൻ തുക/ ഫാമിലി പെൻഷൻ, കമ്മ്യൂട്ടഡ് വാല്യൂ , അവശിഷ്ട പെൻഷൻ, പെൻഷൻ പുനസ്ഥാപിച്ചതിന്റെ വിവരം , പെൻഷൻ ആനുകൂല്യങ്ങൾ നൽകിയതിന്റേയും നൽകാനവശേഷിക്കുന്നതിന്റേയും വിവരങ്ങൾ) ഉൾപ്പെടുത്തി സമഗ്രമായ പെൻഷൻ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. 2023-24 ലെ തനത്ഫണ്ട് വൗച്ചറുകളോടൊപ്പം ജീവനക്കാർക്ക് അനുവദിച്ചിരുന്ന പെൻഷൻ/ഫാമിലി പെൻഷൻ തുക, റിക്കവറി എന്നിവ കാണിക്കുന്ന പത്രികയാണ് സൂക്ഷിച്ചിട്ടുള്ളത്. മേൽ ജീവനക്കാരുടെ ബാങ്ക് അക്കൗണ്ട് നം, IFSC കോഡ്, പെൻഷൻ തുക തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ പത്രിക പെൻഷൻ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ടെങ്കിലും ഈ പത്രികകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് തന്നെയാണോ യഥാർത്ഥത്തിൽ പെൻഷൻ തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാനുള്ള രേഖകൾ ഫയലില്ല. ഇത് സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ രേഖകൾ ബാങ്കിൽ നിന്നും വാങ്ങുന്നില്ല. കൂടാതെ കാലാകാലങ്ങളിൽ നടപ്പാക്കുന്ന പെൻഷൻപരിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിൽ പെൻഷനിൽ വരുത്തുന്ന മാറ്റങ്ങൾക്കനുസരിച്ച് റിവൈസ്ഡ് പെൻഷൻ അനുവദിച്ച് പോരുന്നുണ്ടെങ്കിലും വ്യക്തഗത ഫയലുകളിലെ പെൻഷൻ പേമെന്റ് ഓർഡർ, പെൻഷൻബുക്ക് തുടങ്ങിയ അടിസ്ഥാനരേഖകളിൽ ആയതനുസരിച്ചുള്ള രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല. മാത്രമല്ല കമ്മ്യൂട്ടേഷൻ കാലയളവിന് ശേഷമുള്ള പെൻഷൻ റീസ്റ്റോറേഷൻ, ഫാമിലി പെൻഷൻ ഉയർന്ന നിരക്കിൽ നിന്നും സാധാരണ നിരക്കിലേയ്ക്ക് മാറ്റുന്നുണ്ടോ, സമയബന്ധിതമായി പെൻഷൻ പരിഷ്ക്കരിക്കുന്നുണ്ടോ തുടങ്ങിയവ യഥാസമയം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. കോടതി കേസുകളുടെ അടിസ്ഥാനത്തിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന സംഗതികളുടെ കാര്യത്തിൽ ഇവയ്ക്കുമാത്രമായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നത് തുടർ നിരീക്ഷണത്തിനും തുടർ നടപടികൾ വേഗത്തിലാക്കുന്നതിനും സഹായകരമാവുന്നതാണ്.

1-16 വസ്തു നികുതിയിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു

നഗരസഭയുടെ 2023-24 വാർഷിക ധനകാര്യ പത്രിക ബി 15 ഷെഡ്യൂൾ അനുസരിച്ച് വസ്തു നികുതിയനത്തിൽ 2.41 കോടി രൂപയിലധികം കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	431100100 – Receivables For Property Tax (Current)	13722738/-
2	431100200 – Receivables For Property Tax (Arrear)	10454549/-
	ആകെ	24177287/-

വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യം, നികുതി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(23/20.01.2025) നികുതി തുക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തനത് ഫണ്ട് സ്രോതസ്സുകൾ വളരെ കുറവായി നിൽക്കുന്ന സാഹചര്യത്തിലും, അനിവാര്യചെലവുകൾപോലും നിർവ്വഹിക്കാൻകഴിയാത്തവിധം സാമ്പത്തികപ്രതിസന്ധി അഭിമുഖീകരിക്കുമ്പോഴും നികുതി കുടിശ്ശിക വർദ്ധിക്കുന്ന പ്രവണത ആശാസ്യമല്ല.

1-17 പുതിയ നികുതിനിരക്കുകൾ വിജ്ഞാപനം ചെയ്തതിനുശേഷവും ആയത് പ്രാബല്യത്തിലാക്കുന്നതിൽ വീഴ്ച

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22/03/2023-ലെ ജി.ഒ(എം)എസ്) 77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം 01/04/2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. 31/03/2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01/04/2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05/04/2023 ലെ സ.ഉ.(അച്ചടി) നം.25/2023/LSGD നം. ഉത്തരവ് അനുസരിച്ച് വിവിധ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ബാധകമായ പുതുക്കിയ നികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തത് നഗരസഭാ കൗൺസിൽ 15/12/2023-ലെ തീരുമാനം 1 പ്രകാരം അന്തിമമാക്കിയിട്ടുണ്ട്.

2023-24-ലെ സപ്ലിമെന്ററി അസ്സസ്മെന്റ് വിശദാംശങ്ങൾ പരിശോധിച്ചതിൽ 01/04/2023 ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 2013 മുതൽ പ്രാബല്യത്തിലുള്ള അടിസ്ഥാന നികുതി നിരക്കാണ് ബാധകമാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഉദാഹരണമായി ചില ഉപയോഗക്രമങ്ങളുടെ നികുതി നിരക്കിലുള്ള വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

ഉപയോഗക്രമം	നിർണ്ണയിക്കപ്പെട്ട നികുതി നിരക്ക്(രൂപ)	നോട്ടിഫിക്കേഷൻ പ്രകാരം നിർണ്ണയിക്കേണ്ട നികുതി നിരക്ക്(രൂപ)	വ്യത്യാസം(രൂപ) ചതുരശ്ര മീറ്ററിന്
പാർപ്പിടാവശ്യം (300 ച.മീ. വരെയുള്ളവ)	12	14	02
100 ച.മീ. മുതൽ 500 ച.മീ. വരെ വാണിജ്യാവശ്യം	75	85	10
ഓഫീസ് ആവശ്യം – മറ്റ് ഓഫീസ് കെട്ടിടങ്ങൾ	60	80	20

ഇപ്രകാരം കുറഞ്ഞ നിരക്കിൽ നികുതി നിർണയിച്ചതിനാൽ നികുതി നിർണയത്തിൽ കുറവുണ്ടായ ഏതാനും കെട്ടിടങ്ങളുടെ വിവരങ്ങൾ ഉദാഹരണമായി ചേർക്കുന്നു.

ക്രമ നം	കെട്ടിട നം., കെട്ടിട ഉടമ	ഉപയോഗക്രമം	വിസ്തീർണ്ണം(ച.മീ.)	നിലവിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി	നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി
1	V/ 23/1 ജ്യോതിസ് അഗസ്റ്റിൻ പൊട്ടനാനിയിൽ	പാർപ്പിടാവശ്യം – 300 ച.മീ. വരെയുള്ളവ	226.78	2721.36	3174.92
2	X/258/1 പി വി ജോയി പാറയ്ക്കൽ	പാർപ്പിടാവശ്യം – 300 ച.മീ. വരെയുള്ളവ	121.46	1457.52	1700.44
3	V/197/1 ദീപക് മാത്യു കിഴക്കേക്കര	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ. മുതൽ 500 ച.മീ. വരെ	309.56	23217.00	26312.60
4	XVII/ 46/3 ജോസ് തോമസ് കണ്ണംപ്ലാക്കൽ	ഓഫീസ് ആവശ്യം-മറ്റ് ഓഫീസ് കെട്ടിടങ്ങൾ	34.18	2050.80	2734.40

ഇപ്രകാരം പഴയ നിരക്കിൽ 01/04/2023-നു ശേഷം നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിൽ ഓരോ ചതുരശ്ര മീറ്ററിലും പട്ടികയിൽ സൂചിപ്പിച്ച പ്രകാരം കുറവുണ്ടാകുന്നതായി കാണുന്നു. അപാകത പരിഹരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/18.01.2025) ഇപ്രകാരം നികുതി കുറവായി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡേറ്റാ പ്യൂരിഫിക്കേഷന് Information Kerala Mission മുഖേന അടിയന്തിരമായി അനുമതി ലഭ്യമാക്കി അഡീഷണൽ ഡിമാന്റ് ജനറേറ്റ് ചെയ്യേണ്ടതും (കുറവു വന്ന നികുതി 2023-24 ലെ കുടിശിക ഡിമാന്റായി അക്കൗണ്ട് ചെയ്യേണ്ടതും) ആയത് കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കേണ്ടതും നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-18 വസ്തുനികുതി നിർണ്ണയം - തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് പരിഗണിക്കാത്തതുമൂലം നികുതിനഷ്ടം

കേരള മുനിസിപ്പൽ ആക്ട് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) **2011** ചട്ടം **6** പട്ടിക 6 പ്രകാരം തറനിർമ്മിതിയുടെ തരം അനുസരിച്ച് (മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് , മറ്റ് വിലയേറിയ വസ്തുക്കൾ) അടിസ്ഥാന വസ്തുനികുതിയിൽ **15%** വർദ്ധന വരുത്തേണ്ടതാണ്. നഗരസഭയിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം കണക്കിലെടുത്തതായി കാണുന്നില്ല.

ക്രമ നം.	ഉടമ	കെട്ടിട നമ്പർ	കെട്ടിടത്തിന്റെ തരം	വിസ്തീർണ്ണം (ച.മീ)	അടിസ്ഥാന നികുതി	തറ നിർമ്മിതിയുടെ തരം അനുസരിച്ച് അടിസ്ഥാന വസ്തുനികുതിയിലെ വർദ്ധന (15%)
1	വിജയൻ പി എൻ	10/ 363/ 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19	വാണിജ്യാവശ്യം	612.93	75/ച.മീ.	6895.46
2	സുരേഷ് എസ് എസ്റ്റിലോ പ്രോജക്ട്സ്	10/372/ 4, 5, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50	പാർപ്പിടാവശ്യം	3035.12	12/ച.മീ.	5463.22
3	ആന്റോ ജോസ് വടക്കേക്കുന്നേൽ	19/487/ 1, 2, 3, 4, 5, 6, 7, 8	വാണിജ്യാവശ്യം	340.65	75/ച.മീ.	3832.31

മേൽ കെട്ടിടങ്ങളുടെ നികുതിനിർണ്ണയം സംബന്ധിച്ച ഫോറം **-6** പരിശോധിച്ചതിൽ കെട്ടിടത്തിന്റെ തറ ഭാഗം മേൽത്തരം വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതിയാണെന്ന് കാണുന്നു. വസ്തുനികുതി ചട്ട പ്രകാരം മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ്, മറ്റ് വിലയേറിയ വസ്തുക്കൾ എന്നിവ കൊണ്ട് നിർമ്മിച്ചിട്ടുള്ള തറയുടെ ആകെ വിസ്തീർണ്ണം **250** ച.മീ - ന് മുകളിലായാൽ അത്രയും ഭാഗത്തിന് തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ബാധകമാക്കേണ്ടതാണ്. വസ്തു നികുതി നിർണ്ണയത്തിൽ തറ നിർമ്മിതി പരിഗണിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (21/20.01.2025) മേൽ കെട്ടിടങ്ങൾ വെവ്വേറെ മുറികളായി വസ്തു നികുതി നിർണ്ണയിച്ചതിനാൽ ഇത്തരം വർദ്ധനവിനുള്ള സംവിധാനം സഞ്ചയ, കെ-സ്മാർട്ട് സോഫ്റ്റ്വെയറുകളിൽ ലഭ്യമല്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യം നിലനിൽക്കുന്നത് മൂലം നഗരസഭയ്ക്ക് ഭീമമായ നികുതിനഷ്ടമുണ്ടാകുന്നത് പരിഗണിച്ച് ഐ കെ എമ്മു-മായി ബന്ധപ്പെട്ട് സോഫ്റ്റ്വെയറിലെ മേൽ അപാകത പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതും തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-19 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

നഗരസഭയിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. മുറികൾ വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തുനികുതി ചുമത്തേണ്ടതുള്ളൂ . എന്നാൽ നഗരസഭയിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 55 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. നഗരസഭയുടെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യസ്ഥാപനങ്ങൾക്ക് 75 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വരുന്നതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട ഉടമ	കെട്ടിടനമ്പർ	വിസ്തീർണ്ണം (ച.മീ)	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി (75 രൂപ/ച.മീ)	നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (55 രൂപ/ച.മീ)	കുറവ് (അടിസ്ഥാന വസ്തുനികുതിയിൽ)
1	ആന്റോ ജോസ്	19/487/ 1, 2, 3, 4, 5, 6, 7, 8	340.65	25548.75	18735.75	6813.00
2	തോമസ് മൈക്കിൾ	20/608/ 1, 2, 3, 4, 5, 6, 7, 8, 9	299.30	22447.50	16461.50	5986.00
3	വിജയൻ പി എൻ & സാവിത്രിയമ്മ	10/363/ 2, 3, 4, 5, 6, 7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19	612.79	45959.25	33703.45	12255.80

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/20.01.2025) ഒരാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിച്ചതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. ഒരു കെട്ടിടത്തിലെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിക്കുമ്പോൾ മുറികൾ ഒരേ ആവശ്യത്തിനായി തന്നെ ഉപയോഗിക്കുന്നപക്ഷം അത്തരം മുറികളെ ഒരു യൂണിറ്റായി കണക്കാക്കി ബാധകമായ ഉപയോഗക്രമത്തിൽ വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. സഞ്ചയ, കെ-സ്മാർട്ട് സോഫ്റ്റ് വെയറുകൾ മുഖേന ഇത്തരത്തിലുള്ള കെട്ടിടങ്ങൾ പരിശോധിക്കേണ്ടതും നികുതി പുനർനിർണ്ണയിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

1-20 ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതി നിരക്കുകളിൽ വർദ്ധനവും ഇളവും നിശ്ചയിച്ചിട്ടുണ്ട്.

റോഡിന്റെ തരം	ബാധകമായ നിരക്ക് വ്യതിയാനം
5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	20 % നികുതി വർദ്ധനവ്
1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ	നികുതി വർദ്ധനവോ ഇളവോ ഇല്ല.
1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ	10 % നികുതി ഇളവ്
പൊതു വഴി സൗകര്യം	20 % നികുതി

ഇല്ലാത്ത കെട്ടിടങ്ങൾ	ഇളവ്

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിന് പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	ഉടമസ്ഥൻ	റോഡിന്റെ പേര്	പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം)
1	I/125/1	റോസമ്മ	രാമപുരം റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
2	I/134/1	ജിജോ മാത്യു		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
3	II/ 184/1	ജോസ് മഞ്ഞക്കുന്നേൽ	ഏഴാച്ചേരി റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
4	II/ 184/2	ശാന്തമ്മ ഭാസ്ക്കരൻ		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
5	V/ 54/1	ജിന്റു ജോസഫ്	പുഞ്ചിരിക്കവല റോഡ്	5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
6	V/64/1	കൊച്ചുറാണി സിബി		1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
7	VI/ 62/7	ബിനോജ് ജോസഫ്	ഗ്രീൻവാലി റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
8	VI/67/1	പി സി കുര്യാക്കോസ്		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്
9	X/179/1	അലക്സ് കെ ഇട്ടിയവിര	മാർത്തോമ്മ ചർച്ച് റോഡ്	1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ്
10	X/175/2	ചെയർമാൻ, ചാവറ		5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡ്

ഇപ്രകാരം ഒരേ റോഡ് തന്നെ വ്യത്യസ്ത തരംതിരിവുകളിൽ നികുതി നിർണയത്തിന് പരിഗണിച്ചതിലൂടെ നികുതി നിർണ്ണയത്തിൽ അപാകത ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/18.01.2025) മറുപടി ലഭ്യമായിട്ടില്ല. നഗരസഭയിലെ വസ്തുനികുതി ഡേറ്റാബേസ് പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തിയായിട്ടില്ലായെന്ന് മേൽ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു. ആവശ്യമായ പരിശോധനകൾ നടത്തി റോഡിന്റെ തരം സംബന്ധിച്ച അപാകതകൾ പരിഹരിക്കേണ്ടതും നഗരസഭയ്ക്ക് ഈയിനത്തിൽ വരുമാന നഷ്ടമുണ്ടാകുന്നില്ലയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഈ വിഷയത്തിനു സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 മൊബൈൽ ടവറുകളുടെ വസ്തു നികുതി -ഭീമമായ കുടിശ്ശിക ഈടാക്കാൻ ഫലപ്രദമായ ഭരണതലനടപടികൾ സ്വീകരിച്ചിട്ടില്ല

പാലാ നഗരസഭയുടെ പരിധിയിൽ 21 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ താഴെ

പറയുന്നവയുടെ വസ്തു നികുതി ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ക്രമ നം.	കെട്ടിട നമ്പർ	ഉടമസ്ഥൻ	നികുതി ഒടുക്കാത്ത കാലയളവ്	കുടിശ്ശിക
1	5/189	എ ടി സി ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ	2014-15 രണ്ടാം അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷം വരെ & 2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	48021
2	6/90	വൊഡാഫോൺ സെല്ലുലാർ ലിമിറ്റഡ്	2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	14389
3	11/75	ഇന്ഡസ് ടവേഴ്സ്, പാലാരിവട്ടം	2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	20071
4	11/125	ഐഡിയ മൊബൈൽ	2019-20 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	153773
5	12/675	ഡബ്ല്യു എൽ എൽ	2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	11029
6	13/279(1)	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	2020-21 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	54526
7	16/236(1)	ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്	2021-22 രണ്ടാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	26810

8	17/197	ഭാരതി ഇൻഫ്രാടെൽ	2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	18399
9	20/1097(1)	റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്	2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	7780
10	20/1097(2)	ഐഡിയ സെല്ലുലാർ ലിമിറ്റഡ്	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	234957
11	20/1456	വൊഡാഫോൺ എസ്സാർ ലിമിറ്റഡ്	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	58109
12	20/1924	ഭാരതി ടെലി വെഞ്ചേഴ്സ് ലിമിറ്റഡ്, കൊച്ചി	2017-18 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	177660
13	21/29/3	ഉടമസ്ഥ വിവരങ്ങൾ ലഭ്യമല്ല	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	528456
14	21/150	റിലയൻസ് ഇൻഫോകോം ലിമിറ്റഡ്	2020-21 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	23407
15	21/364/1	റിലയൻസ് ജിയോ	2023-24 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	14289
16	23/152(1)	എ.ടി.സി ടെലികോം ഇൻഫ്രസ്ട്രക്ച്ചർ	2013-14 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം	93937

			വരെ	
17	24/80	എ.ടി.സി ടെലികോം ഇൻഫ്രസ്ട്രക്ച്ചർ	2015-16 ഒന്നാം അർദ്ധവർഷം മുതൽ 2015-16 രണ്ടാം അർദ്ധവർഷം വരെ, 2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	38237
18	26/104	ഭാരതി സെല്ലുലാർ ലിമിറ്റഡ്	2018-19 രണ്ടാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	122425
19	26/160	വൊഡാഫോൺ എസ്സാർ ലിമിറ്റഡ്	2022-23 ഒന്നാം അർദ്ധവർഷം മുതൽ 2023-24 രണ്ടാം അർദ്ധവർഷം വരെ	53296
ആകെ				**1699571**

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/18.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നിലവിൽ സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്ന നഗരസഭയിൽ വ്യവസായ വാണിജ്യ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നുപോലും നികുതി പിരിച്ചെടുക്കുന്നില്ലാത്ത സാഹചര്യം അതീവ ഗൗരവമുള്ളതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കർശന നടപടികൾ (നിയമ നടപടികൾ ഉൾപ്പെടെ) സ്വീകരിക്കേണ്ടതാണ്. കൂടാതെ 21/29/3 ബിൽഡിംഗ് നമ്പറിന്റെ ഉടമസ്ഥത വിവരങ്ങൾ ഉൾപ്പെടുത്തി വസ്തുനികുതി ഡേറ്റാബേസ് പരിഷ്കരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

പാല നഗരസഭ പരിധിയിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന കരാറുകാരുടെ ലിസ്റ്റ് തയ്യാറാക്കി തൊഴിൽ നികുതി ചുമത്തുന്നില്ല. 2023-24 വർഷം നഗരസഭ വാർഷിക പദ്ധതിയിലെ മരാമത്ത് പ്രോജക്ടുകൾ ഏറ്റെടുത്ത മുനിസിപ്പൽ കരാറുകാരും തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. മരാമത്ത് പ്രവൃത്തികളുടെ 2023-24 വർഷത്തെ പ്രവൃത്തികൾ ഏറ്റെടുത്തവരിൽ നികുതി ഒടുക്കാത്ത കരാറുകാരുടെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	കരാറുകാരൻ/കരാർ ഏറ്റെടുത്ത വ്യക്തി
1.	ജോഷി തോമസ്
2.	മാത്തച്ചൻ എം വടാന
3.	സാജൻ ജോസ്
4.	ഫാസിയ പി ഡി
5.	മാത്തുക്കുട്ടി എബ്രഹാം
6.	ജീസൺ ജോർജ്ജ്
7.	പ്രദീപ് ആർ

കരാറുകാരുടെ തൊഴിൽ നികുതി അതാത് വർഷത്തെ നികുതി വരുമാനമായതിനാൽ നികുതി ഡിമാന്റ് ചെയ്യാതെയും ഒടുക്കാതെയും തുടരുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. ഇത് സംബന്ധിച്ച്

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (61/23-01-2025) മറുപടി ലഭിച്ചിട്ടില്ല.കരാറുകാരുടെ തൊഴിൽ നികുതി 2023-24 വർഷത്തേത് കുടിശികയായി Prior Period Tax ശീർഷകത്തിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2024-25 വർഷം മുതൽ നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ കരാറുകാരെയും ലിസ്റ്റ് ചെയ്ത് തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല-സമഗ്രമായ ഡാറ്റബേസ് സൂക്ഷിച്ചിട്ടില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുനിസ്പിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല.

നം	സ്ഥാപനം	അർദ്ധ വർഷം
1	ബാങ്ക് ഓഫ് ഇൻഡ്യ ,പാലാ	1,2
2	മിത്ര ബന്ധു നിധി ലിമിറ്റഡ്	1,2
3	കാത്തലിക് സിറിയൻ ബാങ്ക്,പാലാ	1,2
4	കേരള മാട്രിമോണിയൽ.കോം	1,2
5	കോട്ടക് മഹീന്ദ്ര ബാങ്ക്,പാലാ	2
6	കാനറാ ബാങ്ക്,പാലാ	1,2
7	കെ.പി.ബി നിധി ലിമിറ്റഡ്,പാലാ	2
8	സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ	1,2
9	ബാങ്ക് ഓഫ് ബറോഡ,പാലാ	2
10	സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് ഇൻവെസ്റ്റ്മെന്റ് കോ-ഇൻഡ്യാ ലിമിറ്റഡ്	1,2
11	എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ്,പാലാ	1,2
12	എച്ച്.ഡി.എഫ്.സി ബാങ്ക്,പാലാ	1,2
13	മുത്തൂറ്റ് ഫിനാൻസ് കോർപ്പറേഷൻ,പാലാ	1,2
14	എസ്.ബി.ഐ ടൗൺ ബ്രാഞ്ച്	1,2
15	എസ്.ബി.ഐ ,പി.പി റോഡ്	1,2
16	എസ്.ബി.ഐ ,പാല	1,2
17	എസ്.ബി.ഐ,കടപ്പാട്ടൂർ	1,2
18	യൂണിയൻ ബാങ്ക്,പാലാ	1,2
19	കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്ക്,പാലാ	1,2
20	അർബൻ കോപ്പറേറ്റീവ് ബാങ്ക്,പാലാ	1,2
21	സംസ്ഥാന സഹകരണ ബാങ്ക്,പാലാ	1,2
22	മീനച്ചിൽ ഗ്രാം നിധി ലിമിറ്റഡ്	2
23	കുഴിമറ്റം ഫിനാൻസ്	1,2
24	ധനലക്ഷ്മി ബാങ്ക്,പാലാ	1,2
25	പഞ്ചാബ് നാഷണൽ ബാങ്ക്,പാലാ	1,2
26	മീനച്ചിൽ കോപ്പറേറ്റീവ് അഗ്രികൾച്ചർ റൂറൽ	1,2

	ഡെവലപ്പ്മെന്റ് ബാങ്ക്,പാലാ	
27	സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ,പാലാ	1,2
28	എസ്.ബി.ഐ.ലൈഫ് ഇൻഷ്വറൻസ് ,പാലാ	1,2
29	ഐ.സി.ഐ.സി.ഐ ബാങ്ക്,കൊട്ടാരമറ്റം പാലാ	1,2
30	യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,കൊട്ടാരമറ്റം പാലാ	1,2
31	ഐ.ഡി.ബി.ഐ ബാങ്ക്,പാലാ	1,2
32	യൂക്കോ ബാങ്ക്,പാലാ	2
33	ഫെഡറൽ ബാങ്ക്,കൊട്ടാരമറ്റം പാലാ	1,2
34	സൗത്ത് ഇൻഡ്യൻ ബാങ്ക്,പാലാ	1,2
35	ആക്സിസ് ബാങ്ക്,പാലാ	1,2
36	ഇൻഡസ് ബാങ്ക്,പാലാ	1,2

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (നം14/23.01.2025)യ്ക്ക് നികുതി ഈടാക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് കൃത്യമായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും തുക അടവാക്കുന്നതിനാവിശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. മേൽ സ്ഥാപനങ്ങളിൽനിന്ന് സ്ഥാപനതൊഴിൽനികുതി കൃത്യമായി ഈടാക്കിയിട്ടുണ്ടോയെന്ന് രജിസ്റ്ററിന്റെ ആധികാരികതയില്ലായ്മമൂലം ഉറപ്പാക്കാനാകുന്നില്ല.തൊഴിൽനികുതി ഈടാക്കിയതിനുശേഷവും എതെങ്കിലും സ്ഥാപനങ്ങളുടെ തുക കുടിശ്ശികയായി രജിസ്റ്ററിൽ തുടർന്നും ഉൾപ്പെടുത്തിവരുന്നുണ്ടെങ്കിൽ ആയത് രജിസ്റ്റർ പരിപാലിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പാക്കേണ്ടതും ആയതിൻപ്രകാരം ഡിമാന്റ്തുക കുടിശ്ശികയില്ലാതെ പൂർണ്ണമായും ഈടാക്കേണ്ടതുമാണ്. നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിച്ചിട്ടില്ല. സ്ഥാപനം ഹാജരാക്കുന്ന ലിസ്റ്റ് പ്രകാരം തുക അടവാക്കുകയാണ് നിലവിൽ ചെയ്തു വരുന്നത്. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശം നഗരസഭയിൽ ലഭ്യമല്ല. സ്ഥാപനതൊഴിൽ നികുതി സംബന്ധിച്ച് കൃത്യമായ ഡാറ്റബേസ് സൂക്ഷിച്ച് ആയതിൻ പ്രകാരം നികുതി കുടിശ്ശിക ഉൾപ്പെടെ ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-24 ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായി ഈടാക്കുന്നതിൽ വീഴ്ച

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 245, 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ, എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അർദ്ധവാർഷിക വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം.	സ്ഥാപനം	അർദ്ധവർഷം
1	അൽഫോൻസ കണ്ണാശുപത്രി	1,2
2	മേരി മാതാ പബ്ലിക്ക് സ്കൂൾ	1,2
3	പ്രിൻസിപ്പാൾ സെന്റ് ആന്റണീസ് എൻജിനീയറിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ട് പാലാ	1,2
4	സെന്റ് ജോർജ് വെറ്റിനറി ക്ലിനിക് പാലാ	1,2
5	സെന്റ് ജൂഡ് ദന്തൽ ക്ലിനിക്ക്,പാലാ	1,2
6	ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റ്റ്റ്യൂട്ട് പാലാ	1
7	എം.കെ മോട്ടേഴ്സ്	2

	സെയിൽസ് & സർവ്വീസസ്	
8	കരുണ ആയുർവേദ ആശുപത്രി	2
9	മാനേജർ വെളിയത്ത് മോട്ടേഴ്സ്	1,2
10	ചെമ്പകശ്ശേരിൽ ഹോമിയോ ,പാലാ	1,2
11	സൺ സ്റ്റാർ കൺവെൻഷൻ സെന്റർ, പാലാ	1,2
12	സൺ സ്റ്റാർ ഹോട്ടൽ പാലാ	1,2
13	കോസ്മോ കെയർ ദന്താശുപത്രി	1,2
14	മേപ്പ്ലവർ ജൂവലറി ഫിനാൻസ് ,പാലാ	1,2
15	പോളോണിമ ബ്യൂട്ടി സലൂൺ	1,2
16	ദിക്ഷ കോഓപ്പറേറ്റീവ് സർവീസ് പ്രൈവറ്റ് ലിമിറ്റഡ്	1,2
17	ഇൻഡ്യാട്രേഡ് മൈക്രോ ഫിനാൻസ്,ലിമിറ്റഡ്	1,2
18	പാലാ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
19	സെൻട്രൽ ഫിനാൻസ് ക്രെഡിറ്റ് കോ-ഇൻഡ്യാ ലിമിറ്റഡ്	1,2
20	എച്ച്.ഡി.എഫ്.സി സ്റ്റാൻഡേർഡ് ലൈഫ് ഇൻഷ്വറൻസ്	2
21	പാലാഴി ലാറ്റക്സ്, പാലാ	2
22	ഈസി ബയ് ലൈഫ്സ്റ്റൈൽ പാലാ	1,2
23	ഹോട്ടൽ ബ്ലൂമൂൺ	1
24	ജോസ്ന സ്പീച്ച് & ഹിയറിംഗ് സെന്റർ	1,2
25	വനിതാ കോപ്പറേറ്റീവ് സൊസൈറ്റി	1,2
26	കേരള മാട്രിമോണിയൽ,കൊട്ടാരമറ്റം	1,2
27	ജോൺ മരിയൻ നാച്ചറോപതി ആശുപത്രി, പാലാ	1,2
28	പങ്കജ് ജ്വല്ലറി, മുരിക്കുംപുഴ	1,2
29	TIME PALA	1,2
30	മീനച്ചിൽ ഹൗസിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
31	മലയാള മനോരമ കമ്പിന് ലിമിറ്റഡ്	1,2
32	കാരുണ്യ കമ്യൂണിറ്റി ഫാർമസി	1,2
33	ട്രോണിക്സ് ഐ.റ്റി.സി ,പാലാ	2
34	വികാസ് ചിറ്റ്സ് ആൻഡ്	1,2

	ഫിനാൻസ്	
35	മൂഴയിൽ ജ്വല്ലറി	1,2
36	ഫാത്തിമ കണ്ണാശുപത്രി	1,2
37	മാഞ്ഞൂരാൻസ് IBLTS ഇൻസ്റ്റിറ്റ്യൂട്ട് ,പുതുമന ടവർ പാലാ	1,2
38	K.R ബേക്കേഴ്സ്	1,2
39	SBI RAMSEC	1
40	ജൻ ഔഷധി	1,2
41	കടുതോട്ടിൽ ഫിഷ് മാർട്ട്	1,2
42	ഫാമിലി ഡെന്റൽ ക്ലിനിക്ക്,പാലാ	1,2
43	ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റല്	1,2
44	സി.ഡി.എസ് പാലാ	1,2
45	പുത്തേട്ട് സിനിമാസ്	1,2
46	കൺസ്യൂമർ ഫെഡ്	1,2
47	സുലഭ സൂപ്പർ മാർക്കറ്റ്	1,2
48	അഗ്രികൾച്ചറൽ ഇമ്പ്രൂവ്മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
49	സെന്റൽ മാർക്കറ്റിംഗ് സൊസൈറ്റി	1
50	മുത്തൂറ്റ് സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്	2
51	ഫേവറിറ്റ് യമഹ,അരുണാപുരം	1,2
52	സെന്റ് തോമസ് പ്രസ്സ്	1,2
53	സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ,പാലാ	1,2
54	അസി.ലൈബ്രേറിയൻ എം.ജി യൂണിവേഴ്സിറ്റി സ്റ്റഡി സെന്റർ സെന്റ് തോമസ് കോളേജ് പാലാ	1,2
55	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആൻഡ് ടൂറിസം സർവീസ്,അരുണപുരം	1,2
56	പാലാ മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി	1,2
57	പോപ്പുലർ മോട്ടോഴ്സ് കൊട്ടാരമറ്റം	1,2
58	ബ്രീട്ടിഷ് കിന്റർ ഗാർട്ടൻ പ്രൈമറി സ്കൂൾ	1,2
59	ജൂബിലി ഗ്യാസ് ഏജൻസി പാലാ	1,2
60	സിനർജി സ്കൂൾ ഓഫ് ബിസ്നസ്സ്	1,2
61	ആശിർവാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പി എസ് സി	1,2
62	ALLMED ഫാർമസി	1,2

63	C-SOFT IT SOLUTIONS	1,2
64	MACT COMPUTERS	1,2
65	പാം എലഗന്റ് മാർബിൾ ഷോപ്	1,2
66	INDUS MOTOR COMPANY	1,2
67	DDRC PALA	1,2
68	പയ്യപ്പള്ളിൽ ഡിജിറ്റൽസ്	1,2
69	ഗുഡ് വിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി	1,2
70	സണ്ണി ദന്താശുപത്രി പാലാ	1,2
71	HDFC STANDARD LIFE INSURANCE PALA	1,2
72	ഐശ്വര്യ സിൽക്സ് പാലാ	1,2
73	ബ്രാഞ്ച് മാനേജർ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്	1,2
74	സെന്റ് മേരീസ് ദന്താശുപത്രി	1,2
75	സ്പെഷ്യൽ തഹസിൽദാർ ലാൻഡ് അക്യുസിഷൻ(റെയിൽവേ)പാലാ	1,2

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിൽനികുതി ഈടാക്കാതിരുന്നതിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻകയറിയ്ക്ക് (2/13.01.25) സമർപ്പിച്ച മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഡിമാൻഡ് നോട്ടീസ് യഥാസമയം നൽകിയിട്ടുള്ളതാണെന്നും കുടിശ്ശിക ഈടാക്കാനുള്ള തുടർനടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.സമഗ്രമായ ഡാറ്റ ബേസിന്റെ അഭാവത്തിലും ഡിമാന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പൂർണ്ണമല്ലാത്തതിനാലും ഏതെങ്കിലും സ്ഥാപനം പൂർണ്ണമായി നികുതിയിൽ നിന്ന് ഒഴിവായാലും കണ്ടെത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു.ഡിമാന്റ് രജിസ്റ്ററിൽ ക്യത്യമായി പോസ്റ്റിങ്ങ് നടത്താത്തതിനാൽ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതിന് ശേഷവും കുടിശ്ശികയായി കാണിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമല്ല. ഇപ്രകാരമൊരു സാഹചര്യമുണ്ടെങ്കിൽ ബന്ധപ്പെട്ട സെക്ഷൻ കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥരുടെ വീഴ്ചയായി പരിഗണിച്ച് ആവശ്യമായ ഭരണതലനടപടികൾസ്വീകരിക്കേണ്ടതാണ്. മേൽ അപാകതകളിന്മേൽ വിശദമായ ന്യൂനതാ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതും മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

1-25 മുറികൾ വാടകയ്ക്ക് നൽകൽ-ചട്ടങ്ങൾ പാലിക്കുന്നതിലും രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കുന്നതിലും വീഴ്ച

വാടക വരവിനത്തിലുള്ള രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാടക കരാർ ചമച്ചിട്ടില്ല- 1959- ലെ കേരള സ്റ്റാമ്പ് ആക്റ്റ് വ്യവസ്ഥകളുടെ ലംഘനം

2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7, 8 പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ മുന്നൂറോളം കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും കുത്തകക്കാരുമായി നിയമാനുസ്യത കരാറിലേർപ്പെട്ടിട്ടുള്ളത് സംബന്ധിച്ച വിവരങ്ങളും ബന്ധപ്പെട്ട കരാറിൽ ഉൾപ്പെട്ടിട്ടുള്ള ഫയലുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇപ്രകാരം നിശ്ചിതമൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കുന്നതിലുണ്ടാകുന്ന വീഴ്ച 1959- ലെ കേരള സ്റ്റാമ്പ് ആക്റ്റ് വ്യവസ്ഥകളുടെ ലംഘനമാണ്. കരാറിൽ ഏർപ്പെടാത്തതിനാൽ വ്യവസ്ഥകൾ ലംഘിക്കുന്ന കുത്തകക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിൽ പരിമിതി ഉണ്ടാകുന്നുവെന്ന് മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാന സർക്കാരിന് നഷ്ടവുമുണ്ടാകുന്നു. ഈ സാഹചര്യത്തിൽ നഗരസഭയിലെ കടമുറികളുടെ കുത്തകക്കാരുമായി ഏർപ്പെടേണ്ട കരാറിന്റെ പ്രാബല്യത്തീയതികൾ പരിശോധിച്ച് (കരാർ പുതുക്കലുൾപ്പെടെ) പ്രസ്തുത തീയതി പ്രാബല്യത്തിൽ കരാർ പുതുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി ഇമ്പൗണ്ടിംഗ് നടപടികൾ സ്വീകരിച്ച് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സംസ്ഥാനസർക്കാരിനുണ്ടായ നഷ്ടം പരിഹരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

2. ബൈലോ തയാറാക്കിയിട്ടില്ല

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഓപ്പൺ സ്റ്റേജുകൾ, ഹാളുകൾ, സ്റ്റേഡിയം, ബങ്കുകൾ, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി തുടങ്ങി നിരവധി ആസ്തികളുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല. നഗരസഭ വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

3.സെക്യൂരിറ്റി ഡെപ്പോസിറ്റ് - വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാർ ലഭ്യമാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് തിരിച്ച് നൽകുന്നതിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. മുറിയുടെ ഉപയോഗക്രമം, വാടക, വാടകയ്ക്ക് നൽകിയിരിക്കുന്ന കാലാവധി, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

4. ഡി.സി.ബി തയ്യാറാക്കിയിട്ടില്ല

വാടക ഇനത്തിലുള്ള വരവുകളുടെ ഡി.സി.ബി തയ്യാറാക്കിയിട്ടുള്ളതായി കാണുന്നില്ല.

5. വാടക കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഇല്ല, വാടക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമല്ല

കുത്തക ഒഴിവായ കെട്ടിടങ്ങൾ പുനർ ലേലം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. തൻ വർഷം വാടകയിനത്തിൽ ലഭിച്ച ആകെ വരവ്, വാടക കുടിശ്ശിക വിവരങ്ങൾ, വാടകക്ക് നൽകാതെ ഒഴിഞ്ഞ് കിടക്കുന്ന മുറികളുടെ വിവരങ്ങൾ, എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ മേൽ വിവരങ്ങൾ വാടക ഡിമാന്റ് രജിസ്റ്റർ അതത് സമയങ്ങളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

6. മുൻ വർഷ കുടിശ്ശിക വിവരങ്ങളുടെ കൃത്യത ലഭ്യമല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം വാടക കുടിശ്ശിക ഇനത്തിൽ (അരിയർ) 21,75,815/-രൂപ ലഭ്യമാകാൻ അവശേഷിക്കുന്നയായി വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും ലഭ്യമാക്കിയ ആധികാരികമല്ലാത്ത ഡിമാന്റ് രജിസ്റ്ററിലെ തുകകൾ കൂട്ടിയതിൽ ഏകദേശം 3057441/-രൂപയാണ് കുടിശ്ശികയായി കണക്കാക്കാൻ കഴിയുന്നത് . എന്നാൽ ഇതു സംബന്ധിച്ച കൃത്യമായ വിശദാംശങ്ങൾ നഗരസഭയിൽ ലഭ്യമല്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (28/20.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതായാലും ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നുവെന്ന് വ്യക്തമാണ്. വിഷയം ധനകാര്യ സ്ററാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-26 വാടക വർദ്ധനവ് വരുത്തിയില്ല

2022-23, 2023-24 വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചില മുറികളുടെ കുത്തകക്കാരിൽ നിന്ന് 2022-23 വർഷത്തെ പ്രതിമാസ വാടക തന്നെയാണ് 2023-24 ലും ഈടാക്കിയിരിക്കുന്നതെന്ന് കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മുറി	കുത്തകക്കാരൻ	2022-23 ലെ വാടക	2023-24 ലെ
1	എം.സി.ബി സി-23(1)	എസ്. രാജപ്പൻ	10955	10955
2	എം.സി.ബി - 1	ഡാലിയ ബെന്നി	2795	2795
3	എം.സി.ബി - 3	കെ.സി പീറ്റർ	2810	2810
4	എം.സി.ബി - 19	ജോസഫ് മാത്യു	11700	11700
5	എം.സി.ബി.ജി - 23	ജിൽസ് കെ ജോസ്	3755	3755
6	എം.സി.ബി എഫ്-1	ഡോ സഞ്ജു മാത്യു	1655	1655
7	എം.സി.ബി എഫ്-7	ജോർജ്ജ്കുട്ടി തോമസ്	1325	1325
8	എം.സി.ബി എഫ്-18	ആൻസി മാത്യു	1830	1830
9	എം.സി.ബി എസ്-10	സൂരജ് എം.ആർ	1925	1925

10	എം.സി.ബി എസ്-15	ഡോ. സഞ്ജു മാത്യു	1654	1654
11	**എം.സി.ബി.എസ്-21**	**ടി.കെ രാജൻ**	**1015**	**1015**
12	എം.സി.ബി.എസ്-24	ബെന്നി വർഗ്ഗീസ്	1085	1085
13	എം.സി.ബി.എസ്-27	ആൻസി മാത്യു	620	620
14	എം.സി.ബി.എസ്-28	കെ.എസ് വേണുഗോപാൽ	1200	1200
15	എം.സി.ബി.എസ്-32 (4)	മാത്യു എം മാത്യു	1750	1750
16	എം.സി.ബി.എസ്-32 (7)	എസ്. ഉണ്ണികൃഷ്ണൻ	1166	1166
17	എം.സി.ബി.എസ്-32 (8)	ആന്റണി ജേക്കബ്	1166	1166
18	എം.സി.ബി.എസ്-32 (9)	ആന്റണി ജേക്കബ്	1325	1325
19	എം.സി.ബി.എസ്-33	നവീൻ സുരേഷ്	2675	2675
20	എം.സി.ബി.എസ്-35	നവീൻ സുരേഷ്	1150	1150
21	എം.സി.ബി.സി- 9	അരുൺ സെബാസ്റ്റ്യൻ	2550	2550
22	എം.സി.ബി.സി-10	അരുൺ സെബാസ്റ്റ്യൻ	2550	2550
23	എം.സി.ബി.സി-11	ഷാജു സെബാസ്റ്റ്യൻ	2775	2775
24	എൻ.സി.ബി-11	സോഫി തോമസ്	2785	2785
25	എൻ.സി.ബി-11	എ.പി ജോസ്	3704	3704
26	ടി.എച്ച്.ബി- 5	ബീജീയേഴ്സ്	1810	1810
27	ടി.എച്ച്.ബി- 5 (1)	ആർ മനോജ്	12205	12205
28	ടി.എച്ച്.ബി- 18	കെ ആർ മനോജ്	965	965
29	ടി.എച്ച്.ബി- 20	പി.ജെ തോമസ്	555	555
30	വി.എസ്.ടി എഫ് 5	അനിൽ കുമാർ വി.എസ്	4220	4220

മുറികളുടെ വാടകയിൽ വർദ്ധനവ് വരുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (52/23.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രതിമാസ വാടകയിൽ വർദ്ധനവ് വരുത്താത്ത മുറികളുടെ വാടക പുതുക്കി നിർണ്ണയിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ പരാമർശിത കുത്തകക്കാരിൽ ക്രമനമ്പർ 11 മുതൽ 30 വരെയുള്ളവർ 2022-23 വർഷത്തെ മുറികളുടെ വാടക പൂർണ്ണമായോ ഭാഗികമായോ ഒടുക്കാത്തവരാണെങ്കിലും പ്രസ്തുത വ്യക്തികൾക്ക് തന്നെ തൻ വർഷവും മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. കുടിശ്ശിക വരുത്തിയവർക്ക് തന്നെ വീണ്ടും മുറി വാടകക്ക് നൽകിയിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (49/22.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക വരുത്തുന്ന കുത്തകക്കാർക്കു തന്നെ തുടർ വർഷങ്ങളിലും മുറികൾ വാടകക്ക് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. പരാമർശിത കുത്തകക്കാരിൽ നിന്ന് വാടക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-27 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സിലെ മുറികൾ എന്നിവ വാടകക്ക് നൽകിയിട്ടില്ല.

അഡ്വക്കേറ്റുമാർക്ക് ഓഫീസ് ആരംഭിക്കുന്നതിന് മുറികൾ വാടകയ്ക്ക് നൽകി നഗരസഭയുടെ തനത് വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കെ.യു.ആർ.ഡി.എഫ്.സി ലോൺ ഉപയോഗിച്ച് നിർമ്മിച്ച

മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സ് കെട്ടിടം നിലവിൽ നിഷ്ക്രിയാസ്തിയായി തുടരുന്നു. കോടികൾ വായ്പയെടുത്ത് നഗരസഭ നിർമ്മിച്ച കെട്ടിടത്തിന്റെ മുറികൾ ഒഴിഞ്ഞുകിടക്കുന്നത് മൂലം നഗരസഭയ്ക്ക് വലിയ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ലോയേഴ്സ് ചേംബറിൽ മൂന്ന് നിലകളിലായി 72 മുറികൾ ഉള്ളതായി മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 1-11 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത ലോയേഴ്സ് ചേമ്പേഴ്സിലെ മുറികൾ ഒന്നും വാടകക്ക് നൽകിയതായി കാണുന്നില്ല. 22.01.2024 തീയതിയിൽ മൂന്നാനി ലോയേഴ്സ് ചേമ്പേഴ്സിൽ നടത്തിയ സ്ഥല പരിശോധനയിൽ കോംപ്ലക്സിലെ പത്തോളം മുറികളിൽ വാട്ടർ അതോറിറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ 2023-24 വാടക രജിസ്റ്റർ പരിശോധിച്ചതിൽ മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള മുറികളൊന്നും വാട്ടർ അതോറിറ്റിക്ക് വാടകക്ക് നൽകിയതായി കാണുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ശ്രീ ആന്റണി ജേക്കബ്, തേക്കുംകാട്ടിൽ എന്ന വ്യക്തിയുടെ പേരിലുള്ള സെന്റ് ആന്റണീസ് എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന് വാടകയ്ക്ക് നൽകിയിരുന്നതായി 2022-23 വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2023-24 വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത വർക്കിംഗ് വിമൻസ് ഹോസ്റ്റൽ വാടകക്ക് നൽകിയിട്ടുള്ളതായി കാണുന്നില്ല.

പ്രസ്തുത ആസ്തികൾ വാടകയ്ക്ക് നൽകാത്തതിന്റെ കാരണം വ്യക്തമല്ല. കൂടാതെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ അറ്റകുറ്റപ്പണി നടത്തി ഫിറ്റ്നെസ് ലഭ്യമാക്കുന്നപക്ഷം പിഡബ്ലിയു ഡി നിരക്കിൽ വാടകയ്ക്ക് എടുക്കാൻ തയ്യാറാണെന്ന് സംസ്ഥാനവനിതാവികസന കോർപ്പറേഷൻ, ഐഐഐറ്റി എന്നീ സ്ഥാപനങ്ങൾ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇവരുമായി ചർച്ച നടത്തുന്നതിന് ചെയർപേഴ്സണെ ചുമതലപ്പെടുത്തി 09.05-23-ലെ കൗൺസിൽ യോഗത്തിൽ തീരുമാനമെടുത്തിരുന്നതായും കാണുന്നു (അജണ്ട-1) കൗൺസിൽ തീരുമാനത്തിന്മേലുള്ള തുടർനടപടികളുടെ വിവരം കൂടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.
പരാമർശിത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറികൾക്ക് (35/21.01.25, 53/23.01.25) മറുപടി ലഭ്യമാക്കിയില്ല. മേൽ ആസ്തികൾ വാടകക്ക് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

1-28 വാടക കുടിശ്ശിക ഇനത്തിൽ 30 ലക്ഷത്തിലേറെ രൂപ ഈടാക്കാനവശേഷിക്കുന്നു.

പാല മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്ന മുറികളുടെ വാടക പൂർണ്ണമായും ഈടാക്കിയില്ല എന്ന് കാണുന്നു. ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	മുറി നമ്പർ	കുത്തകക്കാരൻ	മാസ വാടക	വാടക രജിസ്റ്റർ പ്രകാരം 2022-23 വർഷം			
				ഈടാക്കേണ്ട തുക	ഈടാക്കിയ തുക	കുടിശ്ശിക (തുക)	കുടിശ്ശിക (മാസം)
1	എൻ.സി.ബി- 2	പി.ജി ചന്ദ്രശേഖരൻ നായർ	1597	19164	15970	3194	1/24-2/24
2	എൻ.സി.ബി- 7	പി.സി കുരുവിള	2258	27096	20322	6774	1/24-3/24
3	എൻ.സി.ബി-7A	മൊഹമ്മൂദ് ആലം	2410	28920	24100	4820	1/24-2/24
4	ടി.ബി.ജി- 5	ബീജിയേഴ്സ് വി.റ്റി	1810	21720	3620	18100	6/23-3/24
5	ടി.ബി.ജി- 14	കെ.വി കുര്യാക്കോസ്	620	7440	6820	620	02/24
6	ടി.ബി.ജി- 18	കെ.ആർ മനോജ്	965	11580	0	11580	4/23-3/24
7	ടി.ബി.ജി- 20	പി.ജെ തോമസ്	583	6996	0	6996	4/23-3/24
8	കെ.ബി.റ്റി-3	റെജി ജോർജ്ജ്	777	9324	6216	3108	12/23-3/24
9	കെ.ബി.റ്റി-8	എം.വി ബാബു	735	8820	8085	735	02/24
10	കെ.ബി.റ്റി-13	ശ്രീകണ്ഠൻ നായർ	735	8820	8085	735	02/24
11	കെ.ബി.റ്റി-17 (1)	നെബു ജോർജ്ജ്	650	7800	0	7800	04/23-03/24
12	വി.എസ്.ടി	അബീഷ് എ.എൻ	4326	51912	43260	8652	01/24-02/24

	എഫ് 2						
13	വി.എസ്.ടി എഫ് 5	അനിൽ കുമാർ വി.എസ്	4431	53172	0	53172	04/23-03/24
14	വി.എസ്.ടി എഫ് 7	സെക്രട്ടറി, വിദ്യാശ്രീ	992	11904	0	11904	04/23-03/24
15	വി.എസ്.ടി എഫ് 8	രഞ്ജി കെ ആർ	12369	148428	0	148428	04/23-03/24
16	വി.എസ്.ടി എഫ് S2	പി കെ സാജു	5051	60612	0	60612	04/23-03/24
17	പ്രൈവറ്റ് ബങ്ക് ബി-8	പി.ആർ ഗോപപാലകൃഷ്ണൻ	250	3000	0	3000	04/23-03/24
18	പ്രൈവറ്റ് ബങ്ക് ബി-9	സെലിൻ അഗസ്റ്റിൻ	750	9000	2250	6750	07/23-03/24
19	ടി.കെ.ആർ.എ ജി1	സുജിത്ത് ഇ.എസ്	3490	41880	0	41880	04/23-03/24
20	ടി.കെ.ആർ.എ എഫ് 2	ശോഭിത് വി.എസ്	2444	29328	0	29328	04/23-03/24
21	മൂന്നാനി ലോയേഴ്സ് ഷോപ്പിംഗ് കോംപ്ലക്സ്-MLCCS-56 മുതൽ 66 വരെ	രേഖപ്പെടുത്തിയിട്ടില്ല	38138	457656	0	457656	04/23-03/24
22	ടി.കെ.ആർ.എ എഫ് 4	ജിനു ജോർജ്ജ്	2106	25272	0	25272	04/23-03/24
23	ടി.കെ.ആർ.എ എഫ് 5	സുനിത കെ ആർ	2422	29064	0	29064	04/23-03/24
24	ടി.കെ.ആർ.എ എഫ് 9	ജ്യോതിഷ് കുമാർ നായർ	2010	24120	0	24120	04/23-03/24
25	ടി.കെ.ആർ.എ എഫ് 10	ജ്യോതിഷ് കുമാർ നായർ	2010	24120	0	24120	04/23-03/24
26	ടി.കെ.ആർ.എ എഫ് 19	എബ്പരാഹം കെ ജോസഫ്	2201	26412	24211	2201	03/24
27	ടി.കെ.ആർ.എ-എസ്-1	പി.കെ. പ്രകാശ്	1980	23760	0	23760	04/23-03/24
28	ടി.കെ.ആർ.എ-എസ്-2	അനിൽകുമാർ യു.എസ്	1980	23760	0	23760	04/23-03/24
29	ടി.കെ.ആർ.എ-എസ്-3	മഞ്ജുമോൾ പി ആർ	1980	23760	0	23760	04/23-03/24
30	ടി.കെ.ആർ.എ-എസ്-4	ജ്യോതിഷ് കുമാർ എസ് നായർ	1474	17688	0	17688	04/23-03/24
31	ടി.കെ.ആർ.എ-എസ്-5	ജ്യോതിഷ് കുമാർ എസ് നായർ	1474	17688	0	17688	04/23-03/24
32	ടി.കെ.ആർ.എ-എസ്-6	റ്റി.ജെ കുര്യൻ	1552	18624	0	18624	04/23-03/24
33	ടി.കെ.ആർ.എ-എസ്-7	സനീഷ് സി കെ	1340	16080	0	16080	04/23-03/24
34	ടി.കെ.ആർ.എ-എസ്-8	സനീഷ് സി കെ	1340	16080	0	16080	04/23-03/24
35	ടി.കെ.ആർ.എ-എസ്-9	ജിനു ജോർജ്ജ്	1340	16080	0	16080	04/23-03/24

36	ടി.കെ.ആർ.എ-എസ്-10	ജിനു ജോർജ്ജ്	1340	16080	0	16080	04/23-03/24
37	ടി.കെ.ആർ.എ എസ്- 20	സാബു ജോസഫ്	1551	18612	13959	4653	01/23-03/24
38	കെ.ടി.ബി (എൻ) ജി 1	രാജേഷ് ജോസഫ്	7040	84480	0	84480	04/23-03/24
39	കെ.ടി.ബി (എൻ) ജി 2	അയ്യപ്പൻ	7762	93144	0	93144	04/23-03/24
40	കെ.ടി.ബി (എൻ) ജി 3	അയ്യപ്പൻ	7762	93144	0	93144	04/23-03/24
41	കെ.ടി.ബി (എൻ) ജി 11	ബിനോ എബ്രാഹം	6705	80460	0	80460	04/23-03/24
42	കെ.ടി.ബി (എൻ) ജി 14	രാജേഷ് ജോസഫ്	5241	62892	0	62892	04/23-03/24
43	കെ.ടി.ബി (എൻ) ജി 15	രാജീവ്ജോസഫ്	5241	62892	0	62892	04/23-03/24
44	കെ.ടി.ബി (എൻ) ജി 17	ബോബി തോമസ്	4753	57036	23765	33271	09/23-03/24
45	കെ.ടി.ബി (എൻ) ജി 19	സെക്രട്ടറി, കിഴതടിയൂർ എസ്.സി.ബി	4753	57036	28518	28518	10/23-03/24
46	കെ.ടി.ബി (എൻ) ജി 20	സെക്രട്ടറി, കിഴതടിയൂർ എസ്.സി.ബി	4753	57036	52283	4753	02/24
47	കെ.ടി.ബി (എൻ) ജി 21	സെക്രട്ടറി, കിഴതടിയൂർ എസ്.സി.ബി	4753	57036	0	57036	04/23-03/24
48	കെ.ടി.ബി (എൻ) എഫ്-3	സതീഷ് ചന്ദ്രൻ	4917	59004	44253	14751	01/24-03/24
49	കെ.ടി.ബി (എൻ) എഫ്-4	വിനീത് എം.എം	4930	59160	0	59160	04/23-03/24
50	കെ.ടി.ബി (എൻ) എഫ്-9	തങ്കച്ചൻ വി സി	4470	53640	44700	8940	02/24-03/24
51	കെ.ടി.ബി (എൻ) എഫ്-11	ബിനു പി ജെ	4695	56340	46950	9390	02/24-03/24
52	കെ.ടി.ബി (എൻ) എഫ്-12	രാജേഷ് കെ ജേക്കബ്	5175	62100	0	62100	04/23-03/24
53	കെ.ടി.ബി (എൻ) എഫ്-14	തോമസ് സേവ്യർ	3486	41832	31374	10458	01/24-03/24
54	കെ.ടി.ബി (എൻ) എഫ്-16	പി.ബി ശശി	3327	39924	19962	19962	10/23-03/24
55	കെ.ടി.ബി (എൻ) എഫ്-19	കെ.എം ജോസഫ്	3486	41832	34860	6972	02/24-03/24
56	കെ.ടി.ബി (എൻ) എസ്-4	ബോബി തോമസ്	2459	29508	12295	17213	9/23-3/24
57	കെ.ടി.ബി (എൻ) എസ്-5	ബോബി തോമസ്	2459	29508	12295	17213	9/23-3/24
58	കെ.ടി.ബി (എൻ) എസ്-6	ബാബു ജോസഫ്	2464	29568	17248	12320	11/23-03/24
59	കെ.ടി.ബി (എൻ) എസ്-9	രാജീവ് ജോസഫ്	2464	29568	0	29568	04/23-03/24

60	കെ.ടി.ബി (എൻ) എസ്-13	നോബിൾ ഫ്രാൻസീസ്	2235	26820	0	26820	04/23-03/24
61	കെ.ടി.ബി (എൻ) എസ്-14	സന്തോഷ് കെ ആർ	1925	23100	0	23100	04/23-03/24
62	കെ.ടി.ബി (എൻ) എസ്-16	സൂര്യ സോമൻ	2023	24276	0	24276	04/23-03/24
63	കെ.ടി.ബി (എൻ) എസ്-22	പ്രദീപ് ആർ	1664	19968	11648	8320	11/23-03/24
64	എം.സി.സി.ബി ജി 1	രാജേഷ് ജോസഫ്	2575	30900	20600	10300	12/23-03/24
65	എം.സി.സി.ബി ജി 2	രാജേഷ് ജോസഫ്	3791	45492	30328	15164	12/23-03/24
66	എം.സി.സി.ബി ജി 3	രാജേഷ് ജോസഫ്	3791	45492	30328	15164	12/23-03/24
67	എം.സി.സി.ബി ജി 3	ടി. ജി ബാബു	3610	43320	28880	14440	12/23-03/24
68	എം.സി.സി.ബി ജി 11	പ്രസിഡന്റ്/ സെക്രട്ടറി കാർഷിക സംഘടന	3610	43320	0	43320	04/23-03/24
69	എം.സി.സി.ബി ജി 12	പ്രസിഡന്റ്/ സെക്രട്ടറി കാർഷിക സംഘടന	3610	43320	0	43320	04/23-03/24
70	എം.സി.സി.ബി ജി 17	ഗോഡ്ഫി ബാബു	2465	29580	0	29580	04/23-03/24
71	എം.സി.സി.ബി ജി 20	എം.ജെ ജോസഫ്	2465	29580	0	29580	04/23-03/24
72	എം.സി.സി.ബി ജി 24	ജയേഷ് കെ.കെ	4350	52200	0	52200	04/23-03/24
73	എം.സി.സി.ബി ജി 25	എൻ. സി . സണ്ണി	4350	52200	0	52200	04/23-03/24
74	എം.സി.സി.ബി ജി 26	ജോസ് ജോസഫ്	5019	60228	0	60228	04/23-03/24
75	എം.സി.സി.ബി എഫ് 8	ജേക്കബ് തോമസ്	3860	46320	0	46320	04/23-03/24
76	എം.സി.സി.ബി എഫ് 18	സോനു സുനിൽ	4528	54336	0	54336	04/23-03/24
77	എം.സി.സി.ബി എഫ് 17	ജേക്കബ് തോമസ്	4828	57936	0	57936	04/23-03/24
78	എം.സി.സി.ബി എസ് -1	പി.ൊഎ. വർക്കി	4678	56136	0	56136	04/23-03/24
79	എം.സി.സി.ബി എസ് -2	ഡയറക്ടർ ആൻസൺ ചിറ്റ്സ്	9437	113244	0	113244	04/23-03/24
80	എം.സി.സി.ബി എസ് -3	പി.ൊഎ. വർക്കി	4678	56136	0	56136	04/23-03/24
81	എം.സി.സി.ബി എസ് -4	ടോമി ജേക്കബ്	16554	198648	115878	82770	11/23-03/24
82	എം.സി.സി.ബി ജി- 13	സാബു മാത്യു	3610	43320	0	43320	04/23-03/24
83	എം.സി.സി.ബി ജി- 32	വി.ആർ സാജൻ	3810	45720	0	45720	04/23-03/24
	ആകെ			**38,40,504**	**7,83,063**	**30,57,441**	

പരാമർശിത കുത്തകക്കാരിൽ നിന്ന് വാടക പൂർണ്ണമായി ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (27/20.01.25) വാടക കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. നഗരസഭയുടെ പ്രധാന വരുമാനമായ വാടകയിനത്തിൽ 30 ലക്ഷത്തിലേറെ രൂപ പിരിച്ചെടുക്കാനവശേഷിക്കുന്നത് ഗുരുതരമായ അപാകതയാണ്. നഗരസഭയുടെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ മൂലവുംസെക്രട്ടറി ഉൾപ്പെടെയുള്ള കാര്യനിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഉദാസീനതമൂലവും നഗരസഭക്ക് വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. കുടിശ്ശിക പൂർണ്ണമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-29 ലേലം - രേഖകൾ ലഭ്യമാക്കിയിട്ടില്ല

നഗര സഭയുടെ ഉടമസ്ഥതയിലുള്ള വിവിധ വരവിനങ്ങളുടെ കുത്തകാവകാശങ്ങളിന്മേലുള്ള ലേലം (2023-24 സാമ്പത്തിക വർഷത്തെ) സംബന്ധിച്ച ഫയലുകൾ, ലേല ഡയറി, ലേല രജിസ്റ്റർ, ലേല തുക ഒടുക്കിയതിന്റെ വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമായിരുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് റിക്വസിഷൻ (4/18.01.25) നൽകിയിരുന്നെങ്കിലും നോട്ട് ഫയൽ , ലേല നോട്ടീസുകൾ എന്നിവ മാത്രമാണ് ലഭ്യമാക്കിയീട്ടുള്ളത്. ലഭ്യമായ രേഖകൾ പ്രകാരം 13/03/24, 11/04/23 തീയതികളിൽ നഗര സഭ ഹാളിൽ വച്ച് നടന്ന ലേലത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കുത്തകാവകാശം	കുത്തകക്കാരൻ	ലേലം/ ക്വട്ടേഷൻ തുക (രൂപ)
1	നഗരസഭ വക പുരയിടത്തിലെ ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായം	കാർത്തികേയൻ അമ്പാടി	2800
2	കൊട്ടാരമറ്റം ബസ് സ്റ്റാന്റ് പുതിയ കംഫർട്ട് സ്റ്റേഷൻ	വി ശാമുവൽ	467000 (ക്വട്ടേഷൻ)
3	കുരിശുപള്ളി കംഫർട്ട് സ്റ്റേഷൻ	സാബു ജോസഫ്	2800/ മാസം
4	റിവർ വ്യൂ റോഡിൽ വലിയ പാലത്തിന് താഴെയുള്ള ടോയ്ലറ്റ്	സാബു ജോസഫ്	2800/ മാസം
5	ളാലം പാലത്തിന് സമീപമുള്ള ടോയ്ലെറ്റ്	സാബു ജോസഫ്	2800/ മാസം
6	ടൗൺ ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ	സാബു ജോസഫ്	2800/ മാസം
7	തെക്കേക്കര കംഫർട്ട് സ്റ്റേഷൻ	ലേലത്തിൽ എടുത്തിട്ടില്ല	-
8	സ്റ്റേഡിയത്തിൽ ഫുഡ്ബോൾ പരിശീലനം രാവിലെ 7 മുതൽ 9 വരെ	ജോസ്.കെ.ജോൺ	2,23,900 (ക്വട്ടേഷൻ)
9	സ്റ്റേഡിയത്തിൽ ഫുഡ്ബോൾ പരിശീലനം വൈകിട്ട് 4 മുതൽ 6.30 വരെ	സെക്രട്ടറി, പാല ഫുട്ബോൾ ക്ലബ്	4,12,600 (ക്വട്ടേഷൻ)
10	നഗര സഭ ബസ് സ്റ്റാന്റ് ഫീസ് പിരിവ്	ബേബി തോമസ്	5,88,888 രൂപ (ക്വട്ടേഷൻ)

2023-24 ലെ ലേല രജിസ്റ്റർ, ലേല ഡയറികൾ തുക ഒടുക്കിയ വിവരങ്ങൾ, കുടിശ്ശിക വിവരങ്ങൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കുത്തക്കാർ ലേലം / ക്വട്ടേഷൻ തുകകൾ സമയ ബന്ധിതമായി തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (60/23.01.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയലുകൾ കൃത്യമായി സൂക്ഷിക്കാത്തത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പാളിച്ചയായി ഓഡിറ്റ്

നിരീക്ഷിക്കുന്നു.ലേലനടപടികളുടെ പൂർണ്ണവിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-30 വ്യാപാര സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകൽ- റഗുലേറ്ററി ചട്ടങ്ങൾപാലിക്കുന്നതിൽ വീഴ്ച

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 447, 448, 449, 450, 565 വകുപ്പ്, 2018 -ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ ആക്ട്), 2011 ലെ കേരള മുനിസിപ്പാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ഭേദഗതി ചെയ്ത ഉത്തരവ് സ.ഉ (പി) നമ്പർ 62/2020/ തസ്വഭവ/30.10.2020(എസ് ആർ ഒ നം 857/2020) എന്നിവ പ്രകാരവും, 2023-24 സാമ്പത്തിക വർഷത്തെ അപേക്ഷ, സഞ്ചയ പ്രകാരമുള്ള ഡി &ഒ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത ശ്രദ്ധയിൽപ്പെട്ടു.

1. ഹാജരാക്കിയ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്ന എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടതായി കാണുന്നില്ല. 2023-24 വർഷത്തെ IFTE&SO, (D& O License Fees)- രജിസ്റ്റർ, ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.. ബാലൻസ് ഷീറ്റ് B15 ഷെഡ്യൂൾ പ്രകാരം 431300201-Receivables For License Fees (Current) 19175/-രൂപയും , 431300201-Receivables For License Fees (Arrears) 123625/-രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

3. 26 വാർഡുകളുള്ളതിൽ 23-24 വർഷം ആകെ 2042 വ്യാപാര സ്ഥാപനങ്ങൾക്ക് മാത്രമെ ലൈസൻസ് അനുവദിച്ചിട്ടുള്ളൂ. ഇതിൽ വാർഡ് 15,25 എന്നിവയിൽ ഒരു ലൈസൻസ് പോലും അനുവദിച്ചിട്ടില്ല.

4. 2020-ലെ സർക്കാർ ഉത്തരവ് സ.ഉ(പി)നം.62/2020/തസ്വഭവ/30.10.2020ലെ പട്ടിക II പ്രകാരം ക്രമ നമ്പർ 238 റേഷൻ കട ,മാവേലി സ്റ്റോർ, ക്രമ നമ്പർ 279 സ്വകാര്യ ഫിനാൻസ് സ്ഥാപനങ്ങൾ, ക്രമ നമ്പർ 342 അക്ഷയ കേന്ദ്രം ,ക്രമ നമ്പർ 387 കള്ള് ഷാപ്പ് ,ക്രമ നമ്പർ 360 സ്വർണ്ണ പണയ സ്ഥാപനങ്ങൾ ക്രമ നമ്പർ 359 ചിട്ടി കമ്പനികൾ, ക്രമ നമ്പർ 357 കുറികമ്പനികൾ ,ഗോൾഡ് ലോൺ സ്ഥാപനങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ നഗരസഭാ പരിധിയിൽ റേഷൻ കടകൾ, സ്വകാര്യ ഫിനാൻസ് സ്ഥാപനങ്ങൾ , കള്ള് ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിന് (64/24.01.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

5. നഗരസഭാ പരിധിയിൽ ലൈസൻസ് ഫീസ് അടയ്ക്കാതെ പ്രവർത്തിച്ച ഏതാനും സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ് നം	വ്യാപാര സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ
1	1	രേണുക.ബി,പുന്നമറ്റത്തിൽ, റേഷൻ കട
2	1	തോമസ് മൈക്കിൾ, 1/249, ബാബുചിക്കൻ സെന്റർ
3	2	എം എൻ ദീലീപ് കുമാർ,പല ചരക്ക് കട
4	3	ചാക്കോച്ചൻ പി.യു,പനയിൽ സ്റ്റോർ
5	3	മാനേജർ, സാപിൻസ് ഫാം പ്രോഡക്സ്
6	4/103	എം രാജേന്ദ്രൻ, ഹോട്ട് ആന്റ് കോൾഡ്.
7	4/179	വിശ്വംഭരൻ,വാരിമുട്ടം ഫാർമസി
8	4/39(1)	താരാ തോമസ്, മൽഹാർ
9	5/157(1)	പ്രശാന്ത് ഉണ്ണികൃഷ്ണൻ, M/S ,ശ്രീ മുരുഗ സ്കാഫോൾഡിംഗ്സ്
10	5/199	പ്രീതി അനിൽ, പോളി ടെക്നിക്ക് പാലാ(ഹോട്ടൽ)
11	5/250(1)	സജു തോമസ്, പോപ്പുലർ മോട്ടോർ വേൾഡ്
13	6/229	മൈക്കിൾ ജോസഫ്, ഹാർഡ്വെയർ,സാനിറ്ററി

14	6/335	ശശി റ്റി .എൻ .ഡ്രീം വേൾഡ്(റെഡിമെയ്ഡ് വസ്ത്രങ്ങൾ)
15	6/ 24/4	സുഭാഷ് ജോസ്, ജോ ബ്രദേഴ്സ് ,സോഫ്റ്റ് ഡ്രിങ്സ്
16	7/134/1	മേരി വിൽസൺ, വെട്ടുക്കാട്ടിൽ പോൾട്രി ഫാം
17	8/166	സ്മിത റെജി, സെന്റ് മേരീസ് ഡെസേട്ട്സ്
18	9/101(1)	ഡോ.ആഷിസ് റാഫേൽ, അഗസ്തിയ ആയുർവേദ ക്ളിനിക്ക്
19	9/207	അനിൽകുമാർ .സി,മണിമല സെയിൽ കോർപ്പറേഷൻ
20	10 /193	സന്തോഷ് പി.കെ,എസ് & എസ് വെയിംഗ് സിസ്റ്റംസ്
21	10/414	ബിജു ജേക്കബ്,നെക്സ്റ്റ് ഇന്റീരിയർ
22	10/107	റജി.എം.എസ്,രജനി ഹോട്ടൽ
23	10	ശ്രീജിത്ത് പി.എസ്,അക്ഷയ സെന്റർ
24	10	ജോസഫ് തോമസ് ,പുതുമന ലോഡ്ജ്
25	11/39(2)	മഞ്ജു ജോർജ്ജ്,വയലറ്റ്
26	11/81	കോളിൻസ് വി.എഫ്,സ്റ്റിക്കർ ഹൗസ്
27	12/622	തോമസ് ജോസഫ്,,ഡിവൈൻ മേഴ്സി സെന്റർ
28	12/595	മേഴ്സി ബിൻസ്. നീഡിൽ മാജിക്ക്,തയ്യൽ
29	13/8(1)	രാജ് കുമാർ,സൺ റൈസ് ,ട്രാവൽ ഏജൻസി
30	13/221	ഷനോജ് സി.ആർ,തകർിയിൽ ഓട്ടോ ഗാരേജ്
31	13/263	വിജയൻ കെ..ബി,വിജയൻ ഇലക്ട്രിക്കൽസ്
32	17/12(1)	സി.ബി.മത്തായി,ഇൻഡസ് മോട്ടോഴ്സ്
33	19/13,14,15	ബാബു.സി.പി, എം .എ ടയേഴ്സ്
34	19/404	അനീഷ് സി.ബി.ഒമേഗ ഡോന്റൽ ലാബ്

സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് ഫീസ് ഒടുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (63/24.01.2025)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഡിമാന്റ് ചെയ്ത്, ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന ചട്ടപ്രകാരം ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

1-31 ലൈബ്രറി സെസ് ഇനത്തിലുള്ള വരവ് നിശ്ചിത ശീർഷകത്തിലേക്ക് അടവാക്കുന്നില്ല

വാർഷികകണക്കുകളിലെ ബി-9 ഷെഡ്യൂൾ പ്രകാരം 6375556.40 രൂപ ലൈബ്രറി സെസ് ഇനത്തിൽ ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ ബാധ്യതയായി അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (24/20.01.2025) 2020-21 മുതൽ 2023-24 വരെ അടവാക്കേണ്ടതായ ലൈബ്രറി സെസ് തുകയാണ് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നതെന്നും

നഗരസഭയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധി മൂലമാണ് ടി തുക അടവാക്കാൻ സാധിക്കാത്തതെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറിസെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ബന്ധപ്പെട്ട കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ലൈബ്രറി സെസ്സിന്റെ വരവ്/ഒടുക്ക് സംബന്ധമായ വിശദാംശങ്ങളടങ്ങിയ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന വർഷങ്ങളിലെ ലൈബ്രറി സെസ്സ് തുകകൾ അടവാക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

ക്രമ നം.	വർഷം	അടവാക്കാനുള്ള ലൈബ്രറി സെസ്സ് തുക
1	2020-21	1295837
2	2021-22	1264573
3	2022-23	1516073
4	2023-24	1173133
	ആകെ	**5249616**

എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 6375556.40 രൂപയാണ് ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ തുകകളുടെ വ്യത്യാസം (6375556.40 – 5249616 = 1125940.40 രൂ) വിശദീകരിക്കപ്പെട്ടിട്ടില്ല. ലൈബ്രറി സെസ്സ്ഇനത്തിലുള്ള തുകയുടെ വിനിമയത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാലായിൽ 67314843109 നമ്പർ അക്കൗണ്ടും സൗത്ത് ഇന്ത്യൻ ബാങ്ക്, പാലായിൽ 62053000070568 നമ്പർ അക്കൗണ്ടും നിലനിൽക്കുന്നുണ്ട് എന്നാൽ 31.03.2024 ലെ RP 40 (B) പ്രകാരം മേൽ അക്കൗണ്ടുകളിൽ യഥക്രമം 4219/- രൂ, 26,251/- രൂ എന്നിങ്ങനെയാണ് നീക്കിയിരിപ്പുള്ളത്. ടി നീക്കിയിരിപ്പ് തുകകൾ ഈടാക്കിയ ലൈബ്രറി സെസ്സ് തുകയുമായി പൊരുത്തപ്പെടുന്നില്ല. പാലാ നഗരസഭയിൽ 1995-96 സാമ്പത്തിക വർഷം മുതൽ 2012-13 വരെ ഈടാക്കിയ ലൈബ്രറി സെസ്സിന്റെ 90% തുകയാണ് ലൈബ്രറി കൗൺസിലിലേക്ക് അടവാക്കിയിട്ടുള്ളത്. ബാക്കി തുക സംബന്ധിച്ച വിവരം ഫയലിൽ വ്യക്തമല്ല. ലൈബ്രറി സെസ്സിനായി തുടങ്ങിയ അക്കൗണ്ടുകളിൽ മേൽ ഇനത്തിലുള്ള എല്ലാ തുകകളും കൃത്യമായി നിക്ഷേപിക്കേണ്ടതും വിനിമയം നിയന്ത്രിക്കേണ്ടതുമാണ്. ലൈബ്രറി സെസ് ഇനത്തിലുള്ള കുടിശ്ശിക തുക കൃത്യമായി കണക്കാക്കി അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-32 മഴക്കാലപൂർവ്വ ശുചീകരണം - അനുവദിക്കപ്പെട്ട തുക വിനിയോഗിക്കുന്നതിൽ വീഴ്ച്ച- അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി അതാത് വാർഡ് മെമ്പർമാരുടേയും ഹെൽത്ത് ഇൻസ്പെക്ടറുടേയും പേരിലുള്ള സംയുക്ത അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്കുകൾ പ്രകാരം മുൻവർഷങ്ങളിൽ നൽകിയ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നം.	അക്കൗണ്ട് നം. (SBI PALA)	തുക
16	67040680547	2959
18	67040785754	22025
19	67040764642	14293.5
17	67040785732	14498.5
11	67040701524	9458
9	67040701636	12042
7	67040764744	11512
1	67040670038	12241

മഴക്കാലപൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി മുൻവർഷങ്ങളിൽ അനുവദിച്ച തുകകളിൽ ചെലവഴിക്കാത്ത തുക മേൽപ്പറഞ്ഞ പ്രകാരം അക്കൗണ്ടുകളിൽ നിലനിർത്തുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (63/23.01.2025) ലഭ്യമാക്കിയ മറുപടിയിൽ സംയുക്ത അക്കൗണ്ടുകളിൽ ബാലൻസായി നിൽക്കുന്ന തുകകൾ മുൻകാലങ്ങളിലെ നീക്കിയിരിപ്പ് തുകയും പലിശയും ചേർന്നുള്ള തുകയാണെന്നും ടി തുക 2024-25 സാമ്പത്തിക വർഷം സാനിറ്റേഷൻ കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നതാണെന്നും അറിയിച്ചു. വാർഡ്തല ശുചിത്വസമിതികളുടെ പ്രവർത്തനം ഒട്ടുംതന്നെ കാര്യക്ഷമമല്ലാത്തതിനാലാണ് അനുവദിക്കപ്പെട്ട തുക ഇപ്രകാരം ശുചിത്വസമിതികളുടെ അക്കൗണ്ടിൽ അവശേഷിക്കുന്നത്.എല്ലാ വാർഡുകളിലേക്കും തുക നൽകുന്ന അക്കൗണ്ടുകളുടെ പാസ്ബുക്ക്

പരിശോധിക്കേണ്ടതും ഈയിനത്തിൽ മിച്ചം നിൽക്കുന്ന തുകകളോ പലിശ ഇനത്തിലുള്ള തുകകളോ ഉണ്ടെങ്കിൽ ആയത് യഥാക്രമം വിനിയോഗിക്കേണ്ടതും വിനിയോഗം സംബന്ധിച്ച ആധികാരിക വൗച്ചറുകൾ സൂക്ഷിക്കേണ്ടതുമാണ്.അല്ലാത്തപക്ഷം തുക തിരികെ അതാത് ഫണ്ടുകളിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-33 സ്വയം തൊഴിലിനായി സബ്സിഡി നൽകിയ തുക തിരിച്ചടച്ചത് സർക്കാരിലേക്ക് അടവാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ	17/23-24
പ്രോജക്ടിന്റെ പേര്	സ്വയം തൊഴിൽ സബ്സിഡി നൽകൽ വനിത വ്യക്തിഗതം
നിർവ്വഹണോദ്യോഗസ്ഥൻ	ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	വികസന ഫണ്ട്(പൊതു) 350000
ചെലവഴിച്ച തുക	വികസന ഫണ്ട്(പൊതു) 350000 രൂപ/- (Bill No.1/25.03.24)

തൻ വർഷം സ്വയം തൊഴിൽ തുടങ്ങുന്നതിനായി 10 വനിതകൾക്ക് പദ്ധതി ചെലവിന്റെ 75% നിരക്കിൽ (പരമാവധി 90,000/- രൂപ) സബ്സിഡി അനുവദിച്ചിരുന്നു. വാർഷിക പദ്ധതി നടത്തിപ്പിന്റെ തുടർ നടപടിയുമായി ബന്ധപ്പെട്ട യൂണിറ്റ് സന്ദർശനത്തിൽ ജിഷാമോൾ കെ എസ്,തിരുകുടുംബം ബേക്ക്സ് ,മൂന്നാനി നടത്തുന്ന സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യുകയും(3.7.24-ലെ IEO/Pala(M)/Plan 13/2024കത്ത് പ്രകാരം) ,ജിഷാമോൾ കെ.എസി-ൽ നിന്നും തുക തിരികെ ഈടാക്കാൻ കൗൺസിൽ അനുമതി തേടുകയും ചെയ്തു. 22.07.2024 ലെ കൗൺസിൽ 4-ാം നമ്പർ തീരുമാന പ്രകാരം തുക ഈടാക്കി സർക്കാറിലേക്ക് തിരിച്ചടയ്ക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഗുണഭോക്താവ് സബ്സിഡിയായി ലഭിച്ച 19875/- രൂപ (ഡിഡി നം 379620/11.12.24) നഗരസഭയിൽ തിരിച്ചടച്ചിരുന്നു. എന്നാൽ തുക സർക്കാരിലേക്ക് തിരിച്ചടച്ചതായി കാണുന്നില്ല. തിരിച്ചടച്ചതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (20/20.01.2025)-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി തുക തിരികെ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-34 മൂന്നാനി ലോയേഴ്സ് ചേംബർ കെട്ടിടനിർമ്മാണം- നഗരസഭയ്ക്ക് വൻ ബാദ്ധ്യത

പാലാ നഗരസഭയുടെ 9-ാം വാർഡിൽ മൂന്നാനിയിലുള്ള കോടതി സമുച്ചയത്തിന് സമീപത്തായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് മൂന്ന് നിലകളിലായി 72 ഷട്ടർ മുറികളോട് കൂടിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 4.1 കോടി രൂപയായിരുന്നു പ്രാഥമികമായി പ്രോജക്ട് കോസ്റ്റ് നിശ്ചയിച്ചിരുന്നത്. ഇതിൽ 32850000 രൂപ KURDFC ലോണും ബാക്കി തനത് ഫണ്ടുമാണ് വകയിരിത്തിയിരുന്നത്.

പ്രവൃത്തി നിർവ്വഹണത്തിനായി പ്രീ കാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച് 9.2 % കുറവ് രേഖപ്പെടുത്തിയ ശ്രീ വിനോയി ആന്റണി എന്ന കരാറുകാരനുമായി 12.2.16 ൽ കരാർ വെച്ച് പ്രവൃത്തി ഏൽപ്പിച്ചു നൽകി. ഫൈനൽ ബിൽ സമർപ്പിച്ചിരിക്കുന്നത് പകാരം 19.7.19 ൽ സിവിൽ വർക്കുകൾ പൂർത്തിയാക്കി. ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം കണക്കാക്കിയത് 36282353 രൂപയാണ്. ടെണ്ടർ വ്യതിയാനം കുറവ് ചെയ്ത് അറ്റ വേലമൂല്യം 32944377 രൂപയാണ്. നിയമാനുസൃത റിക്കവറികൾ കഴിച്ച് 31705669 രൂപ കരാറുകാരൻ ശ്രീ വിനോയി ആന്റണിക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമനം	ചെക്ക് നം/ തീയതി	തുക	ഫണ്ടിനം
1	415513/ 2.7.19	6337404	KERDFC ലോൺ
2	396883/ 16.8.19	1500000	തനത് ഫണ്ട്

3	9/2019	6356289	KERDFC ലോൺ
4	4652366/ 20.3.20	1500000	തനത് ഫണ്ട്
5	415517/ 17.8.23	16011976	KERDFC ലോൺ
	ആകെ	31705669	

റിക്കവറി തുകകൾ പ്രത്യേകം ഒടുക്കിയിട്ടുണ്ട്. സിവിൽ വർക്കുകളുടെ പൂർത്തീകരണത്തിന് 2022-23 ൽ പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡ് ഫണ്ടിൽ നിന്നും 2922881 രൂപയും കുഴൽ കിണർ നിർമ്മാണത്തിന് 26.12.22 ൽ 52000 രൂപയും ചെലവഴിച്ചിട്ടുണ്ട്. വൈദ്യുതീകരണ പ്രവൃത്തികൾക്കായി 2023-24 വർഷം പ്രോജക്ട് നം. 281/24 പ്രകാരം വികസന ഫണ്ട് വകയിരുത്തി 2236952 രൂപയും ചെലവഴിച്ചിട്ടുണ്ട്. നാളിതുവരെ ആകെ 36917502 രൂപ ചെലവ് വന്നിട്ടുണ്ട്.

2023-24 വർഷം 11 ഷട്ടർ മുറികൾ മാത്രമാണ് വാടകയ്ക്ക് നൽകാൻ സാധിച്ചിട്ടുള്ളത്. വായ്പാമുതലിന്റേന്റെയും പലിശയുടെയും തിരിച്ചടവ് ഇനത്തിൽ വൻതുക ബാദ്ധ്യതയായിട്ടും കെട്ടിടത്തെ വരുമാനദായകമയി മാറ്റാൻ സാധിച്ചിട്ടില്ല. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര നടപടി അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1-35 തെരുവ് വിളക്കുകൾക്ക് എ എം സി - പ്രോജക്ട് നിർവ്വഹണത്തിലും തുക ചെലവഴിക്കുന്നതിലും സുതാര്യതയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2023-24 വർഷം നഗരസഭാ പരിധിയിലുള്ള എൽ ഇ ഡി , സോഡിയം വേപ്പർ ലാമ്പ് , ഹൈമാസ്റ്റ് ലൈറ്റുകളുടെ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നൽകൽ എന്ന പേരിൽ വ്യത്യസ്ത പ്രോജക്ടുകൾ രൂപീകരിച്ച് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

പ്രോജക്ട്	പ്രോജക്ട് നം	ചെലവ് (രൂപ)
തെരുവ് വിളക്കുകൾക്ക് എൽ ഇ ഡി , സോഡിയം വേപ്പർ ലാമ്പ് എ എം സി ഫയൽ നം - PW3/3104/23	203/24 (SO)	212400 (സി എഫ് സി) ബിൽ നം - 148/14-12-2023
	202/24 (SO)	436875 (സി എഫ് സി) ബിൽ നം - 197/27-01-2024
	54/24 (New)	873750 (സി എഫ് സി) (ബിൽ നം - 98/2- 11-2023- 436875 രൂപ ബിൽ നം - 298/23-03-2024- 436875 രൂപ)

നഗരസഭയിലെ വിവിധ വാർഡുകളിലെ 3931 എണ്ണം എൽ ഇ ഡി , 480 സെറ്റ് സോഡിയം വേപ്പർ ലാമ്പ് , 4 ഹൈമാസ്റ്റ് എന്നിവയുടെ കാലാകാലങ്ങളിലെ മെയിന്റനൻസിനായി AMC(Annual Maintenance Contract) വ്യവസ്ഥയിൽ തുക ചെലവഴിയ്ക്കാനുള്ള പ്രോജക്ടുകളാണ് തയ്യാറാക്കിയിരുന്നത്. സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണിക്കായി AMC നൽകൽ എന്ന പേരിൽ വിവിധ പ്രോജക്ടുകൾ പ്രകാരം ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് കാട്ട് ചെയ്ത രാജു മുട്ടത്ത് എന്ന കരാറുകാരന് പ്രവർത്തി ഏൽപിച്ച് നൽകി. മേൽ പ്രോജക്ടുകൾ പ്രകാരം 450 രൂപ വാർഷിക നിരക്കിൽ 3931 എണ്ണം എൽ ഇ ഡി യുടെ മെയിന്റനൻസിനുള്ള തുക കണക്കാക്കി ഗഡുക്കളായി പ്രതിമാസ തുക അനുവദിച്ചു നൽകിയിരിക്കുന്നു. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1-നഗരസഭയിലെ എല്ലാ തെരുവ് വിളക്കുകൾക്കും അറ്റകുറ്റപണി ആവശ്യമായി വരും എന്ന പരിഗണനയിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് കരാർ തുക നിശ്ചയിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ 100% തെരുവ് വിളക്കുകൾക്കും അറ്റകുറ്റപ്പണി പ്രായോഗിക തലത്തിൽ ആവശ്യമായി വരില്ല എന്നതിനാൽ ആകെയുള്ള തെരുവ് വിളക്കുകളുടെ നിശ്ചിത ശതമാനം എണ്ണത്തിൽ പരിമിതപ്പെടുത്തി കരാറിൽ ഏർപ്പെടേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം പരിമിതപ്പെടുത്താതെ 3931 എണ്ണം എൽ ഇ ഡി അറ്റകുറ്റപണിക്ക് ആവശ്യമായ വാർഷിക തുക കണക്കാക്കി കരാറുകാരന് പ്രതിമാസ

ഗഡുക്കളായി തുക അനുവദിച്ചു. തന്മൂലം യഥാർത്ഥത്തിൽ അറ്റകുറ്റപണി ആവശ്യമായി വരാത്ത തെരുവ് വിളക്കുകൾക്കുള്ള തുക കൂടി കരാറുകാരന് നൽകേണ്ടി വരുന്നു.
2-നഗരസഭയിലെ വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വാർഡ് തിരിച്ചുള്ള പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ നിലവിൽ സൂക്ഷിച്ചിട്ടില്ല. ഓരോ മാസവും യഥാർത്ഥത്തിൽ അറ്റകുറ്റപ്പണി നടത്തുന്നവയുടെ എണ്ണം ശേഖരിക്കുന്നില്ല. വാർഡ് കൗൺസിലർമാർ നൽകുന്ന സാക്ഷ്യപത്രത്തിൽ അറ്റകുറ്റപ്പണി നടത്തിയ തെരുവ് വിളക്കുകളുടെ ആകെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വാറന്റി കാലയളവ് ഉള്ളവയുടെ മെയിന്റനൻസ് ഒഴിവാക്കുന്ന രീതിയിൽ ആയത് നിരീക്ഷിക്കാനുള്ള സംവിധാനവും നിലവിലില്ല.ആയതിനാൽ ഒട്ടും തന്നെ സുതാര്യതയില്ലാതെയാണ് ഈ ഇനത്തിൽ തുക ചെലവഴിച്ച് വരുന്നത്.
പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ / യഥാർത്ഥ അറ്റകുറ്റപ്പണി ആവശ്യമുള്ള തെരുവ് വിളക്കുകളുടെ മാത്രം മെയിന്റനൻസിന് ആവശ്യമായ തുക കരാറുകാരന് നൽകുന്ന രീതിയിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കാനും അധികച്ചെലവ് ഇല്ലാതാക്കാനും തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്. മേൽ അപാകതകളിന്മേൽ അധിക വിശദീകരണവും രേഖകളും ആവശ്യമായതിനാൽ പ്രോജക്ട് ചെലവ് തുകയായ 1523025/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 വർക്കിംഗ് വിമൻസ് ഹോസ്റ്റൽ മെയിന്റനൻസ്- ഷീറ്റ് റൂഫിംഗ് പൊളിഞ്ഞ നിലയിൽ

പ്രോജക്ട് നം. 174/24
അടങ്കൽ- 1500000 രൂപ (750000- വികസന ഫണ്ട് + 750000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്- 1497421 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
ഫയൽ നം. PW1- 10205/23

പാലാ നഗരസഭയുടെ 2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട്. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ കെട്ടിടം പെയിന്റിംഗ് ചെയ്യുന്നതിനും ടെറസ് സംരക്ഷണത്തിനായി ഷീറ്റ് റൂഫിംഗ് നടത്തുന്നതിനുമാണ് പ്രോജക്ട് നടപ്പാക്കിയത്. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ബിൽ	തുക	ബിൽ നം/ തീയതി
1	ഒന്നാം പാർട്ട് ബിൽ	1061529	750000- വികസന ഫണ്ട് (ബിൽ നം. 209/6.2.24), 311529- ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബിൽ നം.190/24.1.24)
2	രണ്ടാം പാർട്ട് ബിൽ	435892	246/5.3.24
	ആകെ	1497421	

പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 22 ആയി 331.83m2 ജി.എസ് ഷീറ്റ് റൂഫിംഗ് നടത്തിയിട്ടുണ്ട്. ആയതിന് 550/M2 നിരക്കിൽ 182507.6 രൂപ മൂല്യം കണക്കാക്കി 18% ജി.എസ്.റ്റി ഉൾപ്പെടെ തുക അനുവദിച്ചിട്ടുണ്ട്. 22.1.25 തീയതിയിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ ഷീറ്റ് റൂഫിംഗിന്റെ ഒരു ഭാഗത്ത് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി കാണുകയുണ്ടായി. പ്രവൃത്തി പൂർത്തിയാക്കി ഒരു വർഷത്തിനുള്ളിൽ ഷീറ്റ് റൂഫിംഗിന് കേടുപാടുകൾ സംഭവിച്ചത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 50/23.1.25-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയതിൽ സമീപവാസിയുടെ പുരയിടത്തിൽ നിന്നിരുന്ന മരം ഷീറ്റ് റൂഫിംഗിലേക്ക് വീണത് മൂലമുണ്ടായ ആഘാതത്തിലാണ് കേടുപാടുകൾ സംഭവിച്ചത് എന്നും നിർമ്മാണത്തിലെ തകരാർ മൂലമല്ലാത്തതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. പുതിയ റൂഫിങ്ങ് പ്രവൃത്തി നടത്തുമ്പോൾ തന്നെ സമീപത്ത് അപകടകരമായി നിൽക്കുന്ന മരം മുറിച്ച് മാറ്റാൻ നോട്ടീസ് മുഖേനെ നിർദ്ദേശം നൽകേണ്ടതായിരുന്നു.ബന്ധപ്പെട്ട പുരയിടത്തിന്റെ ഉടമസ്ഥന്റെ നഷ്ടോത്തരവാദിത്വത്തിൽ ഷീറ്റ് റൂഫിംഗിന്റെ കേടുപാടുകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-37 വാർഡ് 14 ജയാ റോഡ് സംരക്ഷണഭിത്തി നിർമ്മാണം- പൊളിച്ചുമാറ്റിയ കല്ലിന്റെ

മൂല്യനിർണയം നടത്തിയിട്ടില്ല.

പ്രോജക്ട് നം. 270/24
അടങ്കൽ- 852000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ്- 814722 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
ഫയൽ നം. PW1- 4020/23

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ട് പ്രകാരം ഏറ്റെടുത്ത മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 1(2) പ്രകാരം 45.22 M3 കല്ല് കെട്ട് പൊളിച്ച് മാറ്റുന്നതിന് തുക വകയിരുത്തിയിട്ടുള്ളതും കല്ല് പൊളിച്ചുമാറ്റിയിട്ടുള്ളതുമാണ്. എന്നാൽ പൊളിച്ച് മാറ്റിയ കല്ലിന്റെ മൂല്യനിർണ്ണയം നടത്തി നഗരസഭയ്ക്ക കൈമാറി ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ലേലം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 31/21.1.25-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ടി കാലഘട്ടത്തിലെ നിർവ്വഹണോദ്യോഗസ്ഥന് അറിയിപ്പ് നൽകുന്നതാണ് എന്ന് അറിയിച്ചു. സർവ്വേറിപ്പോർട്ടും ആയതിന്മേലുള്ള തുടർനടപടി വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-38 നഗരസഭയുടെ വിവിധ വാർഡുകളിൽ മിനി എം.സി.എഫ് സ്ഥാപിക്കൽ- അപാകതകൾ

പ്രോജക്ട് നം. 223/24 (235/23)
അടങ്കൽ- 2643885 രൂപ (1102500- ധനകാര്യ കമ്മീഷന് ഗ്രാന്റ് + 925360- സ്വച്ഛഭാരത് മിഷൻ ഫണ്ട് + 616025- ശുചിത്വമിഷൻ ഫണ്ട്)
ചെലവ്- 2202239 രൂപ (972608- ധനകാര്യ കമ്മീഷന് ഗ്രാന്റ് + 925360- സ്വച്ഛഭാരത് മിഷൻ ഫണ്ട് + 304271- ശുചിത്വമിഷൻ ഫണ്ട്)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
ഫയൽ നം. PW1- 14526/22

2023-24 വാർഷിക പദ്ധതിയിൽ നടപ്പാക്കിയതാണ് മേൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് 2.5mx0.8m വലിപ്പത്തിലുള്ള 47 മിനി എം.സി.എഫുകൾ ജി.ഐ. ഹോളോ ട്യൂബുകളും അയൺ പ്രൊഫൈൽ ഷീറ്റും ഉപയോഗിച്ച് നിർമ്മിച്ച് ലോക്കിംഗ് അറേഞ്ച്മെന്റും നെയിം ബോർഡും സ്ഥാപിക്കുന്നതിനാണ്. ഫയൽ പരിശോധിച്ചതിൽ മേൽ അളവിലുള്ള 47 മിനി എം.സി.എഫുകൾ നിർമ്മിച്ച് നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചതായി കാണുന്നു. ചെലവ് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ബിൽ നം/ തീയതി	തുക	ഫണ്ടിനം
1	C082336908029/24.8.23	972608	ധനകാര്യ കമ്മീഷന് ഗ്രാന്റ്
2	86/29.9.23	222352	സ്വച്ഛഭാരത് മിഷൻ ഫണ്ട്
3	93/12.10.23	703008	സ്വച്ഛഭാരത് മിഷൻ ഫണ്ട്
4	94/12.10.23	304271	ശുചിത്വമിഷൻ ഫണ്ട്
	ആകെ	2202239	

22.1.25 തീയതിയിൽ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ സ്ഥലപരിശോധന നടത്തിയതിൽ സ്ഥാപിച്ച 47 മിനി എം.സി.എഫുകളിൽ (Material Collection Facility Centre)കുറെ എണ്ണം ഉപയോഗിക്കാതെ പൂട്ടി ഇട്ടിരിക്കുന്നതായാണ് കാണപ്പെട്ടത്. സ്ഥാപിച്ച 47 മിനി എം.സി.എഫുകളും പൂർണ്ണമായും ഉപയോഗിക്കാത്തത് സംബന്ധിച്ചും പ്രോജക്ടിന്റെ തൃപ്തികരമായ പൂർത്തീകരണം ഉറപ്പാക്കുന്നതിനുള്ള മോണിട്ടറിംഗ് സമിതി റിപ്പോർട്ട് തയ്യാറാക്കാത്തത് സംബന്ധിച്ചും ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 56/23.1.25-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറപടി ലഭ്യമാക്കിയതിൽ അനുയോജ്യമല്ലാത്ത സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫുകളാണ് പൂട്ടി ഇട്ടിരിക്കുന്നത് എന്നും ടി വിഷയം അതാത് വാർഡ് കൗൺസിലറുമായി ചർച്ച ചെയ്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി പൂട്ടിക്കിടക്കുന്ന മിനി എം.സി.എഫുകൾ ഉപയോഗയോഗ്യമാക്കുന്നതാണ് എന്നും അറിയിച്ചു. ശരിയായ സാധ്യതാ പഠനം നടത്താതെ മിനി എം സി എഫുകൾ സ്ഥാപിച്ച നടപടി അംഗീകരിക്കാവുന്നതല്ല. പൂട്ടിക്കിടക്കുന്ന മിനി എം.സി.എഫുകൾ കൂടി ഉപയോഗയോഗ്യമാക്കി വിശദമായ മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-39 ജി- ബിൻ വിതരണ പദ്ധതി- ഗുണഭോക്തൃ വിഹിതം ഈടാക്കിയതിന്റെയോ കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രോജക്ട്	294/24- ഖരമാലിന്യ സംസ്കരണം ജി ബിൻ വിതരണം – 2 ബിൻ സിസ്റ്റം
ചെലവ്	5,50,000/_ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ബിൽ വിശദാംശങ്ങൾ	363/28.03.24 – 550000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ഹെൽത്ത് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നപ്പാക്കിയ ജി ബിൻ വിതരണം എന്ന സ്പിൽഓവർ (പ്രോജക്ടു് നം. 294/24) പ്രൊജക്റ്റിൽ 23-24 വർഷം 313 ബിന്നുകൾ ബിന്നൊന്നിന് 3650 രൂപ നിരക്കിൽ ഈനാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ബിന്നുകൾ ലഭ്യമായതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ ഫയലിൽ ലഭ്യമാണ്. ജി ബിൻ വിതരണം ചെയ്ത ഇനത്തിൽ പരാമർശിത ബിൽ പ്രകാരം 550000 രൂപ ഈനാട് യുവജന കോഓപ്പറേറ്റീവ് സൊസൈറ്റിയുടെ 41496117076 നമ്പർ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് 115/2022// 28.05.22 ഖണ്ഡിക 6.8. എ പ്രകാരം കമ്പോസ്റ്റിംഗ് യൂണിറ്റു വിതരണ പദ്ധതികളിൽ ബിന്നുകളുടെ വിലയുടെ 10% ഗുണഭോക്തൃ വിഹിതം ഇനത്തിൽ ഈടാക്കേണ്ടതാണ്. പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം ഈടാക്കിയതായോ ഈനാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയതായോ കാണുന്നില്ല. ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (46/22.01.25) ഗുണഭോക്തൃ വിഹിതം പിരിച്ച് തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 2024-25 വർഷവും സ്പിൽഓവറായി തുടരുന്ന പ്രസ്തുത പദ്ധതിയുടെ കാലയളവ് അവസാനിക്കുന്നതിന് മുമ്പ് തുക ഈനാട് കോർപ്പറേഷന് കൈമാറുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും പരാമർശിത ഗുണഭോക്താക്കളുടെ ഗുണഭോക്തൃ വിഹിതമായ 114245 രൂപ (365*313= 114245 രൂപ) തനത് ഫണ്ടിൽ ഒടുക്കിയതുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ രേഖകൾ ഗുണഭോക്തൃ വിഹിതം പിരിച്ചതിന്റെയും ഒടുക്കിയതിന്റെയും കൃത്യത ഉറപ്പുവരുത്താനുതകുന്നതല്ല. ബിന്നുകൾ വിതരണം ചെയ്തിട്ടും സ്ഥാപനത്തിന് തുക കൈമാറാനുണ്ടാവുന്ന കാലതാമസം ഭാവിയിൽ കോടതി വ്യവഹാരങ്ങൾക്ക് കാരണമായേക്കാമെന്നതിനാൽ ഗുണഭോക്തൃവിഹിതമടക്കം ഈനാട് യുവജന കോപ്പറേറ്റീവ് സൊസൈറ്റിക്ക് നൽകാനവശേഷിക്കുന്ന തുക പൂർണ്ണമായി കൈമാറി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-40 ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകിയ അക്കൌണ്ട് നമ്പർ അപേക്ഷയിലെ അക്കൌണ്ട് നമ്പറുമായി പൊരുത്തപ്പെടുന്നില്ല

പ്രോജക്ട് നമ്പർ	41/23-24
പ്രോജക്ടിന്റെ പേര്	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് , യൂണിഫോം അലവൻസ്
നിർവ്വഹണോദ്യോഗസ്ഥൻ	ഐസിഡിഎസ് സൂപ്പർവൈസർ
അടങ്കൽ	വികസന ഫണ്ട്(പൊതു) 1540000 രൂപ /-
ചെലവഴിച്ച തുക	വികസന ഫണ്ട്(പൊതു) 1540000 രൂപ /- (Bill No.3/22.12.23-852600/- Bill No.16/19.03.24-687400/-)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് നൽകിയ അക്കൌണ്ട് നമ്പർ അപേക്ഷയിലെ അക്കൌണ്ട് നമ്പറുമായി പൊരുത്തപ്പെടുന്നതായി കണ്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവിന്റെ പേര് ,വിലാസം	അക്കൗണ്ട് നമ്പർ(അപേക്ഷ പ്രകാരം)	സ്കോളർഷിപ്പ് അനുവദിച്ച് നൽകിയ അക്കൗണ്ട് നമ്പർ	തുക(രൂപ)
1	സരിത ചെല്ലപ്പൻ,സ്നേഹാരാം കൊച്ചിടപ്പാടി, പാല	23890110074473 (UCBA0002389)	67365985836, SBIN0070350	28500/-
2.	രേവതി ബിജു , സ്നേഹാരാം കൊച്ചിടപ്പാടി, പാല.	19100100036489, FDRL0001910	19100100005922, (FDRL0001910)	28500/-
3	അശ്വതി എസ്, സ്നേഹാരാം കൊച്ചിടപ്പാടി, പാല	11440100175699, FDRL0001144	19100100018750 (FDRL 0001910)	28500
4	ഷൈനി തോമസ്,കുന്നംകോട്ട്	67309388938	67337906481 (SBIN0070120)	28500
5	ഫിസ്റ്റിയ ജൂഡ് ക്രാസ്റ്റാ, സ്നേഹാരാം കൊച്ചിടപ്പാടി, പാല	19100100028429 (FDRL 0001910)	23890110079713 (UCBA 0002389)	28500
6	അൽഫോൻസാ ബ്രിജിറ്റ് ,മനയാനിക്കൽ	67136106653 (SBIN0070350)	42733825290 (SBIN 0070350)	28500

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/20.01.2025)ന് മറുപടി ലഭ്യമാക്കിയതിൽ കുട്ടികൾക്ക് ഫണ്ട് നൽകിയത് മുൻ വർഷം മാപ്പ് ചെയ്തിരുന്ന അവരുടെ തന്നെ മറ്റൊരു അക്കൗണ്ടിലേയ്ക്കാണെന്നും അക്കൗണ്ട് വിവരങ്ങൾ യഥാസമയം സാംഖ്യയിൽ എഡിറ്റ് ചെയ്യുന്നത് സാധിച്ചില്ലെന്നും ആയതിനാലാണ് ഈ അപാകത സംഭവിച്ചതെന്നും മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്.ക്രമ നമ്പർ 2,3 ഒഴികെയുള്ളവയ്ക്ക് ഹാജരാക്കിയ രേഖകൾ സ്കോളർഷിപ്പ് നൽകിയ അക്കൌണ്ട് നമ്പറുമായി പൊരുത്തപ്പെടുന്നുണ്ട്.

ക്രമ നമ്പർ 2 രേവതി ബിജു എന്ന ഗുണഭോക്താവിനിവേണ്ടിയുള്ള സ്കോളർഷിപ്പ് ട്രാൻസ്ഫർ ചെയ്ത് നൽകിയ അക്കൗണ്ട് നമ്പർ പൈക ആതുരാലയത്തിന്റേതും, ക്രമ നമ്പർ 3- അശ്വതി എസ് എന്ന ഗുണഭോക്താവിന് വേണ്ടിയുള്ള സ്കോളർഷിപ്പ് ട്രാൻസ്ഫർ ചെയ്ത് നൽകിയ അക്കൗണ്ട് നമ്പർ കമലാക്ഷി(c/O Sr.റോസ്മിത) ദൈവദാൻ സെന്റർ എന്ന പേരിലുള്ളതുമാണ്. ഇത്തരം പൊരുത്തക്കേടുകൾ സംബന്ധിച്ച് അധിക വിശദീകരണം നൽകേണ്ടതും അക്കൗണ്ടുകൾ വ്യക്തിപരമായി പരിശോധിച്ച് ഉറപ്പാക്കുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതല കൃത്യമായി പാലിക്കേണ്ടതുമാണ്. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-41 കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകകളുടെ പ്രവർത്തി പൂർത്തീകരണ/വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല.

നഗരസഭയുടെ കീഴിലുള്ള വിവിധ സ്ഥലങ്ങളിൽ റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായി തനത് ഫണ്ടിൽ നിന്ന് 2023-24 വർഷം കെ.എസ്.ഇ.ബി യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകകളുടെ പ്രവർത്തി പൂർത്തീകരണ /വിനിയോഗ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/18.01.2025) മറുപടി ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ഫയൽ നം.	ചെക്ക് നം & തീയ്യതി	തുക	ആവശ്യം

1	PW3-4798/23	587357/05.08.23	23249/-	അരുണാപുരം കോട്ടയം റോഡിൽ മിനി ഇൻഡസ്ട്രിയൽ റോഡ് തുടങ്ങുന്നിടത്ത് അപകടാവസ്ഥയിലുള്ള ഇലട്രിക്ക് പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുക
2	PW1/800/23	338351/21.02.24 336399/06.03.24	40870/- 7065/-	8-ാം വാർഡ് കവീക്കുന്ന് പാനായിൽ റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി 5 ഇലട്രിക്ക് പോസ്റ്റുകൾ മാറ്റുന്നതിനായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുക
3	PW3-11430/23	787880/15.03.24	16734/-	8-ാം വാർഡ് പൈകട റോഡ് നിർമ്മാണം വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിയ്ക്കുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നിക്ഷേപിച്ച തുക
		ആകെ	**87918/-**	

കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകകളുടെ പ്രവർത്തി പൂർത്തീകരണ /വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ 87918/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-42 നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂരേഖകൾ പ്രകാരം പോക്കുവരവ് ചെയ്ത് നഗരസഭയുടേതാക്കി മാറ്റിയില്ല.

നഗരസഭയുടെ വിവിധ വാർഡുകളിൽ വ്യക്തികൾ നഗരസഭയ്ക്ക് വിട്ടു നൽകിയ സ്ഥലങ്ങളുടെ ദാനയാധാരം തയ്യാറാക്കൽ ഫീസിനത്തിൽ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂരേഖകൾ പ്രകാരം പോക്കുവരവ് ചെയ്ത് ആസ്തി രജിസ്റ്ററിൽ നഗരസഭയുടേതാക്കി മാറ്റിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/18.01.2025) മറുപടി ലഭ്യമാക്കിയില്ല.

ക്രമ നം	ഫയൽ നം.	ചെക്ക് നം & തീയ്യതി	തുക	ആവശ്യം
1	PW1-7836/22	426515/27.06.23	5000/-	നഗരസഭ 4-ാം വാർഡിൽ ശ്രീ.അഗസ്റ്റ്യൻ ജോസഫിന്റെ സ്ഥലം നഗരസഭയ്ക്ക് ദാനയാധാരം നൽകിയിട്ടുള്ളത് ,ആധാരം തയ്യാറാക്കൽ ഫീസിനത്തിൽ നൽകിയ തുക
2	PW1-723/23	426515/27.06.23	1700/-	26-ാംവാർഡിൽ പുത്തൻപള്ളിക്കുന്ന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് പി.എം ജോൺ.പൊടിമറ്റത്തിൽ

				എന്ന വ്യക്തി 37.21 ച.മീ സ്ഥലം വിട്ടു നൽകിയതുമായി ബന്ധപ്പെട്ട് ദാനയാധാരം തയ്യാറാക്കൽ ഫീസിനത്തിൽ നൽകിയ തുക
3	PW1-10836/22	426516/27.06.23	6000/-	2-ാംവാർഡിൽ റോഡാവശ്യത്തിൻ നഗരസഭയ്ക്ക് വിട്ടുകിട്ടിയ സ്ഥലത്തിന്റെ ദാനായാധാര ഫീസിനത്തിൽ നൽകിയ തുക

വിട്ടുകിട്ടിയ സ്ഥലങ്ങൾ റവന്യൂരേഖകൾ പ്രകാരം പോക്കുവരവ് ചെയ്ത് ആസ്തി രജിസ്റ്ററിൽ ചേർത്ത് നഗരസഭയുടേതാക്കി മാറ്റേണ്ടതും രേഖകൾ പരിശോധനയക്ക് ഹാജരാക്കേണ്ടതുമാണ്.

1-43 ദേശീയ ചേരി നിർമ്മാർജ്ജനം - വായ്പാ തിരിച്ചടവ് - തുടർ നടപടി സ്വീകരിക്കാത്തത് മൂലം അനിശ്ചിതാവസ്ഥ

സർക്കാർ ഉത്തരവ് എ1 / 3326/99 /23-03-2001 പ്രകാരം ദേശീയ ചേരി നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി പാലാ നഗരസഭയ്ക്ക് 383000 രൂപ വായ്പയിനത്തിൽ അനുവദിച്ചു നൽകുകയും തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ വായ്പ തുക കൃത്യമായി സർക്കാരിലേയ്ക്ക് തിരിച്ചടവാക്കാൻ കഴിയാതെ വന്നതിനെ തുടർന്ന് ലോൺ തുക ഗ്രാന്റായി അനുവദിയ്ക്കുകയോ പ്ലാൻ ഫണ്ടിൽ നിന്ന് ഒടുക്കുന്നതിന് അനുമതി ലഭ്യമാക്കുകയോ ചെയ്യണമെന്ന് കാണിച്ച് 12/01/2010 , 03/06/2010, 03/08/2010 തീയതികളിൽ സർക്കാരിലേയ്ക്ക് കത്തയച്ചിട്ടുള്ളതുമാണ്. എന്നാൽ 2023-24 ലെ വാർഷികകണക്കുകൾ B6 ഷെഡ്യൂൾ പ്രകാരം നിലവിലും പ്രസ്തുത തുക സർക്കാറിലേയ്ക്ക് അടവാക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ലോൺ തുക അടവാക്കാനോ / ക്രമീകരിക്കാനോ തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറി (7 /17.01.25) യ്ക്ക് ഈ വിഷയത്തിൽ സർക്കാറുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി അറിയിച്ചു. ഈ വിഷയത്തിൽ ഇപ്രകാരമുള്ള ഒരു അനിശ്ചിതാവസ്ഥ നിലനിൽക്കുന്നത് ഭൂഷണമല്ല.വിഷയത്തിൽ അടിയന്തര തുടർനടപടി സ്വീകരിച്ച് ലോൺ ബാധ്യത ഒഴിവാക്കേണ്ടതാണ്.

1-44 ഭവന പുനരുദ്ധാരണം- പൂർത്തിയാക്കിയിട്ടില്ല

പ്രോജക്ട്	134/24- ഭവന പുനരുദ്ധാരണം ജനറൽ
അടങ്കൽ	2699000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ്	1825000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
നിർവ്വണോദ്യോഗസ്ഥൻ	ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി)

പദ്ധതി രജിസ്റ്റർ പരിശോധിച്ചതിൽ പ്രസ്തുത പദ്ധതി പ്രകാരം 2023-24, 2024-25 വർഷങ്ങളിൽ ഭവന പുനരുദ്ധാരണത്തിനായി 46 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം (25000 രൂപയുടെ രണ്ട് ഗഡുക്കൾ) നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ആദ്യ ഗഡുവായ 25000 രൂപ വീതം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവ്	നൽകിയ തുക (രൂപ)	ബിൽ വിശദാംശങ്ങൾ
1	അനു സുമേഷ്	25000	ബിൽ നം- 256/ 06.03.24- 75000 രൂപ (ധനകാര്യ

			കമ്മീഷൻ ഗ്രാന്റ്.)
2	ശാന്തമ്മ രാമൻകുട്ടി	25000	ബിൽ നം- 278/ 16.03.24- 150000 രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്.)

പരാമർശിത ഗുണഭോക്താക്കൾ നാളിതു വരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതിനായി നൽകിയ എൻകയറിക്ക് (നം 44/22-01-25) എഞ്ചിനീറിംഗ് വിഭാഗത്തിൽ നിന്ന് വാല്യുവേഷൻ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് രണ്ടാം ഗഡു അനുവദിച്ച് നൽകുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. പരാമർശിത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി രേഖകൾ സഹിതം വിവരമറിയിക്കേണ്ടതാണ്.

1-45-1 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വിവിധ പ്രോജക്ടുകൾ - തുക പൂർണ്ണമായി ചെലവഴിക്കാതെ സൂലേഖയിൽ ചെലവായി കണക്കാക്കിയിരിക്കുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് അടങ്കൽ തുകയായി വകയിരുത്തുകയും 2023-24 സാമ്പത്തിക വർഷം പൂർത്തിയാക്കാതിരുന്ന താഴെപ്പറയുന്ന പദ്ധതികളുടെ അടങ്കലിൽ അവശേഷിച്ചിരുന്ന തുക മുഴുവനും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) -ടെ LSGD/ PD/5562/2024-DPLD4 തീ. 14.03.2024 കത്തിലെ നിർദ്ദേശ പ്രകാരം പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ എന്നിവരുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്തിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) അക്കൗണ്ട് മാറ്റം നടത്തിയത്

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ പേര്	കൈമാറുന്ന തുക	വൗച്ചർ നം., തീയതി	കൈമാറുന്ന സ്ഥാപനം	അക്കൗണ്ട് നം.	ബാങ്ക്, ബ്രാഞ്ച്
1	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0295/2024 പോളി ഡെന്റൽ ക്ലിനിക്കിലേക്ക് ഉപകരണങ്ങൾ വാങ്ങൽ	3000000	22301422/ 01.03.2024	പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി	57028294804	എസ് ബി ഐ, പാലാ
2	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0296/2024 പോളി ഡെന്റൽ ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ	1000000	22301424/ 31.03.2024	പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി	57028294804	എസ് ബി ഐ, പാലാ
3	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0297/2024 360 ഡിഗ്രി എൻ സി ഡി ക്ലിനിക്കിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ	1950456	22301423/ 31.03.2024	പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി	57028294804	എസ് ബി ഐ, പാലാ
4	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0298/2024 360 ഡിഗ്രി എൻ സി ഡി ക്ലിനിക്കിലേക്ക് ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ	1587	22301433/ 31.03.2024	പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി	57028294804	എസ് ബി ഐ, പാലാ

		വാങ്ങൽ					
		ആകെ	5952043				
5	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0328/2024 പാലിയേറ്റീവ് പരിചരണ പദ്ധതി – പ്രൈമറി	417944	22301425/ 31.03.2024	ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ	110047344710	കാനറാ ബാങ്ക്, തിരുവനന്തപുരം ഫോർട്ട്
6	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0329/2024 പാലിയേറ്റീവ് പരിചരണ പദ്ധതി – സെക്കണ്ടറി	236711	22301427/ 31.03.2024	ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ	110047344710	കാനറാ ബാങ്ക്, തിരുവനന്തപുരം ഫോർട്ട്
7	മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ഹോസ്പിറ്റൽ	എസ് 0330/2024 ക്യാൻസർ കെയർ പ്രോജക്ട്	58203	22301429/ 31.03.2024	ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ	110047344710	കാനറാ ബാങ്ക്, തിരുവനന്തപുരം ഫോർട്ട്
		ആകെ	712858				
		ഒട്ടാകെ	**6664901**				

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പാക്കാതെ പ്രോജക്ട് കോസ്റ്റ് പൂർണ്ണമായും ചെലവായി സുലേഖയിൽ രേഖപ്പെടുത്തിയതിന്റെ സാഹചര്യവും വിശദമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/22.01.2025) മറുപടി ലഭ്യമായിട്ടില്ല.

ബി) തുക യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുള്ളത്

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് അടങ്കൽ തുകയായി വകയിരുത്തിയതിൽ താഴെപ്പറയും പ്രകാരം തുക 2023-24 വർഷം ചെലവഴിച്ചിട്ടുണ്ട്.

ക്രമ നം	പ്രോജക്ടിന്റെ പേര്	അടങ്കൽ തുക	ചെലവഴിച്ച തുക	മറ്റ് അക്കൗണ്ടുകളിലേക്ക് കൈമാറിയ തുക
1	എസ് 0297/2024 എൻ സി ഡി ക്ലിനിക്കിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ	2169350	218894	1950456
2	എസ് 0298/2024 എൻ സി ഡി ക്ലിനിക്കിലേക്ക് ആവശ്യമായ സ്റ്റേഷനറി സാമഗ്രികൾ വാങ്ങൽ	5000	3413	1587
3	എസ് 0299/2024 360 ഡിഗ്രി എൻ സി ഡി കെയർ സെന്ററിലേക്ക് മരുന്ന് വാങ്ങൽ	200000	200000	0
4	എസ് 0328/2024 പാലിയേറ്റീവ് പരിചരണ പദ്ധതി – പ്രൈമറി	1400000	982056	417944

5	എസ് 0329/2024 പാലിയേറ്റീവ് പരിചരണ പദ്ധതി – സെക്കണ്ടറി	1000000	763289	236711
6	എസ് 0330/2024 ക്യാൻസർ കെയർ പ്രോജക്ട്	205000	146797	58203
	ക്യാൻസർ	4979350	2314449	2664901

പൂർത്തീകരിക്കാതെ മറ്റ് അക്കൗണ്ടുകളിലേക്ക് തുക കൈമാറ്റം ചെയ്യപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ബാക്കി തുക നിലനിൽക്കുന്നുണ്ടെങ്കിൽ നിശ്ചിത ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്.

1- 45-2 ഹെൽത്ത് ഗ്രാന്റ് വകയിരുത്തി സെക്രട്ടറിക്ക് നിർവ്വഹണചുമതലയുണ്ടായിരുന്ന പ്രോജക്ടുകൾ - പ്രവൃത്തി പൂർത്തീകരണ വിവരം ലഭ്യമല്ല.

പാലാ നഗരസഭ ഹെൽത്ത് ഗ്രാന്റ് സ്കീം 6 ൽ ഉൾപ്പെടുത്തി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ചുവടെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) ന്റെ LSGD/PD/5562/2024-DPLD4 തീ. 14.03.2024 കത്തിലെ നിർദ്ദേശ പ്രകാരം പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി, നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടർ എന്നിവരുടെ അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

ക്രമ നം	നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ പേര്	കൈമാറുന്ന തുക	വൗച്ചർ നം / തീയതി	കൈമാറുന്ന സ്ഥാപനം	അക്കൗണ്ട് നം.	ബാങ്ക്
1	നഗരസഭാ സെക്രട്ടറി	286/2024 അർബൻ പോളി ക്ലിനിക്കിലേക്ക് ഉപകരണങ്ങൾ വാങ്ങൽ	2700000	22301089 /01-03-24 – 2685542 രൂപ 22301087 /01-03-24 – 14458 രൂപ	ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ	110047344710	കാനറാ ബാങ്ക്, തിരുവനന്തപുരം ഫോർട്ട്
2	സെക്രട്ടറി	എസ് 0283/2024 ഡേവിസ് നഗർ ഹെൽത്ത് & വെൽനെസ്സ് സെന്റർ – എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	371458	22301088 /01-03-24 – 371458 രൂപ	ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ	110047344710	കാനറാ ബാങ്ക്, തിരുവനന്തപുരം ഫോർട്ട്
3	സെക്രട്ടറി	300/2024 360 ഡിഗ്രി എൻ ഡി സി കെയർ സെന്ററിലേക്ക് ആവശ്യമായ ഫർണിച്ചർ വാങ്ങൽ ഹെൽത്ത് & വെൽനെസ്സ് സെന്റർ -	875650	22301093 /01-03-24 – 875650 രൂപ	പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റി	57028294804	എസ് ബി ഐ, പാലാ

		ആകെ	**3947108**				

മേൽ പ്രോജക്ടുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരം ഓഡിറ്റിൽ ലഭ്യമാക്കുന്നതിനും പദ്ധതി നടപ്പാക്കാതെ പ്രോജക്ട് കോസ്റ്റ് പൂർണ്ണമായും ചെലവായി സുലേഖയിൽ രേഖപ്പെടുത്തിയതിന്റെ സാഹചര്യം വിശദമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (47/22.01.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതും ബാക്കി തുക നിലനിൽക്കുന്നുണ്ടെങ്കിൽ നിശ്ചിത ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതുമാണ്.

1-45-3 പോളി ഡെന്റൽ ക്ലനിക് ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യം ഒരുക്കൽ- പ്രവൃത്തി ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം. 331/24
അടങ്കൽ- 2000000 രൂപ (ഹെൽത്ത് ഗ്രാന്റ്)
ചെലവ്- 2000000 രൂപ (ബിൽ നം. 324/ 25.3.24)
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
ഫയൽ നം. PW1- 1998405/24

പാലാ നഗരസഭയുടെ 2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും 2000000 രൂപ പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 57028294804, SBI പാലാ) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ 2023-24 വർഷം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പോലും പൂർത്തിയാക്കിയിരുന്നില്ല. 9.7.2024 ൽ മാത്രമാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. കുറവ് തുക കോട്ട് ചെയ്ത കരാറുകാരൻ ശ്രീ പ്രദീപ് ആറിന് 13.7.24 ൽ സെലക്ഷൻ നോട്ടീസ് നൽകി 26.7.24 ൽ കരാർ വെച്ചിട്ടുണ്ട്. കരാറുകാരൻ കോട്ട് ചെയ്ത തുക 873339.54 രൂപയാണ്. പ്രവൃത്തി പൂർത്തിയാക്കിയതായി കാണുന്നില്ല. പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ചുള്ള വിവരം ഓഡിറ്റിൽ ലഭ്യമാക്കണമെന്നും പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് തന്നെ പ്രോജക്ട് കോസ്റ്റ് പൂർണമായും ചെലവായി സുലേഖയിൽ രേഖപ്പെടുത്തിയതിന്റെ സാഹചര്യവും ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ 30/21.1.25-ാം നമ്പർ ഓഡിറ്റ് എൻകൗയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പ്രവൃത്തി ചെയ്യുന്നതിനുള്ള സ്ഥലം ഏതാണെന്ന് ഹോസ്പിറ്റൽ അധികൃതർ സ്ഥിരീകരിച്ച് തരാത്തതിനാലാണ് 2023-24 വർഷം പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതെ വന്നത് എന്നും ഗവൺമെന്റ് നിർദ്ദേശപ്രകാരമാണ് തുക കൈമാറിയിട്ടുള്ളത് എന്നും അറിയിച്ചു. ഇപ്രകാരം വൻതുക ട്രാൻസ്ഫർ ചെയ്യപ്പെട്ട പാലാ ജനറൽ ആശുപത്രി ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കാത്തതിനാൽ തുകയുടെ വിനിയോഗവിശദാംശങ്ങൾ ഓഡിറ്റിന് വിധേയമായിട്ടില്ല എന്ന സാഹചര്യവും നിലനിൽക്കുന്നു. പ്രവൃത്തി പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ച് വിവരം അറിയിക്കേണ്ടതും തുകയുടെ വിനിയോഗവിശദാംശങ്ങൾ രേഖാമൂലം ലഭ്യമാക്കേണ്ടതുമാണ്.

1-45-4 360''എൻസിഡി കെയർസെന്റർ അടിസ്ഥാനസൗകര്യമൊരുക്കൽ- കാര്യക്ഷമമല്ലാത്ത പ്രോജക്ട് നിർവ്വഹണം

പ്രോജക്ട് നമ്പർ	332/24
അടങ്കൽ	12,50000
ഫണ്ട്	ഹെൽത്ത് ഗ്രാന്റ്
ചെലവ്	1250000
ബിൽ/ചെക്ക്നമ്പർ	89004/- (ചെക്ക്നമ്പർ - 714159/23-12-24)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എൻജിനീയർ

ഹെൽത്ത് ഗ്രാന്റ് സ്കീം 13-ൽ ഉൾപ്പെടുത്തി പാലാ ഗവൺമെന്റ് ഹോസ്പിറ്റലിൽ നിലവിലുള്ള പുതിയ കെട്ടിടത്തിന്റെ ഒരു ഭാഗത്തായി 360 "എൻ.സി.ഡി കെയർസെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിനായി 12,50000/-വകയിരുത്തി 22-23വർഷം ആവിഷ്ക്കരിച്ചതാണ് പ്രോജക്ട്. സ്പിൽ ഓവറായി തുടരുന്ന പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ടെൻഡർ നടപടികളിലൂടെ പ്രദീപ്.ആർഎന്ന കരാറുകാരനെ പ്രവൃത്തി ഏൽപ്പിക്കുകയും 5-3-24-ൽ ടിയാനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരുന്നു. നഗരസഭയുടെ 2023-24ലെ വാർഷിക പദ്ധതിയുടെ വരവുചെലവുപത്രികപ്രകാരം പ്രോജക്ട് ചെലവ് 12,50000/- രൂപയാണ്. എന്നാൽ പ്രോജക്ട്ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഒന്നാം പാർട്ട് ബിൽപ്രകാരം വേലമൂല്യവും ആയതിന്റെ ജി എസ്.റ്റിയും ഉൾപ്പെടെ ആകെ 89,004/-രൂപ മാത്രമാണ്

നാളിതുവരെയുള്ള ചെലവ് രേഖയായി സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 11,60,996/-രൂയുടെ ചെലവുവിവരങ്ങൾ ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ബാക്കിയുള്ള ചെലവ് ഏതിനത്തിൽ നിർവ്വഹിച്ചതാണെന്ന് വ്യക്തമല്ല. ഇപ്രകാരം ആധികാരികമല്ലാത്തവിധം പ്രോജക്ട് ഫയൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. പ്രസ്തുത പ്രോജക്ട് ഒട്ടും തന്നെ കാര്യക്ഷമതയില്ലാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്.

മേൽ വിവരിച്ച പ്രകാരം പ്രോജക്ട് പൂർത്തീകരിച്ചിട്ടില്ലാത്തത് സംബന്ധിച്ചും വാർഷികപദ്ധതി വരവുചെലവുപത്രികപ്രകാരം 12,50000/- പ്രോജക്ട്ചെലവ് കാണിക്കാനിടയായ സാഹചര്യം സംബന്ധിച്ചും രേഖാമൂലം വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നൽകിയതിന് (നമ്പർ-3/17-1-25) ലഭ്യമാക്കിയ മറുപടിയിൽ എൻസിഡി കെയർ സെന്ററിനായി ആകെ 45ലക്ഷം രൂപ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്നുവെന്നും (സ.ഉ. (സാധാ) നം- 1078/2023/എൽഎസ്ജിഡി) ആയതിന് 5 പദ്ധതികൾ എറ്റെടുത്ത് ഡിപിസി അനുമതി ലഭിച്ചിരുന്നതാണെന്നും പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക കിഴിച്ച് ബാക്കിയുള്ളതുക പ്രിൻസിപ്പൽ ഡയറക്ടറുടെ 14-3-24-ലെ എൽ.എസ്.ജി.ഡി *പിഡി*5562/2024-ഡിപിഎൽഡി4നമ്പർ കത്തിലെ നിർദ്ദേശാനുസരണം എച്ച്.എം.സി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെന്നും അറിയിച്ചു. ഇപ്രകാരം അനുവദിക്കപ്പെട്ട ഫണ്ട് യഥാർത്ഥ ആവശ്യത്തിനായി വിനിയോഗിക്കാതെ കേവലം അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് യഥാർത്ഥമല്ലാത്ത വിവരം റിപ്പോർട്ട് ചെയ്യുന്നത് ഉചിതമായ പ്രവണതയല്ല. ഇക്കാര്യത്തിൽ രേഖകൾ സഹിതമുള്ള അധിക വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5-3-24-ൽ കരാർ വച്ച പ്രവൃത്തി കരാറുകാരൻ നാളിതുവരെ പൂർത്തീകരിച്ചില്ലാത്തത് സംബന്ധിച്ച് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ലാത്തപക്ഷം നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തിയാക്കി ചെലവുവിശദാംശങ്ങളും ധനവിനിയോഗസാക്ഷ്യപത്രവും സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്

1-45 ഹെൽത്ത് ഗ്രാന്റ്- 1.38 കോടിയിലധികം രൂപയുടെ പ്രോജക്ട് ചെലവ് അക്കൗണ്ട് ട്രാൻസ്ഫറിൽ പരിമിതപ്പെട്ടു

15-ാം ധനകാര്യക്കമ്മീഷൻ അവാർഡ്പ്രകാരം തദ്ദേശശ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ആരോഗ്യമേഖലാഗ്രാന്റ് 21-22 വർഷവും 22-23വർഷവും നഗരസഭയ്ക്ക് അനുവദിച്ച് ലഭിച്ചിരുന്നു. ആരോഗ്യമേഖലയിൽ പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കേണ്ട വ്യത്യസ്തങ്ങളായ 13 സ്കീമുകളാണുള്ളത്. ആയതിൽ നഗരഭരണസ്ഥാപനങ്ങൾക്ക് ബാധകമായ സ്കീമുകളുടെ വിവരവും ആയതുപ്രകാരം പാലാനഗരസഭയ്ക്ക് പ്രസ്തുത സ്കീമുകളിൽപ്പെടുന്ന വിവിധ പ്രോജക്ടുകൾക്കായി 21-22, 22-23 വർഷങ്ങളിൽ അനുവദിച്ച് ലഭിച്ച തുകകളുടെ വിവരവും ചുവടെ ചേർക്കുന്നു.

സ്കീം നമ്പർ	സ്കീം പേര്	2021-22 ൽ അനുവദിച്ച തുക	2022-23-ൽ അനുവദിച്ചതുക
5	Support For Diagostic Infrastrutures To The Primary Health Care Facilities-UPHCs	-	23,67,000 /-
6	Grants For Urban Health And Wellness Centres	82,00000/-	4,66000/-
7	Universalisation Of Palliative Care In Urban Pockets	24,00000/-	-
8	Comprehensive Projects For The Prevention , Early Detection Of Oral, Breast And Cervical Cancer	2,05000/-	-
9	Recurring Cost For UPHCsandCHCs/PHCs/FHCsiv	17,00000/-	

	Urban Area		
11	Establishment Of Poly Dental Clinics	60,00000/-	
13	360 Degree NCD Care Centres	4500000/-	
ആകെ		2,30,05,000/-	28,33000

മേൽപ്പറഞ്ഞപ്രകാരം ആകെ 2,58,38,000/-രൂപയാണ് ആരോഗ്യമേഖലാഗ്രാന്റിനത്തിൽ നഗരസഭയ്ക്ക് അനുവദിച്ച് ലഭിച്ചിട്ടുള്ള തുക.

ഹെൽത്ത്ഗ്രാന്റ്- ചെലവുവിവരങ്ങൾ

ഹെൽത്ത് ഗ്രാന്റിനത്തിൽ 21-22, 22-23 വർഷങ്ങളിൽ ലഭ്യമായ തുക തൻവർഷങ്ങളിൽ നഗരസഭ ചെലവഴിച്ചിട്ടില്ലാത്തതാണ്. ഓഡിറ്റ് വർഷം ഹെൽത്ത് ഗ്രാന്റ് വകയിരുത്തി വിവിധ സ്കീമുകൾ പ്രകാരം 20 പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് അംഗീകാരം ലഭിച്ചിരുന്നു. ആയതിൽ 14 പ്രോജക്ടുകൾക്ക് 2023-24ലെ വരവുചെലവുപത്രികപ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഓരോ സ്കീമിലും ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് എൻജിനീയർ ,സെക്രട്ടറി എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി അംഗീകാരം ലഭിച്ച വിവിധ പ്രോജക്ടുകൾ പ്രകാരം ആകെ 1,63, 25,514/-രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത് . എന്നാൽ പ്രസ്തുത തുകയിൽ പ്രോജക്ട് പ്രവർത്തനങ്ങൾക്കായി യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുള്ളത് 24,63,505/-രൂപ മാത്രമാണ്. ബാക്കി 1,38,62,009/-രൂപയും പാലാ താലൂക്കാശുപത്രി എച്ച്.എം.സി അക്കൗണ്ടിലേക്കും നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്. യഥാർത്ഥത്തിൽ ചെലവഴിക്കപ്പെടാതെ എച്ച്.എം.സി, എൻ.എച്ച്.എം അക്കൗണ്ടുകളിൽ നിലനിൽക്കുന്ന തുകയുൾപ്പെടെ ചെലവഴിച്ച തുകയായിട്ടാണ് നഗരസഭയുടെ വരവുചെലവുപത്രികയിൽ പ്രതിഫലിക്കുന്നത്. പ്രസ്തുത അപാകത സംബന്ധിച്ച വിശദാംശങ്ങൾ 1-45-1 മുതൽ 1-45-4 വരെയുള്ള ഖണ്ഡികകളിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടുള്ളത് കാണുക.

1-46 മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

നഗരസഭയിൽ സൂക്ഷിച്ചിട്ടുള്ള മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 വർഷം വിവിധ ആവശ്യങ്ങൾക്കായി ജീവനക്കാർക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഇവ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/18.01.2025) മറുപടി ലഭ്യമാക്കിയതിൽ മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ക്രമീകരിക്കാതെ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	ഫയൽ നം.	ചെക്ക് നം & തീയ്യതി	തുക	ആവശ്യം
1	PW3-4942/23	E-Pay CTW9075075/05.05.2023	10000/-	ടൌൺ ഹാളിലേയ്ക്ക് ഫാൻ വാങ്ങുന്നതിനും റിപ്പയർ ചെയ്യുന്നതിനും ഓവർസീയർ ശ്രീ. രാഹുൽ ആർ -ന് അനുവദിച്ച മുൻകൂർ തുക
2	G3-4369/23	E-Pay CTX3537226/09.06.23	15,000/-	നഗരസഭ കമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിക്കുന്ന അങ്കണവാടിയ്ക്ക് വൈദ്യുത കണക്ഷൻ എടുക്കുന്നതിന് ഓവർസീയർ ശ്രീ.അബി ജോൺസിന് അനുവദിച്ച മുൻകൂർ തുക
3	PW3-4942/21	E-Pay CTX4767188/17.06.23	22,000/-	ടൌൺ ഹാളിലെ വാട്ടർ ടാങ്കിന്റെ പൈപ്പ് മാറ്റി സ്ഥാപിയ്ക്കുന്നതിന് ഓവർസീയർ ശ്രീ.രാഹുൽ ആർ ന് അനുവദിച്ച മുൻകൂർ തുക
4	H3-8237/10(2)	E-Pay CTX 7368087/07.07.23	6000/-	KL 35 D 1347 ആംബുലൻസിൻ

				ജി.പി.എസ് ഘടിപ്പിക്കുന്നതിന് ശ്രീ.രഞ്ജിത്ത് ആർ ചന്ദ്രൻ ജെ.എച്ച്.ഐയ്ക്ക് അനുവദിച്ച മുൻകൂർ തുക
5	H3-7833/23	E-Pay CTX 7369436/07.07.23	7000/-	16-ാം വാർഡിൽ മാങ്കൂട്ടം കടവ് കുടിവെള്ള പദ്ധതിയുടെ കിണറിന് മുകളിലേയ്ക്ക് നിൽക്കുന്ന പാഴ് മരം മുറിച്ചു നീക്കുന്നതിന് ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനീഷ് സി.ജിയ്ക്ക് അനുവദിച്ച മുൻകൂർ തുക
6	PW3-9538/14	E-Pay CPBNVM6/09.08.23	10000/	നഗരസഭയിലെ ജനറേറ്റർ അറ്റകുറ്റപണി നടത്തുന്നതിനും സർവ്വീസിംഗിനുമായി ഓവർസീയർ ശ്രീ.സ്വരൂപ് ജെ.എൽ ന് അനുവദിച്ച മുൻകൂർ തുക
7	H2-13771/22	E-Pay CTY7313252/09.08.23	4300/-	KL-35K 2139 Swift Dezire കാറിന്റെ ബാറ്ററി മാറുന്നതുമായി ബന്ധപ്പെട്ട് ഓവർസീയർ ശ്രീ.സാബു റ്റി.പിയ്ക്ക് അനുവദിച്ച മുൻകൂർ തുക
8	PW3-10214/23	E-Pay CTY8444574/29.09.23 CTZ 2084619 /26.10.23	8000/- 4054/-	വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ വിച്ഛേദിച്ച കറന്റ് കണക്ഷൻ പുന:സ്ഥാപിയ്ക്കുന്നതിന് ഓവർസീയർ ശ്രീമതി അശ്വതിയ്ക് അനുവദിച്ച മുൻകൂർ തുകകൾ
9	G2-11344/23	E-Pay CT 23515850/06.11.23	50,000/-	നവകേരള നിർമ്മിതിയുടെ ഭാഗമായ പ്രവർത്തനങ്ങൾക്ക് ക്ലാർക്ക് ശ്രീ.ജെയിസൺ.വി.ജോസിന് അനുവദിച്ച മുൻകൂർ തുക
10	G2-11344/23	E-Pay CT 000BHAD4/12.12.2023	50,000/-	നവകേരള സദസ്സുമായി ബന്ധപ്പെട്ട വിളംബര ജാഥയുടെ ചെലവുകൾക്കായി ക്ലാർക്ക് ശ്രീ.ജെയിസൺ.വി.ജോസിന് അനുവദിച്ച മുൻകൂർ തുക
11	G2-12764/18	E-Pay CT00AKCNW8/25.01.2024	25,000/-	റിപ്പബ്ലിക്ക് ദിനാഘോഷ ക്രമീകരണത്തിനായി ക്ലാർക്ക് ശ്രീ.ജെയിസൺ.വി.ജോസിന് അനുവദിച്ച മുൻകൂർ തുക
12	H3-2950/19	E-Pay CT00BCWZH3/16.02.24	3969/-	KL-35 -G 8592 നം ടാങ്കർ ലോറിയിൽ ഘടിപ്പിച്ചിരിക്കുന്ന മോട്ടോർ റിപ്പയർ

				ചെയ്യുന്നതിന് ഓവർസീയർ ശ്രീ.ബിനു പൌലോസിന് അനുവദിച്ച മുൻകൂർ തുക
		ആകെ	215323/-	

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ച് കഴിഞ്ഞിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് മുൻകൂർ നൽകി മൂന്നുമാസത്തിനുശേഷം ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അടിയന്തരമായി തുക ചെലവഴിക്കേണ്ട ഒഴിവാക്കാനാവാത്ത സാഹചര്യങ്ങളിൽ മാത്രമാണ് ഇപ്രകാരം പൊതുചെലവുകൾക്കായി മുൻകൂർ അനുവദിക്കാവുന്നത്. മുൻകൂർ ക്രമീകരിക്കുന്നതിന് സമയബന്ധിതമായി ബില്ലുകളും ഉപവൗച്ചറുകളും സമർപ്പിക്കപ്പെടുന്നുണ്ടെന്നും ഇപ്രകാരം സമർപ്പിക്കപ്പെടുന്ന ബില്ലുകളുടെയും വൗച്ചറുകളുടെയും ആധികാരികത നഗരസഭാ തലത്തിൽ പരിശോധിച്ച് പാസ്സാക്കിയതിന് ശേഷവും റദ്ദാക്കിയതിന് ശേഷവും മാത്രമെ മുൻകൂർ ക്രമീകരിക്കപ്പെടുന്നുള്ളുവെന്ന് ഉറപ്പാക്കേണ്ടതുമാണ്.മേൽ നടപടിക്രമങ്ങൾ പാലിച്ച് മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 215323/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-47 കെ-സ്മാർട്ട് സമഗ്ര ഇ- ഗവേണൻസ് സംവിധാനം ഏർപ്പെടുത്തൽ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ - ഫയൽ സൂക്ഷിപ്പ് , സ്റ്റോക്ക് എൻട്രിയിലെ അപാകതകൾ

പ്രോജക്ട് നം , പ്രോജക്ട്	206/24, കെ-സ്മാർട്ട് സമഗ്ര ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തൽ - അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ
നിർവ്വഹണം	സെക്രട്ടറി
ഫയൽ നം	PW1-5932/23
ചെലവ്	285153 (വികസന ഫണ്ട് (പൊതു വിഭാഗം) (ബിൽ നം – 54/23.11.23 – 20358 രൂപ, ബിൽ നം – 89/25.03.24 – 63000രൂപ , ബിൽ നം – 87/25.03.24 – 53627രൂപ, ബിൽ നം 75/25.08.23 – 95610 രൂപ , ബിൽ നം 108/08.11.23 – 40250 രൂപ ,ബിൽ നം 109/08.11.23 – 12308 രൂപ)

നഗരസഭയിൽ കെ-സ്മാർട്ട് ഇ-ഗവേണൻസ് സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 2022-23 ൽ ആരംഭിച്ച് സ്പിൽ ഓവറായി തുടർന്നതാണ് പ്രസ്തുത പ്രോജക്ട്. കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ - നെറ്റ് വർക്കിംഗ് ഉപകരണങ്ങൾ വാങ്ങൽ, സെർവ്വർ റൂം സജ്ജീകരിക്കൽ എന്നിവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ പരിശോധന സാധ്യമാകാത്ത വിധം പ്രോജക്ട് ഫയൽ തീർത്തും ക്രമരഹിതമായാണ് കൈകാര്യം ചെയ്തിരിക്കുന്നത്. ട്രഷറി ബിൽ പകർപ്പിന് അനുബന്ധമായി ബന്ധപ്പെട്ട വാങ്ങലുകളുടെ ടാക്സ് ഇൻവോയ്സ്, സ്റ്റോക്ക് എൻട്രി വിവരങ്ങൾ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. വിവിധ ഉപകരണങ്ങൾ ഏതെല്ലാം സെക്ഷന് വിതരണം ചെയ്തെന്നുള്ള വിവരവും ലഭ്യമല്ല. ഉപകരണങ്ങളുടെ കമ്മീഷൻ/ ടെണ്ടർ വിവരങ്ങളും ചിട്ടപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ ഫയൽ ക്രമീകരിക്കേണ്ടതും , വാങ്ങിയ എല്ലാ ഉപകരണങ്ങളുടെയും വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കേണ്ടതുമാണ്. ഇപ്രകാരം തീർത്തും അലക്ഷ്യമായ രീതിയിൽ ഫയൽ സൂക്ഷിക്കുന്ന പ്രവണത കർശനമായി ഒഴിവാക്കേണ്ടതാണ്.ശരിയായ ഫയൽ മാനേജ്മെന്റിന്റെ അഭാവത്തിൽ മേൽവിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 2,85,153 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-48 മുനിസിപ്പൽ ഓഫീസ് നവീകരണം വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കൽ- പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം. 274/24
അടങ്കൽ- 250000 രൂപ (വികസന ഫണ്ട്)
ചെലവ്- 224938 രൂപ (ബിൽ നം. 61/8.8.23- 116605 രൂപ + ബിൽ നം. 72/24.8.23- 108333 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ
ഫയൽ നം. PW1- 3357/23

പാലാ നഗരസഭയുടെ 2023-24 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ടിൽ സിവിൽ പ്രവൃത്തികൾക്കായി വികസന ഫണ്ടിൽ നിന്നും 224938 രൂപ മേൽ ചേർത്തിരിക്കുന്ന ബില്ലുകൾ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പടെയുള്ള ഇനങ്ങൾ പൂർത്തിയാക്കിയതായി കാണുന്നില്ല. വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്ത് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 43/22.1.25-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. തുടർ പ്രോജക്ടുകൾ ഏറ്റെടുത്ത് വീഡിയോ കോൺഫറൻസ് റൂം സജ്ജീകരിക്കൽ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പൂർത്തീകരണത്തിന്റെയും ഭൗതീക നേട്ടം ആർജ്ജിച്ചതിന്റെയും വിവരങ്ങളുടെ അഭാവത്തിൽ 224938 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-49 അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല -തുകകളുടെ ക്രമീകരണ വിവരങ്ങൾ ലഭ്യമല്ല

നഗരസഭ വിവിധ ഏജൻസികൾക്ക് അഡ്വാൻസ് നൽകിയ / വിവിധ പ്രവൃത്തികൾക്ക് നിക്ഷേപിച്ച തുകകളുടെ പൂർണ്ണമായ വിശദാംശങ്ങൾ (മുന്നിരിപ്പ്, ആകെ നിക്ഷേപം, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്, നീക്കിയിരിപ്പ്) രേഖപ്പെടുത്തിയ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആകയാൽ നിക്ഷേപ പ്രവൃത്തികൾ യഥാർത്ഥത്തിൽ പൂർത്തീകരിച്ചവ, മുൻകൂർ തുകകൾ ക്രമീകരിച്ചവ എന്നീ വിവരങ്ങളൊന്നും ലഭ്യമാകുന്നില്ല. **B18 ഷെഡ്യൂൾ പ്രകാരം വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകൾ/ഫെസ്റ്റിവൽ അഡ്വാൻസിന്റെ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ എന്നിവ ചുവടെ ചേർക്കും പ്രകാരമാണ്.** മുൻകൂർ ക്രമീകരണം സംബന്ധിച്ചുള്ള ഓഡിറ്റ് എൻകയറി നം - 25/20.01.25 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചത് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ഏജൻസി	തുക	റിമാർക്സ്
1	460100400 ഫെസ്റ്റിവൽ അഡ്വാൻസ്	40000	2022-23 വർഷം നീക്കിയിരിപ്പായി അവശേഷിച്ച തുക 2000 രൂപ മാത്രമായിരുന്നു. 2023-24 വർഷം ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ അടവാക്കാത്ത ജീവനക്കാരുടെ വിവരവും ക്രമീകരിക്കുന്നതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് 2024-25 സാമ്പത്തിക വർഷം 40000 രൂപ തിരികെ ലഭിച്ചിട്ടുണ്ടെന്ന മറുപടി നൽകി. 2022-23 ലെ നീക്കിയിരിപ്പ് 2000 രൂപ ക്രമീകരിച്ചതിന്റെ വിവരം കൂടി ലഭ്യമാക്കേണ്ടതാണ്.
2	460100700 Miscellaneous Advance	1666228	അഡ്വാൻസ് വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല
3	460109900 Other Loan And Advances To Employees	1738126	അഡ്വാൻസ് വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല . മുൻവർഷത്തെ നീക്കിയിരിപ്പ് ക്യാരി ഓവർ ചെയ്തിരിക്കുന്നു.
4	460600300 കേരള വാട്ടർ അതോറിറ്റി(KWA)	3657820	AMRUT- പദ്ധതിയ്ക്കായി ഫണ്ട് ട്രാൻസ്ഫർ ചെയ്തത്. നിക്ഷേപ പ്രവൃത്തികളുടെ മുന്നിരിപ്പ്, വരവ്, തുക ക്രമീകരിച്ചത്,

			നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5	460600300 കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്(KSEB)	87918	പോസ്റ്റ് ഷിഫ്റ്റിംഗ് പ്രവൃത്തികൾക്കായി തനത് ഫണ്ട് ചെലവഴിച്ചത്. ക്രമീകരിച്ചതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

ധനകാര്യ പത്രികയിലെ വിവരങ്ങൾക്കനുസൃതമായ അനുബന്ധ രേഖകളും രജിസ്റ്ററുകളും സാമ്പത്തിക വർഷത്തെ മുന്നിരിപ്പ് ഉൾപ്പടെ വിശദാംശങ്ങൾ സൂക്ഷിക്കാതെയാണ് നഗരസഭയിൽ വിവിധ ഇടപാടുകൾ നടത്തുന്നത് എന്ന് വ്യക്തമാകുന്നു. കൃത്യമായ രജിസ്റ്ററിന്റെയും അനുബന്ധരേഖകളുടെയും പിൻബലമില്ലാത്തതിനാൽ അർഹമായ വിടവ് നികത്തൽ ഫണ്ട് നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്താൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കും എന്ന് ഓഡിറ്റ് എൻകയറിയ്ക്ക് മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വർഷങ്ങളായി ഓഡിറ്റ് റിപ്പോർട്ടിലൂടെ ആവർത്തിച്ച് നൽകുന്ന നിർദ്ദേശങ്ങൾ അവഗണിക്കുന്ന തെറ്റായ പ്രവണതയാണ് കാണുന്നത്. അടിയന്തിരമായി അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ ആധികാരികമായവിധം എഴുതി സൂക്ഷിക്കുന്നതിനും ഓഡിറ്റിനെ കൃത്യത ബോധ്യപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-50 വെൽനസ് സെന്റർ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നവിധം പ്രവർത്തനമാരംഭിച്ചിട്ടില്ല.

പ്രോജക്ട്	287/24
വകയിരുത്തൽ	1000000/-
ചെലവ്	149056/-
ബിൽ, ചെക്ക് നമ്പർ	104/6-11-23
എസ്റ്റിമേറ്റ് തുക (ഇലക്ട്രിഫിക്കേഷനു് 60000/-രൂപ ഉൾപ്പെടെ)	1000000/-

ഹെൽത്ത് ഗ്രാന്റ് സ്കീം 6-ൽ ഉൾപ്പെടുത്തി (Grants For Urban Health And Wellness Centres UPHCs) നഗരസഭയ്ക്ക് 21-22വർഷം 82 ലക്ഷം രൂപയും 22-23വർഷം 4,66000/-രൂപയും ഉൾപ്പെടെ ആകെ 86,66000/-രൂപ ലഭിച്ചിരുന്നു. ഡേവിസ് നഗറിൽ നഗരസഭയുടെ ഉടമസ്ഥതയിൽ നിലവിലുള്ള കെട്ടിടം ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററാക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. നവീകരണപ്രവർത്തനങ്ങൾക്കായി 22-23 വാർഷികപദ്ധതിയിൽ 1500000/-രൂപ വകയിരുത്തി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് ആവിഷ്ക്കരിക്കുകയും തുടർനടപടികളുടെ ഭാഗമായി സിവിൽ വർക്കുകൾക്ക് 7,11,282/-രൂപ എന്ന നിരക്ക് കോട്ട് ചെയ്ത പ്രദീപ് ആർ, പടേട്ട്താഴെ, അരുണാപുരം എന്ന കരാറുകാരന്റെ ടെൻഡർ അംഗീകരിക്കുകയും { 14-6-23-ലെ 16(1) കൗൺസിൽ തീരുമാനം} ചെയ്തു. കരാർ അംഗീകരിച്ചതായി കരാറുകാരന് അറിയിപ്പുനൽകുകയും (20-7-23-ലെ അംഗീകാരപത്രം) 24-7-23-ൽ എഗ്രിമെന്റ് വച്ച് 29-7-23-ൽ പ്രവൃത്തി ആരംഭിച്ചിരുന്നതായും ഫയലിൽനിന്നും ബോധ്യമാകുന്നു. കരാർ ചമച്ച് സ്ഥലം കൈമാറുന്നത് മുതൽ 6 മാസമായിരുന്നു പൂർത്തീകരണ കാലാവധി. NHM 19-9-23-ൽ സ്ഥലം സന്ദർശിക്കുകയും നിലവിലെ എസ്റ്റിമേറ്റിൽ മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് 3-10-23-ലെ കൗൺസിൽയോഗം അംഗീകരിച്ചിട്ടുമുണ്ട്. പ്രവൃത്തികൾ ഭാഗികമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 4-10-23 മുതൽ 27-10-23-വരെയുള്ള തീയതികളിലായി മൂല്യം നിർണ്ണയം നടത്തിയിട്ടുള്ളതായും ഒന്നാം പാർട്ട്ബിൽപ്രകാരം ജിഎസ് റ്റി ഉൾപ്പെടെ ആകെ 1,49,056/-രൂപ മൂല്യം നിർണ്ണയിച്ച് നിയമാനുസൃത റിക്കവറികൾക്കുശേഷം 1,40,844/-രൂപ കരാറുകാരന് അനുവദിച്ചിട്ടുള്ളതായും ഫയൽ രേഖകളിൽ നിന്നും വ്യക്തമാകുന്നു.

എന്നാൽ പ്രോജക്ടിന്റെ തുടർപ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയിട്ടുള്ളതും കരാർപ്രകാരമുള്ള സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിക്കാത്തത് സംബന്ധിച്ച് 19-6-24 ൽ കരാറുകാരന് അറിയിപ്പ് നൽകിയിട്ടുള്ളതായും ഫയലിൽനിന്നും ബോധ്യമാകുന്നു. തുടർന്ന് 20-6-23-ൽ 29-1-24 മുതൽ വിവിധ ഘട്ടങ്ങളായി 28-7-24 വരെയുള്ള കാലയളവുവരെ സമയം ദീർഘിപ്പിച്ച് നൽകുന്നതായും ആയതിലേക്ക് സപ്ലിമെന്ററി കരാർ ചമയ്കേണ്ടത് സംബന്ധിച്ച് കരാറുകാരനെ അറിയിച്ചിട്ടുള്ളതായും കാണുന്നു. ഇതനുസരിച്ച് പ്രവൃത്തി സമയം യഥാക്രമം 6/23 വരേയും, 9/23വരേയും, 2/24 വരേയും ദീർഘിപ്പിച്ചുനൽകണമെന്ന് കാണിച്ച് കരാറുകാരൻ 3 തവണ അപേക്ഷകൾ നൽകിയിട്ടുള്ളത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ 3 അപേക്ഷകളിലും തീയതി

രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്. മാത്രമല്ല മൂന്ന് അപേക്ഷകളിലും "സാങ്കേതികവും നാചാറലുമായ കാരണങ്ങളാൽ" പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായി എന്നാണ് കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോ കാലദൈർഘ്യത്തിനും യഥാർത്ഥ കാരണം രേഖപ്പെടുത്തി കരാറുകാരൻ അപേക്ഷ നൽകേണ്ടതാണ്. പ്രസ്തുത അപേക്ഷയിൽ നിർവ്വഹണോദ്യോഗസ്ഥൻ സമയം ദീർഘിച്ചുനൽകുന്നതിനടിസ്ഥാനമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും മേലുദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യേണ്ടതും ആയത് കൗൺസിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. നിലവിൽ പ്രവൃത്തികൾ തുടർന്ന് നടത്തിയതിന്റ അടിസ്ഥാനത്തിൽ രണ്ടാമത്തേയും മൂന്നാമത്തേയും പാർട്ട് ബില്ലുകൾ പ്രകാരം യഥാക്രമം 3,22200/-രൂപയും, 1,09944/-രൂപയും ഫൈനൽബിൽപ്രകാരം 2,57952/-രൂപയും ഉൾപ്പെടെ നാളിതുവരെ ആകെ 8,39,152/-രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുമുണ്ട്. എന്നാൽ അനുബന്ധപ്രോജക്ടുകൾ നടപ്പാക്കി വെൽനസ്സ് സെന്ററുകൾ നാളിതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. രേഖാമൂലം വിശദീകരണം ലഭ്യമാക്കുന്നതിനായി അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻകയറി നൽകിയതിന് (നം.51/23.012025) ലഭ്യമാക്കിയ മറുപടിയിൽ എൽ എച്ച് എം ൽ നിന്നും പ്രവൃത്തിയുടെ സാങ്കേതിക സഹായം ലഭ്യമാകാൻ വൈകിയതു കാരണമാണ് പ്രവൃത്തികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിട്ടതെന്നും, നിലവിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചു വരികയാണെന്നും, എല്ലാ പ്രവൃത്തികളും മാർച്ച് 20 നകം പൂർത്തീകരിക്കുന്നതാണെന്നും വിശദീകരണം നൽകി. ആവശ്യമായ എല്ലാ അനുബന്ധപ്രവൃത്തികളും പൂർത്തീകരിക്കുന്നതു കൂടാതെ സെന്ററുകളുടെ പ്രവർത്തനത്തിനായി യോഗ്യതയുള്ള ജീവനക്കാരെ നിയമാനുസൃത നടപടികളിലൂടെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയാക്കേണ്ടതാണ്. വെൽനസ് സെന്ററുകൾ കാലതാമസമില്ലാതെ പ്രവർത്തനമാരംഭിക്കേണ്ടതും ജനങ്ങൾക്ക് പ്രയോജനകരമായ തരത്തിൽ തുടർനടത്തിപ്പ് ഉറപ്പുവരുത്തേണ്ടതുമാണ്.

1-51 ഡെപ്പോസിറ്റ് റീഫണ്ട് - തുടർനടപടികളുടെ വിവരങ്ങളില്ല.

ഫയൽനമ്പർ- A3-10565/21

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലത്തിനെടുത്തിരുന്ന ശ്രീ.ബേബിസെബാസ്റ്റ്യൻ, ശ്രീ.ബാബുജോസഫ്, ശ്രീ. ബേബി ഇഗ്നേഷ്യസ് എന്നിവർ ഡെപ്പോസിറ്റായി നഗരസഭയിൽ അടവാക്കിയിരുന്ന തുക റീഫണ്ട് ചെയ്തുലഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.പാലാ മുനിസിഫ് കോടതിയിൽ യഥാക്രമം O.S No-90/2020, O.S.No-91/2020,O.S.No-92/2020 എന്നീ നമ്പരുകളിൽ കേസുകൾ ഫയൽചെയ്തിരുന്നു. ലേലക്കാർക്ക് ഡെപ്പോസിറ്റ് ഇനത്തിൽ തിരികെ നൽകാനവശേഷിച്ചിരുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലേലക്കാരൻ	തിരികെ നൽകാനുണ്ടായിരുത്ത തുക	വിവിധ ഘട്ടങ്ങളിലായി നൽകിയിട്ടുള്ള ആകെ തുക	തിരികെനൽകാനവശേഷിക്കുന്ന തുക
ബേബി സെബാസ്റ്റ്യൻ, ഉറുമ്പുകാട്	15,23,328/-	11,52000/-	3,71,326/-
ബേബി ഇഗ്നേഷ്യസ്	13,03,327/-	9,82000/-	3,71,326/-
ബാബുജോസഫ്, കൊച്ചേരിൽ, വലവൂർ	14,55,142	1073000	3,82142
ആകെ			10,74,795/-

ടി കേസുകളിൽ കോടതി നിർദ്ദേശപ്രകാരം 8-8-23-ൽ മീഡിയേഷന് ഹാജരാകുകയും തുക തിരികെ നൽകുന്നത് സംബന്ധിച്ച് ലഭിച്ച നിർദ്ദേശങ്ങൾ കൗൺസിലിൽ അവതരിപ്പിച്ചതിനെ തുടർന്ന് പലിശ ഒഴിവാക്കി ലഭിക്കുന്നതിനും, തുക 6 തവണകളായി 6 മാസംകൊണ്ട് തിരികെ നൽകുന്നതിനും അനുവദിക്കണമെന്ന് വീണ്ടും മീഡിയേഷനിൽ സംസാരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുമാണുണ്ടായത് (11-8-23-ലെ 3-ാം നമ്പർ അജണ്ട) . എന്നാൽ മീഡിയേഷനിൽ നഗരസഭയ്ക്കനുകൂലമായ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാൽ ബാക്കി നൽകാനുള്ള തുക പലിശ ഇല്ലാതെ ഒറ്റതവണയായി നൽകുന്നതിന് മാർച്ച്മാസംവരെ സമയം ആവശ്യപ്പെട്ട് വീണ്ടും മീഡിയേഷനിൽ സംസാരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി 16-9-23-ൽ കൂടിയ നഗരസഭാ കൗൺസിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. വിഷയവുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയ ഫയലിൽ തുടർനടപടികൾ സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ കൗൺസിൽ തീരുമാനപ്രകാരം

മീഡിയേഷനിൽ സെക്രട്ടറി ഹാജരായിട്ടുണ്ടോയെന്നും, ഈ വിഷയത്തിൽ മീഡിയേഷനിൽ നഗരസഭയ്ക്കനുകൂലമായ തീരുമാനമുണ്ടായിട്ടുണ്ടോയെന്നും, ഡെപ്പോസിറ്റ് തുകയിൽ ബാലൻസ് നൽകാനുള്ള തുക കക്ഷികൾക്ക് തിരികെ നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ സംബന്ധിച്ച് വ്യക്തതയില്ല. മേൽവിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻകയറി നൽകിയിരുന്നതിന് (നം-41/21-1-25) മറുപടിയും ലഭ്യമാക്കിയില്ല. 10,74,795/- രൂപ ബാലൻസ് നൽകാനുള്ള തുക തിരികെ നൽകുന്നതിന് കാലതാമസമുണ്ടാകുന്തോറും നഗരസഭയുടെ ബാധ്യത വർദ്ധിച്ചുകൊണ്ടേയിരിക്കുന്നതാണ്. ഈ വിഷയത്തിൽ മീഡിയേഷനിലെ അഭിപ്രായമനുസരിച്ച് ലേലക്കാർക്ക് നൽകാനുള്ള തുക അടിയന്തിരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികളുണ്ടാകേണ്ടതും പലിശബാധ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. കൂടാതെ കോടതി നിർദ്ദേശാനുസരണം വിഷയവുമായി ബന്ധപ്പെട്ട് നഗരസഭ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ പൂർണ്ണവിവരങ്ങൾ വിവരങ്ങൾ (തിരികെ നൽകുന്ന തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ) ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതും, റീഫണ്ട് സംബന്ധിച്ച വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കേണ്ടതുമാണ്.

1-52 ബാരൽ വിലയും ജി.എസ്.ടിയും തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തത്- അതത് ഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.

പാലാ നഗരസഭയിൽ 2023-24 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽ വിലയും ജി.എസ്.ടിയും ഈടാക്കിയത് " Sale Of Empties And Waste Materials" എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തതായി കാണുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഇതിനായി തുക ചെലവഴിച്ച അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 55/23.1.25-ാം നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബാരൽ വിലയും ജി.എസ്.ടിയും വേർതിരിച്ച് അതത് ഫണ്ടിലേക്ക് അടയ്ക്കുന്നതിന് അക്കൗണ്ട്സ് വിഭാഗത്തിന് നിർദ്ദേശം നൽകി തുടർ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. ബാരൽ വിലയും ജി.എസ്.ടിയും അതത് ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-53 അമൃത് പദ്ധതി - അവലോകനം

പ്രോജക്ട്	197/24അമൃത് പദ്ധതിക്ക് തുകനൽകൽ
ഫയൽ നമ്പർ	PW3-15733/21
ചെലവ്	14,97,820/-(സിഎഫ്സി-ടെഡ്ഫണ്ട്)

നഗരപ്രദേശങ്ങളിൽ മതിയായ മലിനജല നിർമ്മാർജ്ജന ശൃംഖലകളും ജലവിതരണവും ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 2015-ൽ ആരംഭിച്ചതാണ് കേന്ദ്രാവിഷ്കൃതമായ അമൃത് പദ്ധതി. (നിശ്ചിത ശതമാനം സംസ്ഥാന-നഗരസഭാ വിഹിതം ഉൾപ്പടെ)
കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട വിവിധ നഗരങ്ങളിലുള്ള ജലവിതരണത്തിലും മലിനജല നിർമ്മാർജ്ജനത്തിനും AMRUT (അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ) പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കാനുള്ള ചുമതല കേരള ജല അതോറിറ്റിക്കാണ്.

പ്രധാനഘടകങ്ങൾ

അമൃത് മിഷന്റെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

.ശേഷി നിർമ്മാണം

.പരിഷ്കരണം നടപ്പിലാക്കൽ

.മലിനജലത്തിന്റെയും സെപ്റ്റേജിന്റെയും ജലവിതരണവും പരിപാലനവും

.കൊടുങ്കാറ്റ് വെള്ളത്തിന്റെ ഡ്രെയിനേജ്

.നഗര ഗതാഗത സൗകര്യങ്ങളിൽ പുരോഗതി

.ഹരിത ഇടങ്ങളുടെയും പാർക്കുകളുടെയും വികസനം.

സമസ്ത മേഖലകളിലും സുസ്ഥിരമായ ജല ഉപഭോഗത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനും ശുദ്ധജല വിതരണം കാര്യക്ഷമമാക്കുന്നതിനും ജല വിതരണ മേഖലയിലെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും

വേണ്ടി നഗര തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തിയ പാലാ നഗരസഭ അർബൻ വാട്ടർ സപ്ലൈ സ്കീമിന് (അമൃത് 2 .0) Augmentation Of UWSS To Pala Municipality} 30 ലക്ഷം രൂപ ഓഫീസ് മാനേജ്മെന്റ് ചാർജ് (O& M) ഉൾപ്പെടെ വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ 5.26 കോടി രൂപയുടെ DPR ന് 24.11.2022 ലെ ജി.ഒ(ആർ.ടി)2906/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു.

കേന്ദ്ര വിഹിതം	2.481 കോടി
സംസ്ഥാനവിഹിതം	1.86 കോടി
നഗരസഭാവിഹിതം	0.62കോടി
ഓഫീസ് മാനേജ്മെന്റ് ചാർജ്	0 .3കോടി
ആകെ	5.261കോടി

പദ്ധതിയുടെ ഭാഗമായി നഗരസഭ, വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ, അമൃത് മിഷൻ ഡയറക്ടർ, മിഷൻമാനേജ്മെന്റ് യൂണിറ്റ് കേരള എന്നിവരുമായി 18-9-23-ൽ ത്രികക്ഷികരാറിലേർപ്പെട്ടിട്ടുള്ളതാണ്. കരാറനുസരിച്ച് 4 .961 കോടി രൂപയുടെ (ഓഫീസ് മാനേജ്മെന്റ് ചാർജ് ഒഴികെയുള്ള തുക) 12.5 ശതമാനമായ 62 ലക്ഷം രൂപ നഗരസഭാവിഹിതമായി അമൃത് മിഷന് നൽകേണ്ടതാണ്. ആയത് ബഹു വർഷ പ്രോജക്ടായി ഉൾപ്പെടുത്തുന്നിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും നഗരസഭാകൗൺസിൽ തീരുമാനിക്കുകയും (16.12.22 ലെ 32(21) നമ്പർ തീരുമാനം) 2022-23 വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം.240/23 പ്രകാരം നൽകിയ 500000/- രൂപ ഉൾപ്പെടെ ആകെ 25.93ലക്ഷം രൂപ നാളിതുവരെ മിഷൻ ഡയറക്ടറുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുള്ളതുമാണ്.

ഓഡിറ്റ് വർഷം 197/24 നമ്പർ പ്രോജക്ട്പ്രകാരം 14,97,820/- രൂപ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ടൈഡ് ഫണ്ടിൽനിന്നും നഗരസഭാവിഹിതമായി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നഗരസഭാവിഹിതമായി നാളിതുവരെ അനുവദിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	പ്രോജക്ട്	തുക
2022-23	240/23	500000/-
2023-24	197/24	14,97,820
24-25	288/24 (/25- സ്പിൽഓവർ	5,95,180/-
	ആകെ	25,93000/-

നഗരസഭയിൽ നടപ്പാക്കിയ പ്രവൃത്തികൾ /പ്രവർത്തനങ്ങൾ

ശേഷിനിർമ്മാണം, ഹരിത ഇടങ്ങളുടെയും പാർക്കുകളുടെയും വികസനം എന്നീ ഘടകങ്ങൾ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളാണ് ആദ്യഘട്ടത്തിൽ നഗരസഭയിൽ നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി പ്രോജക്ട്പ്രകാരം നടത്തിയ പ്രവർത്തനങ്ങളുടെ/നടപ്പാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് ടൈറ്റിൽ - Augmentation Of UWSS To Pala- Replacing Filter Media Of Water Treatment Plant

And Improving Distribution System

പ്രോജക്ട് - Laying Gravity Main From Puthanpallikkunnu General Tank To Kaveekkunnu Pumphouse – Pipe Laying

കരാർ 30/SE/PHCK/202324/17-10-23 -

മേൽ പ്രോജക്ട് നിർവ്വഹണം 27-10-23 ൽ ആരംഭിച്ചതായിട്ടാണ് ഫയലിൽ വ്യക്തമാക്കിയിട്ടുള്ളത്. പ്രോജക്ടിന്റെ എസ്റ്റിമേറ്റിലെ A മതൽ Eവരെ അപ്പന്റിക്സുകൾപ്രകാരമുള്ള പ്രവൃത്തിഇനങ്ങൾ ചുവടെ ചേർക്കുന്നു.

Appendix A - Laying Gravity Main From Puthenpallikkunnu GL Tank To Kannadiyurumbu Pumphouse- Supply Of Materials

Appendix B - Laying Gravity Main From Puthenpallikkunnu GL Tank To Kaveekkunnu – Supply Of Materials

Appendix C - Laying Distribution Lines And Providing FHTCs

Appendix-D - Construction Of New Sump Cum Pumphouse (1 Lakh Litre) At Kannadiyurumu

Appendix E - Road Restoration Work

മേൽപ്പറഞ്ഞതിൽ അപ്പന്റിക്സ് എ, ബി എന്നിവ പ്രകാരം ഗ്രാവിറ്റിമെയിൻ സ്ഥാപിക്കുന്നതിനും , അപ്പന്റിക്സ് സി പ്രകാരം വിതരണലൈൻ സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റനുസരിച്ചുള്ള സ്പെസിഫിക്കേഷനോടുകൂടിയ മെറ്റീരിയൽസ് (പൈപ്പുകൾ) സപ്ലൈ ചെയ്യുന്ന പ്രവൃത്തി മാത്രമാണ് 2023-24 വർഷം നടപ്പാക്കിയിട്ടുള്ളത്. പൈപ്പുകൾ വാങ്ങിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി സമർപ്പിച്ച ഒന്നാംപാർട്ട്ബിൽ പ്രകാരം ആകെമൂല്യം 85,60,201/- രൂപയായിരുന്നു. ആയതിന്റെ 80%- തുകയും (68,48,161)–12% ജിഎസ് റ്റിയും ഉൾപ്പെടെ ആകെ ചെലവ് 80,80,830/രൂപ നിർണ്ണയിക്കുകയും, നിയമാനുസൃത റിക്കവറികളും 2.5% റിടെൻഷനും കിഴിവു ചെയ്തതിനുശേഷം 72,24,810/രൂപ വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാപ്രവൃത്തികളും പൂർത്തീകരിച്ച് പ്രോജക്ടിൽ

വിഭാവനം ചെയ്തിരുന്നതരത്തിൽ ജലവിതരണം സാധ്യമാകുന്നുണ്ടെന്നു് നഗരസഭ ഉറപ്പുവരുത്തേണ്ടതുണ്ട് .

പദ്ധതിയുടെ ഭാഗമായി ഹരിത ഇടങ്ങളുടെയും പാർക്കുകളുടെയും വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 12-ാം മൈലിൽ കുട്ടികളുടെ പാർക്ക് നവീകരിക്കുന്നതിനായുള്ള 23 ലക്ഷം രൂപയുടെ പദ്ധതിരേഖ കൗൺസിൽ അംഗീകരിക്കുകയും വിശദമായ എസ്റ്റിമേറ്റ് അമൃത് മിഷന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം പദ്ധതിനിർവ്വഹണം ആരംഭിച്ചിട്ടില്ല.

നഗരസഭയുടെ പരിമിതമായ വിഭവശേഷിക്കപ്പുറമായ വിപുലമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള വിഭവസ്ത്രോതസ്സുകൾ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇത് പരിഗണിച്ച് ഡിപിആർ അനുസരിച്ചുള്ള ഓരോ ഘടകങ്ങൾക്കും വേണ്ടി പ്രത്യേകം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെ എല്ലാ പ്രവൃത്തി ഇനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി ഭൗതീക നേട്ടം ആർജ്ജിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നഗരസഭ നടത്തേണ്ടതാണ്. കൂടാതെ പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന സാധനസാമഗ്രികളുടെ ഗുണമേന്മയും, പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണവും ഫലപ്രാപ്തിയും ഉറപ്പുവരുത്തേണ്ടതും നിർവ്വഹണപുരോഗതി നിരീക്ഷിച്ചുപോരേണ്ടതുമാണ് . ആയതിലേക്ക് കുടിവെള്ളവും ശുചിത്വവും വർക്കിംഗ് ഗ്രൂപ്പംഗങ്ങൾ , വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റിയംഗങ്ങൾ, ബന്ധപ്പെട്ട വാർഡുകളിലെ ജനപ്രതിനിധികൾ ,പ്രോജക്ടിന്റെ ഫണ്ട്കൈമാറ്റത്തിന് ചുമതലപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ പ്രതിനിധാനം ചെയ്യുന്ന ശക്തമായ ഒരു മോണിറ്ററിംഗ് സംവിധാനം ഉണ്ടാകേണ്ടതും അനിവാര്യമാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

1-54 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ

മലിനീകരണം നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നിരവധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ പ്രധാനപ്പെട്ടവയാണ് 2016-ലെ ഖരമാലിന്യ ചട്ടങ്ങൾ, 2016- ലെ പ്ലാസ്റ്റിക് (വേസ്റ്റ് മാനേജ്മെന്റ് & ഹാൻഡ്ലിംഗ്) ചട്ടങ്ങൾ, 2016-ലെ ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ എന്നിവ. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 326 മുതൽ 345 വരെ വകുപ്പുകളിൽ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ചട്ടങ്ങളുടേയും വകുപ്പുകളുടേയും അടിസ്ഥാനത്തിൽ പാലാ നഗരസഭ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യ ചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും നരഗസഭ ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഹരിതകർമ്മസേനയെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ

ഗ്രാമ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം	26
ആകെ ജനസംഖ്യ	22056
ആൾ താമസമുള്ള വീടുകളുടെ എണ്ണം	4700
ആകെ ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം	**27**

നിലവിൽ ആകെ സേനാംഗങ്ങളുടെ എണ്ണം 27 ആണ് അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്നത്. മുനിസിപ്പാലിറ്റിയിൽ നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നുണ്ടെന്ന് ഫയലുകളിൽ നിന്നും പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തിയതിൽ നിന്നും ബോധ്യപ്പെട്ടു. വർഷത്തിലൊരിക്കൽ പ്രത്യേക ഡ്രൈവ് നടത്തി ചെരിപ്പ്, കുട, ബാഗ്, ചില്ലുകൾ എന്നിവ ശേഖരിക്കുന്നുണ്ട്. ഹരിത കർമ്മ സേനയുടെ പ്രവർത്തനഫലമായി മികച്ച രീതിയിൽ മാലിന്യ ശേഖരണം നടത്തി നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫി ൽ എത്തിച്ച് ക്ലീൻ കേരള കമ്പനി എന്ന സ്ഥാപനത്തിന് കൈമാറുകയുമാണ് ചെയ്യുന്നത്. പാതയോരങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന മിനി എംസിഎഫുകളുടെ സമീപം ജനങ്ങൾ അലക്ഷ്യമായി പ്ലാസ്റ്റിക്ക് പാഴ് വസ്തുക്കളും മറ്റ് മാലിന്യങ്ങളും വലിച്ചെറിയുന്ന അവസ്ഥയുണ്ട്. ഇത് മാലിന്യതരംതിരിക്കലിനായി ഹരിതകർമ്മസേനാംഗങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട്. ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിക്കുന്നുണ്ടെങ്കിലും മാലിന്യങ്ങൾ എം സി എഫിൽ കുന്നുകൂടിക്കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ പ്രകാരം കൃത്യമായ ഇടവേളകളിൽ തന്നെ മാലിന്യം ശേഖരിക്കാൻ കഴിയുന്നുണ്ട്. നഗരസഭയിലെ മുഴുവൻ വീടുകളേയും സ്ഥാപനങ്ങളേയും ഹരിതകർമ്മസേനയുടെ പ്രവർത്തനപരിധിയിൽ കൊണ്ട് വരുന്നതിനു് ഊർജ്ജിത ശ്രമങ്ങൾ നടന്നു വരുന്നു. എങ്കിലും ചിലയിടങ്ങളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിസ്സഹകരണം

ഉണ്ടാവുന്നുണ്ട്.

മാലിന്യം വേർതിരിക്കൽ

ശേഖരിക്കുന്ന അജൈവമാലിന്യം എം സി എഫിൽ തരം തിരിച്ച് സൂക്ഷിക്കുന്നുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി പാതയോരങ്ങൾ, പൊതു സ്ഥലങ്ങൾ, ജലസ്രോതസ്സുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ലെഗസി മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി കമ്പനിക്ക് നൽകുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നിലവിൽ നഗരസഭയിൽ ഇല്ല.

സാമൂഹിക അവബോധം സൃഷ്ടിക്കൽ

മാലിന്യസംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങളുടെ അവലോകന യോഗവും വിളിക്കുന്നുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

26 വാർഡുകളിലായി ആകെ ഹരിത കർമ്മ സേനാംഗങ്ങളുടെ എണ്ണം 27 ആണ്. ഹരിത കർമ്മ സേന അംഗങ്ങൾക്ക് ഒരു മാസം ശരാശരി 16000/- രൂപ വരുമാനം ലഭിക്കുന്നുണ്ട്. ഹരിത കർമ്മ സേനാംഗങ്ങൾക്ക് വേതനത്തിനായി വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കേണ്ടി വരുന്നില്ല.

അടിസ്ഥാന സൗകര്യങ്ങൾ

26 വാർഡുകളിലും മിനി എം സി എഫ് സജ്ജീകരിച്ചിട്ടുണ്ട്. നഗരസഭ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. ഹരിത സേനാംഗങ്ങൾക്ക് ഓഫീസ് മുറി, ഓഫീസ് ഫർണ്ണിച്ചർ, വസ്ത്രം മാറുന്നതിനുള്ള മുറി എന്നിവ എം.സി.എഫിൽ സജ്ജീകരിച്ചിട്ടില്ല. നിലവിൽ എം സി എഫിൽ ബെയ് ലിംഗ് മെഷീൻ യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. വലിയ വാഹനങ്ങൾ ഇറങ്ങുന്നതിനുള്ള സൗകര്യം എം സി എഫിൽ ലഭ്യമാണ്. മാലിന്യം ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേനയ്ക്കായി പ്രത്യേക വാഹനമുണ്ട്. ഹരിത മിത്രം ആപ്പ് ഉപയോഗിക്കുന്നതിനും വീടുകളിൽ ക്യൂആർ കോഡ് പതിപ്പിക്കുന്നതിനുമായുള്ള "ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിട്ടറിംങ്ങ് സിസ്റ്റം" പദ്ധതിയുമായി ബന്ധപ്പെട്ട് കെൽട്രോണിന്റെ നേതൃത്വത്തിൽ ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ക്യൂആർ കോഡ് പതിപ്പിക്കുന്ന പ്രവൃത്തി വീടുകളിലും സ്ഥാപനങ്ങളിലും പൂർത്തീകരിച്ചിട്ടുണ്ട്. കുടുംബശ്രീ മുഖേന ഹരിത കർമ്മ സേനാംഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പാടാക്കിയിട്ടുണ്ട്.

പാരിസ്ഥിതിക ആഘാതം

നഗരസഭയിലെ ചില വാർഡുകളിലെ മിനി എം സി എഫുകൾ മെയിൻ റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നതിനാൽ വൻതോതിൽ തരംതിരിക്കാത്ത മാലിന്യങ്ങൾ വഴിവക്കിലേയ്ക്ക് വലിച്ചെറിയുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. ഇത്തരം നടപടികൾ കർശനമായ നിരീക്ഷണ സംവിധാനത്തിലൂടെ തടയേണ്ടതാണ്.

MCF/RRF (Material Collection Facility/Resource Recovery Facility)

മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് നിലവിൽ എം.സി.എഫ് പ്രവർത്തിക്കുന്നത്. 26 വാർഡുകളിലും മിനി എം.സി.എഫു കൾ സ്ഥാപിച്ചിട്ടുണ്ട് .

മാലിന്യ കൈമാറ്റം

തരം തിരിച്ച് സൂക്ഷിച്ചിരിക്കുന്ന മാലിന്യം ക്ലീൻ കേരള കമ്പനി കൊണ്ടു പോകുന്നുണ്ടെങ്കിലും മാലിന്യങ്ങൾ എം സി എഫി ൽ കുന്നുകൂടുന്ന അവസ്ഥയുണ്ട്.

ഹരിത കർമ്മസേന നേരിടുന്ന പ്രധാന വെല്ലുവിളികൾ

യൂസർ ഫീ നൽകുന്നതിന് ആരംഭകാലഘട്ടങ്ങളിൽ ജനങ്ങൾക്കും കടയുടമകൾക്കും ബുദ്ധിമുട്ടുണ്ടായിരുന്നുവെങ്കിലും നിലവിൽ സ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട് . എങ്കിലും ചില വീടുകൾ/ സ്ഥാപനങ്ങൾ നിലവിലും കൃത്യമായി യൂസർഫീ നൽകാതെയുണ്ട്. യൂസർഫീ പിരിവിലെ കുറവ് ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാനത്തെയും ബാധിക്കുന്നുണ്ട്. മാലിന്യങ്ങൾ വലിയ അളവിൽ തരംതിരിക്കേണ്ടി വരുന്നത് ഹരിതകർമ്മസേനാംഗങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. കൂടാതെ ഹരിത കർമ്മ സേനാംഗങ്ങളിൽ പലരും ശ്വാസകോശ/ ത്വക്ക് രോഗങ്ങൾമൂലം ബുദ്ധിമുട്ട് നേരിടുന്നതായും അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുന്നതിനായി പ്രത്യേകിച്ചും മഴക്കാലത്ത് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നു. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

ഹരിത കർമസേനാപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രധാന ശുപാർശകൾ

1. തരം തിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങളിൽ റീസൈക്കിൾ ചെയ്യാൻ കഴിയുന്നവ ശേഖരിച്ച് റീസൈക്ലിംഗ് നടത്തുന്ന സംരംഭം തുടങ്ങുന്നത് മാലിന്യ നിർമ്മാർജ്ജനത്തിനും ഹരിതകർമ്മ സേനാംഗങ്ങളുടെ വരുമാന വർദ്ധനയ്ക്കും സഹായകരമാകുന്നതാണ്.

2 പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക- വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

3 പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 ഹരിത കർമസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.

5 വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവയിൽ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

6 ഹരിതകർമസേനാംഗങ്ങളുടെ തൊഴിൽമാന്യത ഉറപ്പു വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കാവുന്നതാണ്.

7 ഹരിത കർമസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.

8 ഹരിതകർമസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

9 ഹരിത കർമ്മ സേനാംഗങ്ങൾക്ക് സാമ്പത്തിക കൈകാര്യ വിഷയങ്ങളിൽ കൂടുതൽ പരിശീലനങ്ങൾ നൽകാവുന്നതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2023-24	25.09.2024	14.01.2025

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ്

ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2023-24 ൽ സംയുക്ത പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടില്ല.

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2022-23 വർഷത്തിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

2023-24 ൽ മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. (വാർഷിക കണക്കുകൾ പ്രകാരം)

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
തെക്കേക്കര ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	KURDFC/ ULB- 363/13/ 19.03.13	45000000	44161598	16453716	7493551	കൃത്യമായ വിവരം ലഭ്യമല്ല	60608252
കൊട്ടാരമറ്റം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം		59094000					
മൂന്നാനി ലോയേഴ്സ് ചേംബർ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം	KURDFC/ ULB- 373/14/ 21.06.19	23344382					
പി എം എ വൈ – ഭവന നിർമ്മാണം	ജി.ഓ(എംഎസ്) 34/18/16.03.18, ജി.ഒ(എംഎസ്) 110/18/13.08.18	1.02 കോടി	10893332	0	1120000	കൃത്യമായ വിവരം ലഭ്യമല്ല	9773332
ദേശീയ ചേരി നിർമ്മാർജ്ജനം	സ.ഉ(എംഎസ്) എ1-8326 /99/23-03-2001	383000	383000				383000

വാർഷികകണക്ക് പ്രകാരമുള്ള കെ യു ആർ ഡി എഫ് സി ലോൺ നീക്കിയിരിപ്പാണ് ചേർത്തിരിക്കുന്നത്. എന്നാൽ ലഭ്യമായ വിവരങ്ങളിൽ നിന്ന് കണക്കാക്കിയ നീക്കിയിരിപ്പ് വാർഷിക ധനകാര്യപത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് 53121763 രൂപയാണ്. KURDFC ലോൺ രജിസ്റ്ററിൽ മുന്നിരിപ്പ്, നീക്കിയിരിപ്പ് വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. PMAY ലൈഫ് ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2022-23 റിപ്പോർട്ട് പ്രകാരം KURDFC വായ്പ ഇനത്തിലുള്ള മുന്നിരിപ്പ് തുക 38412652 രൂപയും. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് തുക 44161598 രൂപയുമാണ് . പ്രസ്തുത വ്യത്യാസം 2023-24 ലെ കണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. മുന്നിരിപ്പ് , വരവ്, തിരിച്ചടവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചേർത്ത് വായ്പ രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. അപാകത വാർഷിക കണക്കുകളുടെ അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലോൺ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ ദേശീയ ചേരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് വാർഷികകണക്കുപ്രകാരമുള്ള തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല .

4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം നഗരസഭയുടെ സ്ഥിരനിക്ഷേപം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വാർഷിക കണക്കുകൾ പ്രകാരം)

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	94416
തൻവർഷം നിക്ഷേപിച്ച തുക (പലിശ)	12046
തൻവർഷം പിൻവലിച്ച തുക	-

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	106462
ബാങ്ക്	സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, പാലാ ടൗൺ
പലിശ നിരക്ക്	6.8%
കാലാവധി	15/06/22മുതൽ 15/06/24 വരെ

15/06/22 മുതൽ 15/06/24 വരെയുള്ള കാലയളവിലെ നീക്കിയിരിപ്പാണ് വാർഷികകണക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. യഥാർത്ഥത്തിൽ 15/06/22 മുതൽ 15/06/23 വരെയുള്ള കാലയളവിലെ തുകയായിരുന്നു വാർഷികകണക്കുകളിൽ ഉൾപ്പെടുത്തേണ്ടിയിരുന്നത്. പ്രസ്തുത കാലയളവിലെ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. അപാകത വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2023-24 കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മെന്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ക്യത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.

4-7 ഓഡിറ്റ് റിക്കവറി

2023-24 വർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്ററും അനുബന്ധരേഖകളും സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം 180400100 – Recovery From Employee എന്ന ഹെഡിലെ 3910 രൂപയുടെ വരവ് ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവാണോ എന്നതിൽ ക്യത്യതയില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000 മുതൽ 2001-02 വരെ		2003-04	6.4	ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പാഴ്ചെലവ്	നഗരസഭയ്ക്ക് ഉണ്ടായതായ 1644092/- രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭാ ചെയർമാനിൽ നിന്നും അന്നത്തെ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കുവാൻ LFAC(2010-11)യുടെ 27-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 94 ൽ നിർദ്ദേശിച്ചിരുന്നു.
		2011-12	പ്രവർത്തനാവലോകനം ഖ.3.2.13	തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾ	നിയമസഭാ സമിതിയുടെ പരിഗണനയിൽ
2015-16	3-1	2016-17	4.6.3	മുനിസിപ്പൽ പാർക്ക് നിർമ്മാണം -	നിയമസഭാ സമിതിയുടെ പരിഗണനയിൽ

					അശാസ്ത്രീയമായ ധനവിനിയോഗവും പ്രവർത്തന കലണ്ടറിന്റെ അപര്യാപ്തതയും പദ്ധതി പൂർത്തീകരിച്ചില്ല.	

4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ (രസീത് & പേയ്മെന്റ് പകാരം)	:	274324938.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് & പേയ്മെന്റ് പത്രിക പ്രകാരം)	:	246089648.00
ഓഡിറ്റ് വർഷത്തെ ആകെ വരവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	:	219575952.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം)	:	208202848.00
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2336357

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-35	1523025	ശ്രീ.ജൂഹി മരിയ ടോം, സെക്രട്ടറി
1-41	87918	ശ്രീ.ജൂഹി മരിയ ടോം, സെക്രട്ടറി
1-46	215323	ശ്രീ.ജൂഹി മരിയ ടോം, സെക്രട്ടറി
1-47	285153	ശ്രീ.ജൂഹി മരിയ ടോം, സെക്രട്ടറി
1-48	224938	ശ്രീ.സാം മാത്യൂ സാബു, അസി.എഞ്ചിനീയർ
ആകെ	2336357	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1990-91	എൽ.എഫ്.കെ. (എം.എൽ)1027/99/7.6.2000	-
1991-92	എൽ.എഫ്.കെ.(എം.എൽ)713/96-2.8.97/7.11.97	-
1992-93	എൽ.എഫ്.കെ. (എം.എൽ)742/97/18.6.98/ 9.12.98	-
1996-97	എൽ.എഫ്.കെ. (എം.എൽ)1166/10/5.1.11	-
1997-98	എൽ.എഫ്.കെ.(എം.എൽ) 921/01/ 16.11.2001 / 28.09.2001	-
1998-99 ചെലവ്	എൽ.എഫ്.കെ. (എം.എൽ)1282/01/9.4.02/ 7.10.02	-
1999-00	എൽ.എഫ്.കെ.(എം.എൽ) 922/07 /4.7.09/8.9.09	-
2000-01	എൽ.എഫ്.കെ.പി.8/626/15/15.4.16	-
2001-02	എൽ.എഫ്.കെ.പി.8/625/15/03.12.15	-
2002-03 ചെലവ്	എൽ.എഫ്.കെ.(എം.എൽ)264/06 /22.7.08/6.9.08	-
2003-04 ചെലവ്	എൽ.എഫ്.കെ.പി 8/628/15/3.12.15	-
2003-04 വരവ്	എൽ.എഫ്.കെ.പി 8/620/15/15.04.16	-
2004-05 (ചെലവ്)	എൽ.എഫ്.കെ. (എം.എൽ)924/07/4.7.09/ 8.9.09	-
2005-06 ചെലവ്	എൽ.എഫ്.കെ.(എം.എൽ)1260/10/ 16.07.11/03.08.11	-
2005-06 വരവ്	എൽ.എഫ്.കെ.പി8/627/15/10.08.15	-
2006-07	എൽ.എഫ്.കെ. (എം.എൽ)1319/10/07.01.11	-
2007-08	എൽ.എഫ്.കെ. (എം.എൽ)128/11/5.9.11	-
2008-09	എൽ.എഫ്.കെ.പി8/236/11/14.3.12	-
2009-10	എൽ.എഫ്.കെ.പി8/1622/11/20.4.12	-
2010-11	എൽ.എഫ്.കെ.പി8/7/12/11.7.12	-
2011-12	എൽ.എഫ്.കെ.പി8/344/13/31.5.13	-
2012-13	എൽ.എഫ്.കെ.പി8/379/15/4.6.15	-
2013-14	എൽ.എഫ്.കെ.പി8/769/15/28.01.16	-
2014-15	കെ.എസ്.എ-കെ.ടി.എം.പി-8/872/16/08.02.17	-
2015-16	കെ.എസ്.എ-കെ.ടി.എം.പി-17/656/17/	-

	18.03.18/21.03.18	
2016-17	കെ.എസ്.എ- കെ.ടി.എം.പി-17/1637/17/ 17.04.18	-
2017-18	കെ.എസ്.എ- കെ.ടി.എം.പി-17/192/19/ 20.09.2019	-
2018-19	നം.കെ.എസ്.എ- കെ.ടി.എം.പി.17/ 104/2020 /02.11.20	-
2019-20	നം.കെ.എസ്.എ- കെ.ടി.എം.പി.17/2087/2022/ 10.04.2023	-
2020-21	നം.കെ.എസ്.എ- കെ.ടി.എം.പി.17/199/2022/ 01.03.2024	-
2021-22	നം.കെ.എസ്.എ- കെ.ടി.എം.പി.17/282/2023/ 11.12.2023	-
2022-23	നം.കെ.എസ്.എ- കെ.ടി.എം.പി.17/171/2024/ 19.12.2024	-

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 21 dated 21 dated 29-07-2024 and submitted on 25-09-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pala Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pala Municipality as on 31-03-2024

Date: 27/03/2025 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pala Municipality for the Year 2023-2024.

1.Major Observations

1. The financial statements for the year ended on 31-03-2024 are subject to uncertainty to some extent, particularly regarding the position of assets and liabilities due to the integration challenges encountered during the transition from Saankhya Software to K-Smart Application. The Non -adaptability issues related to porting of data from K-Smart to Saankhya are detailed in the audit report as separate paragraphs (refer paras 1-1-1 to 1-1-4 & 1-6-2).

2.The annual receipt of some tax items as reflected in AFS differ from the some total of receipts for the period from 1-4-23 to 31-12-23 as per Saankhya and from 1-1-24 to 31-3-24 as per K-Smart , taken together.

3. The Balance sheet schedules viz B1- Municipal general fund , B2-Earmarked funds , B3- Reserves etc ,which were available in Saankhya software are not reflected there in K-smart application.

4. Only limited Login privilege is available for audit in K-smart application . For instance file search option and options for checking various forms and downloading the same are currently unavailable in K-smart. These factors currently limiting detailed audit.

5. The auto reconciliation tool in K-Smart application is not available from 01/04/2024 and manual reconciliation has not been done during this period.

6. Non Disclosure of Capital Contribution- Captal contribution opening balance details, fundwise capital contribution of current year are not available.
7. Deposit details are not properly recorded in deposit register- Hence the accuracy of the amount reflected as per B-7 schedule cannot be ascertained.

8. Non Disclosure of Assets-Assets not classified , evaluated and accounted-Asset Register has not been updated. Depreciation amount not seen adjusted in the value of fixed assets concerned, instead shown separately as accumulated depreciation.

2.Other Observations

1. Adequate data and adjustment details are not provided through for verifying capital work in progress .
2. Appropriation Control Register(ACR) has not maintained . Hence the correctness of B4
schedule which shows a liability of Rs 4.42 Cr. as on 31.03.24 cannot be ascertained
3. Advance register not maintained . Hence the correctness of B-18 schedule balances cannot be ascertained.
(B-18 Schedule is not reliable).
4. Correctness of amounts adjusted as prior periods cannot be ascertained.
5. DCB of various Accural items not prepared. Hence he correctness of B-15 schedule cannot be ascertained.
6. AUEGS Receipts & Payments in AFS does not match with Cashbook.
7. Mismatch in Loan balance amount accounted in B-5 schedule and B-16 schedule.
8.The entries up to 6/ 2025 has been reflected in Fixed Deposit Certificate and Investment Register produced for verification .
The AFS reflect the position of FD value wrongly as on 31-3-24 the entries upto 06/25.
Hence the interest for 2023-24 wrongly calculated and does not reflect the actual closing balance.
9. Two accounts of Health grant are incorrectly accounted as Health -Capital (320200206)
and Ayurveda -Capital (320200207) in B4 schedule
10.As the Pension Fund accounts are not kept separately and expenditure on account of
Pensionary claims are directly charged, wrongly against ownfund, absolute pension
expenditure is booked under the head for Pension Contribution remittance .
11.Library cess amount accounted in AFS not in match with the amount recorded in the file concerned .
No register is maintained for this purpose.
12.CFC (Tied) grant receipt and balance not in match with grant statement and AFS
13. The correctness of amounts entered in AFS under the head 431300299
Receivables for other fees (arrears) Rs 2228961 , 431409901 Other receivable
(current) Rs 12089539, 431409902 Other receivable (arrears)
Rs .75720065 , could not be ensured in the absence of supporting documents.

14.Opening balance and closing balance are not recorded in KURDFC loan register.
No such register is maintained for PMAY Life loan and unsecured loan.

15.Rs.6000/- accounted as liability under the head 350200125 in Schedule B-9 Audit
recovery is to be treated as own fund revenue (Refer audit report for the year 16-17)

Senior Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ പാലാ മുൻസിപ്പാലിറ്റിയുടെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്